# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 മേയ്, വോള്യം: 10 ലക്കം: 9

**എഡിറ്റോറിയൽ ബോർഡ്**

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08
**വർഗീയ ശക്തികൾക്കെതിരെ തൊഴിലാളി വർഗം യോജിച്ച് അണിനിരക്കുക**



**വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് 18-ാം കോൺഗ്രസ്**

18
ചെറുതോ വലുതോപ്രാദേശികമായതോ മേഖലാതലത്തിലുള്ളതോ ദേശീയമോ സാർവദേശീയമോ ആയ വർഗസമരങ്ങളാകട്ടെ അവയെല്ലാം തൊഴിലാളി സമരത്തിന്റെ ആഗോളവ്യവസ്ഥയുടെ ഭാഗമാണെന്ന സന്ദേശമാണ് കോൺഗ്രസ് നൽകുന്നത്.




**സുപ്രീം കോടതിയുടെ ചരിത്ര വിധി** 21

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 124 എ വകുപ്പ് ഉപയോഗിച്ച് ചുമത്തിയിട്ടുള്ള രാജ്യദ്രോഹകേസുകൾ മരവിപ്പിച്ചു കൊണ്ടുള്ള സുപ്രിം കോടതി ഉത്തരവ് നമ്മുടെ ജനാധിപത്യത്തിന്റെ സൗന്ദര്യവും പുരോഗമന മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെ വിജയവുമാണ്.




**ഇന്ത്യൻ സമ്പദ് വ്യവസ്ഥ വീണ്ടും മാന്ദ്യത്തിലേക്ക്** 25

**വിദ്വേഷ രാഷ്ട്രീയത്തിന്റെ ഇരകൾ** 36 ഡോ. പ്രദീപ് കുമാർ കെ.എസ്.

**അമേരിക്കയുടെ അടങ്ങാത്ത യുദ്ധാസക്തി** 40 വില്യം അസ്റ്റോർ

**ട്രേഡ് യൂണിയൻ ഐക്യത്തിനുള്ള പോരാട്ടം** 42 എൻ. പത്മലോചനൻ

**സംഘടനാ വാർത്തകൾ** 47

വാർഷിക വരിസംഖ്യ : 200 രൂപ.

മുഖപ്രസംഗം

# വർഗ്ഗീയതക്കെതിരെ വർഗ്ഗ ഐക്യം

വർഗീയതക്കെതിരെ ദേശവ്യാപകമായ പ്രചരണം സംഘടിപ്പിക്കുവാൻ ചണ്ഡിഗ ഡിൽ ചേർന്ന സിഐടിയു വർക്കിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചിരിക്കുകയാണ്. മതം, ജാതി, ഭാഷ, വസ്ത്രം, ഭക്ഷണം തുടങ്ങി വിവിധ വിഷയങ്ങളെ ആസ്പദമാക്കി ജനങ്ങളിൽ ഭിന്നത സൃഷ്ടിക്കാനും തമ്മിലടിപ്പിക്കാനുമാണ് സംഘപരിവാർ ശ്രമിക്കുന്നത്. ഭരണ കൂടത്തിനെതിരെ പതഞ്ഞുപൊങ്ങുന്ന ജനരോഷത്തെ അനൈക്യത്തിലൂടെ ദുർബ്ബല മാക്കാനുള്ള ഈ ശ്രമം മോഡി സർക്കാരിന്റെയും കോർപറേറ്റുകളുടെ അനുഗ്രഹാശി സ്സുകളോടെയുമാണ് അരങ്ങേറുന്നത്. കോർപറേറ്റ് മാധ്യമങ്ങൾ വർഗ്ഗീയശക്തികൾക്ക് ചൂട്ട് പിടിക്കുന്നു. തൊഴിലും കൂലിയും സംരക്ഷിക്കാൻ പോരാട്ടത്തിനിറങ്ങുന്ന തൊഴി ലാളിവർഗ്ഗത്തിന്റെയും കർഷകജനതയുടെയും സംഘടിതശക്തി ദുർബ്ബലമാക്കലാണ് ഇവരുടെ ലക്ഷ്യം. ഈ സാഹചര്യത്തിലാണ് വർഗ്ഗീയതക്കെതിരെ വർഗ്ഗഐക്യം എന്ന ആശയമുയർത്തിയുള്ള പ്രചരണം സംഘടിപ്പിക്കുന്നത്.

മതന്യൂനപക്ഷങ്ങൾക്ക് നേരെ സംഘടിതമായ ആക്രമണങ്ങളാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘപരിവാർ ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്നത്. സ്വാത ന്ത്ര്യാനന്തരം മതനിരപേക്ഷതയുടെ പേരിൽ ന്യൂനപക്ഷ പ്രീണനമാണ് നടത്തിയിരുന്ന ത് എന്നാണ് അവരുടെ ആരോപണം. മുസ്ലീങ്ങളുടെ ആരാധനാലയങ്ങൾ, താമസ സ്ഥ ലങ്ങൾ, ജീവിത ഉപാധികൾ, സാംസ്കാരിക ചിഹ്നങ്ങൾ, ഭക്ഷണരീതികൾ, വസ്ത്രങ്ങൾ എന്നിവയുടെ നേരെയെല്ലാം ആക്രമണം നടക്കുന്നു. സംഘപരിവാറിന്റെ പുതിയ ഭാഷ്യ ത്തിലുള്ള "മതേതരത്വ" രൂപമാണിത്.

സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ ദേശീയ നേതാക്കൾ വിഭാവനം ചെയ്ത ദേ ശീയതക്ക് പകരം ഒരു നൂറ്റാണ്ട് മുമ്പ് ആർ.എസ്സ്.എസ്സ്. രൂപം നൽകിയ "സാംസ്കാരിക ദേശീയത" സ്ഥാപിക്കലാണ് ലക്ഷ്യം. മുഹമ്മദലി ജിന്നയുടെ നേതൃത്വത്തിൽ മുസ്ലീംലീഗ് രൂപം കൊള്ളുന്നതിന്, വിനായക ദാമോദർ സവർക്കർ ആശയാടിത്തറ നൽകിയ 'ദ്വിരാ ഷ്ട്രം' എന്ന ആശയമാണ്ഇന്നത്തെ സംഘപരിവാർ ആക്രമണങ്ങളുടെ അടിത്തറ.

"ഓരോ ഹിന്ദുവിനും ഭാരത ഭൂമി അവന്റെ പിതൃഭൂമിയും പുണ്യഭൂമിയുമാണ്." രാജ്യത്തു ള്ള മുസ്ലീംക്രൈസ്തവരുടെ പൂർവ്വികർ ബലമായി മതപരിവർത്തനം ചെയ്യപ്പെട്ടവരാണെന്ന് സവർക്കർ വാദിച്ചു. "ഇവരെ ഇപ്പോൾ ഹൈന്ദവരായി പരിഗണിക്കാനാവില്ല. അവർക്ക് ഭാരതം പിതൃഭൂമിയാണെങ്കിലും പുണ്യഭൂമിയല്ല. അവരുടെ പുണ്യഭൂമി വിദൂര അറേബ്യൻ പ്രദേശവും, പാലസ്തീനുമാണ്" സവർക്കർ വാദിച്ചു.

തുടർന്ന് എം.എസ്.ഗോൾവാൾക്കർ കൂടുതൽ കാർക്കശ്യമുള്ള വ്യാഖ്യാനവുമായി രംഗത്ത് വന്നു. "ഒരു ഹിന്ദുവിന് അവന്റെ മാതാവിന്റെ ഗർഭപാത്രത്തിൽവെച്ച് തന്നെ ആദ്യ സംസ്കാരം ലഭ്യമാവുന്നു. ആയതിനാൽ നാം പിറന്നത് തന്നെ ഹിന്ദുക്കളായാണ്.

മറ്റുള്ളവർ പിറന്നത് ഈ വിധത്തിലല്ല. അവർ പിന്നീട് മുസ്ലീങ്ങളും, ക്രൈസ്തവരുമായി. ഈ സാഹചര്യത്തിൽ സമഭാവനക്ക് യാതൊരു സാദ്ധ്യതയുമില്ല" ഗോൾവാൾക്കർ.

പിന്നീട് ഈ പ്രശ്നത്തിന് ഇപ്പോഴത്തെ ആർ.എസ്സ്.എസ്സ്. മേധാവി കൂടുതൽ കാർക്കശ്യത്തോടെയുള്ള വ്യാഖ്യാനം നല്കി. "ആരുടെ രാജ്യമാണ് ജർമനി? അത് ജർമൻകാരുടെ രാജ്യമാണ്. ബ്രിട്ടൺ ബ്രിട്ടീഷുകാരുടേതാണ്. അമേരിക്ക അമേരിക്കക്കാരുടെ രാജ്യമാണ്. അത് പോലെ ഹിന്ദുസ്ഥാൻ ഹിന്ദുക്കളുട രാജ്യമാണ്. ഹിന്ദുസ്ഥാൻ മറ്റുള്ളവരുടെയും രാജ്യമല്ല എന്ന് ഇതിനർത്ഥമില്ല. ഹിന്ദു എന്ന പദത്തിന്റെ അർത്ഥം ഭാരതമാതാവിന്റെ എല്ലാസന്തതികളും എന്നാണ്, ഇന്ത്യൻ സംസ്കാരം ഉൾക്കൊണ്ട് ജീവിക്കുന്ന എല്ലാവരും." മോഹൻ ഭഗവത്. 2014 വരെ സംഘതത്വചിന്തകർ ഇന്ത്യയെക്കുറിച്ചുള്ള അവരുടെ സങ്കൽപ്പങ്ങൾ വ്യാഖ്യാനിക്കുകയായിരുന്നു. ആ സങ്കല്പത്തിനനുസരിച്ചുള്ള രാഷ്ട്രം പടുത്തുയർത്തലാണ് ഇപ്പോൾ നടക്കുന്നത്.

2014 ൽ നരേന്ദ്രമോദി, ഇന്ത്യൻ കുത്തകമുതലാളിത്തത്തിന് ഇഷ്ടപ്പെട്ട വികസന നായകൻ എന്ന നിലയിലാണ് ഭരണനേതൃത്വത്തിലേക്ക് ഉയർത്തപ്പെട്ടത്. സംഘപരിവാറിന്റെ നൂറുവർഷക്കാലത്തെ സ്വപ്നസാക്ഷാൽക്കാരത്തിനുള്ള ഏറ്റവും അനുയോജ്യനായ നേതാവുമായി മോഡി കണക്കാക്കപ്പെട്ടിരുന്നു.

ഗുജറാത്ത് കലാപം നടന്നത് മോഡി മുഖ്യമന്ത്രിയാവുന്ന കാലത്താണ്. മുസ്ലീം കൂട്ടക്കൊലക്ക് ശേഷം മോഡിയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു. "ഒരാൾ ഓടിക്കുന്ന കാറിന്റെ പിൻസീറ്റിലിരുന്ന് നാം യാത്രചെയ്യുകയാണെന്ന് സങ്കൽപിക്കുക. ഒരു നായ കാറിന്റെ അടിയിൽപെടുന്നു. അത് വേദനാജനകമാണോ? ചിലപ്പോൾ അങ്ങിനെയാവാം. ഞാൻ മുഖ്യമന്ത്രി ആണെങ്കിലും, അല്ലെങ്കിലും ഒരു മനുഷ്യനാണ്. എവിടെയെങ്കിലും അരുതാത്തത് സംഭവിച്ചാൽ അതിൽ ദു:ഖമുണ്ടാവുന്നത് സ്വാഭാവികം മാത്രം." മോഡിയുടെ നേതൃത്വത്തിൽ ഭരണം നടത്തിയിരുന്ന ഗുജറാത്തിൽ നൂറുകണക്കിന് മുസ്ലീങ്ങളെ കൊന്നൊടുക്കിയ ക്രൂരസംഭവത്തെ എത്ര നിസാരവൽക്കരിച്ചാണ് അദ്ദേഹം കണ്ടത്. അത്തരം ഒരു വ്യക്തിത്വമാണ് ഇന്ന് രാജ്യത്തിന്റെ ഭരണ നേതൃത്വത്തിലിരിക്കുന്നത്.

ഗുജറാത്ത് കലാപത്തിന് ശേഷം, നിസ്സഹായരായി അഭയാർത്ഥി ക്യാമ്പുകളിൽ എത്തപ്പെട്ട മുസ്ലീങ്ങളെ നോക്കി നരേന്ദ്രമോഡി പറഞ്ഞ വാക്കുകൾ ഇതാണ്. "നാം അഞ്ച് നമുക്ക് അമ്പത്" "അഭയർത്ഥിക്യാമ്പുകൾ സന്താനോൽപാദന കേന്ദ്രങ്ങളാണ്" ഇന്നത്തെ ഭരണത്തലവന്റെ മനോഗതി ഏത് തരത്തിലുള്ളതാണെന്ന് ഇതിൽ നിന്ന് വായിച്ചെടുക്കാനാവും.

ഈ സംഭവത്തിന് ശേഷമുണ്ടായ മാറ്റം, മോഡി എന്ന മുഖ്യമന്ത്രി പ്രധാനമന്ത്രി ആയി

എന്നതാണ്. ഉപമയിലെ "കാറി"ന് പകരം ഇപ്പോൾ "ബുൾഡോസറാ"ണ്. അതിനടിയിൽ പെടാൻ വിധിക്കപ്പെട്ടവർ ഭയാക്രാന്തരായി കഴിയുന്നു. ഹതഭാഗ്യരായ മുസ്ലീം ജനതയുടെ കൂരകൾക്ക് മേൽ ബുൾഡോസറുകൾ ഉരുണ്ടപ്പോൾ പ്രധാനമന്ത്രി മൗനത്തിലായിരുന്നു. മാധ്യമങ്ങളിൽ ഒരു വിഭാഗം, ക്രിക്കറ്റ് കളിയിൽ 'ബൗണ്ടറി'യും, 'സിക്സറും' അടിക്കുമ്പോൾ തുള്ളിച്ചാടുന്ന 'ചിയർഗേൾസി'നെപ്പോലെ ആഹ്ലാദതിമിർപ്പിലായിരുന്നു.

ജഹാംഗീർപുരിയിൽ പോലീസകമ്പടിയോടെ നൂറുകണക്കിന് ബുൾഡോസറുകൾ മുസ്ലീങ്ങളുടെ വീടുകൾക്കും, കടകൾക്കും, ആരാധനാലയങ്ങൾക്കും നേരെ ഉരുണ്ടപ്പോൾ വിലക്കാൻ ധീരമായി മുന്നോട്ട് വന്നത് സി.പി.ഐ.(എം) നേതാവ് ബൃന്ദകാരാട്ടും സിഐടിയു സഖാക്കളും മാത്രമായിരുന്നു. ആംആദ്മി പാർടിയെയോ, കോൺഗ്രസിനെയോ ആരും കണ്ടില്ല.

ഇന്ത്യ എന്ന സങ്കല്പത്തെ മനസ്സിൽ സൂക്ഷിക്കുന്ന ഒരാൾക്കും മൗനിയായിരിക്കാൻ പറ്റാത്ത സന്ദർഭമാണിത്. ഇപ്പോൾ എഴുന്നേറ്റ് നിന്ന് ഈ കിരാതത്വത്തിനെതിരെ ശബ്ദിക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നീടൊരിക്കലും ഒരാൾക്കും ശബ്ദിക്കാനാവില്ല. പ്രതിഷേധം രാജ്യസ്നേഹത്തിന് വേണ്ടിയുള്ള ഒരു സക്രിയ ചേഷ്ടയാണ്.

ബുൾഡോസറുകൾ യഥേഷ്ടം ഉരുളുന്ന കാലത്ത് രാജ്യസ്നേഹിയാവുന്നത് വളരെ എളുപ്പമുള്ളതല്ല. ജനങ്ങളെ നിശബ്ദരാക്കി നിർത്താൻ ചരിത്രാതീത കാലം മുതൽ ഏകാധിപതികൾ ശ്രമിച്ചിട്ടുണ്ട്. എക്കാലത്തേക്കുമായി ജനങ്ങളുടെ പ്രതിഷേധത്തെ അടക്കിനിർത്താനാവില്ല. പ്രതിഷേധം വെള്ളം പോലെ അതിന്റെ വഴി കണ്ടെത്തുക തന്നെ ചെയ്യും.

ഇപ്പോൾ നടക്കുന്ന എല്ലാ ആക്രമണങ്ങളുടെയും ലക്ഷ്യം 2024 ലെ തെരഞ്ഞെടുപ്പാണ്. ഹിജാബ് വിവാദം, ഗ്യാൻവാപി പള്ളി വിവാദം, ലൗജിഹാദ് മുറവിളി, ജഹാംഗീർപുരിയിലെ ഇടിച്ചുനിരത്തൽ, പൗരത്വ നിയമഭേദഗതി, ഏക സിവിൽകോഡ് നടപ്പാക്കാനുള്ള ശ്രമം തുടങ്ങിയവയെല്ലാം ഒരു തിരക്കഥയുടെ ഭാഗമാണ്.

1993 ൽ അയോദ്ധ്യയിലെ "ദിഗമ്പർ അഖാര"യിൽ വെച്ച് വി.എച്ച്.പി. നേതാവ് "മഹന്ത് രാമചന്ദ്ര പരമഹൻസ്" പറഞ്ഞു, രാമക്ഷേത്രനിർമാണം പുരോഗതിയിലാണെന്ന്. രാമജന്മഭൂമി പ്രസ്ഥാനത്തിന്റെ ചെയർമാനായിരുന്നു അദ്ദേഹം. സവർക്കർ "ഹിന്ദുത്വ" എന്ന ആശയം മുന്നോട്ട് വെച്ച 1923 ന് ശേഷം മുസ്ലീം വിരുദ്ധ പ്രചരണം നടന്ന് വരികയാണ് എന്നും 'മഹന്ത്' പത്രക്കാരോട് പറയുകയുണ്ടായി. വിവിധ രൂപത്തിൽ "ഹിന്ദുത്വ" പദ്ധതിയെ ആസ്പദമാക്കിയുള്ള പ്രസ്ഥാനം മുന്നേറുകയായിരുന്നു.

പരമഹൻസ് 2003 ൽ മരണപ്പെട്ടെങ്കിലും സംഘപരിവാർ ശക്തികൾ സവർക്കറുടെ പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിച്ച് തെരഞ്ഞെടുപ്പ് വിജയം നേടാമെന്ന് ഗുജറാത്ത് തെളിയിച്ചു. 1992 ൽ ബാബ്റി മസ്ജിദ് തകർക്കപ്പെട്ടതിന് ശേഷം 93 ൽ യുപിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ബിജെപി തോറ്റിരുന്നു. ദളിത്പിന്നോക്ക ജാതികളിൽപെട്ട ഭൂരിപക്ഷ ഹൈന്ദവജനത ബിഎസ്പി, എസ്പി എന്നീ പാർട്ടികളിൽ അണിനിരന്നതാണ് 'ഹിന്ദുത്വ' ശക്തികളെ തോല്പിച്ചത്. ഈ യാഥാർത്ഥ്യം മനസിലാക്കിയ സംഘപരിവാർ 1993 ൽ വി.എച്ച്.പി. അയോദ്ധ്യയിൽ സംഘടിപ്പിച്ച ഒരു പരിപാടിയുടെ സ്റ്റേജിലെ വലിയ ബോർഡിൽ ശ്രീരാമൻ, സീത

എന്നിവരോടൊപ്പം അംബേക്കറുടെ ചിത്രവും ചേർത്തു. സവർണമേധാവിത്വത്തിന് മേൽക്കോയ്മയുള്ള സംഘപരിവാർ പെട്ടെന്ന് ദളിത് ജനതയുടെ വക്താക്കളായത് 'രാഷ്ട്രീയ നേട്ടം' മാത്രം ലക്ഷ്യം വെച്ചായിരുന്നു. അധികാരം നേടാൻ ഏത് വേഷം കെട്ടാനും ഇക്കൂട്ടർ സന്നദ്ധമാവും. യുപിയിലെ തന്ത്രമല്ല 2002 ൽ ഗുജറാത്തിൽ പയറ്റിയത്. ക്രൂരമായ മുസ്ലീം വേട്ടയിലൂടെ ഹിന്ദുമുസ്ലീം ഭിന്നത വളർത്തി സംസ്ഥാനത്തെ ഭൂരിപക്ഷ സമുദായത്തിന്റെ വോട്ട് കരസ്ഥമാക്കലായിരുന്നു ലക്ഷ്യം.

കർണാടകത്തിൽ മുസ്ലീം പെൺകുട്ടികൾ ഭരിക്കുന്ന "ഹിജാബി" നെയാണ് വിവാദമാക്കിയത്. പോപ്പുലർ ഫണ്ട് എന്ന മുസ്ലീം വർഗ്ഗീയ സംഘടന ഈ പ്രശ്നത്തിൽ ഇടപെട്ട രീതി സംഘപരിവാറിന് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കി. 2023 ൽ നടക്കേണ്ട സംസ്ഥാനഅസംബ്ലി തിരഞ്ഞെടുപ്പാണ് കർണാടക ബിജെപിയുടെ ലക്ഷ്യം.

വാരണാസിയിലെ "ഗ്യാൻ വാപി മസ്ജിദ്" പുതിയ വിവാദകേന്ദ്രമാക്കി സംഘപരിവാർ മാറ്റി. ഈ മുസ്ലീം പള്ളിക്കുള്ളിൽ "ശിവലിംഗം" കണ്ടെത്തിയെന്നാണ് ഒരു വാദം. ഈ വാദമുയർത്തി ഹിന്ദുത്വവാദികൾ വാരണാസി ജില്ലാകോടതിയെ സമീപിച്ചു. കോടതി പള്ളി അടച്ചിടാൻ ഉത്തരവ് നൽകി. സുപ്രീംകോടതി ഇടപെട്ടാണ് പള്ളിയിലെ മുസ്ലീംങ്ങളുടെ ആരാധന തടയാൻ പാടില്ലെന്ന് വിധി പ്രസ്താവിച്ചത്.

1991 ലെ "ആരാധനാലയ സ്ഥലങ്ങളുടെ സംരക്ഷണം" എന്ന നിയമത്തിനെതിരാണ് വാരണാസി കോടതിവിധി. ആരാധനാലയ സ്ഥലം സംരക്ഷിക്കാൻ നിയമപ്രകാരം 1947 ആഗസ്റ്റ് 15 ന് ഇന്ത്യയിലെ ആരാധനാലയങ്ങൾ ആരുടെ കൈവശത്തിലാണോ അത് അപ്രകാരം സംരക്ഷിക്കപ്പെടണം എന്നാണ്. കോൺഗ്രസ്സ് സർക്കാരിന്റെ കാലത്ത് പാർലമെന്റ് പാസ്സാക്കിയ ഈ നിയമത്തിന്റെ പരിധിയിൽ ബാബ്റി മസ്ജിദ് ഉൾപ്പെട്ടിരുന്നില്ല. മറ്റുള്ള എല്ലാ ആരാധനാലയങ്ങൾക്കും നിയമം ബാധകമാണ്. എന്നിട്ടും വാരണാസിയിലെയും മധുരയിലെയും മുസ്ലീംപള്ളികൾ കൈവശപ്പെടുത്താൻ സംഘപരിവാർ നീക്കം തുടങ്ങിക്കഴിഞ്ഞു.

2022 മാർച്ച് 28, 29 തീയതികളിൽ നടന്ന ദേശീയ പണിമുടക്ക് ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ ഐക്യപോരാട്ടത്തിന്റെ ഉജ്ജ്വലവിജയമായിരുന്നു. സ്വകാര്യവൽക്കരണവിരുദ്ധ സമരങ്ങൾ കർഷകസമരങ്ങൾ തുടങ്ങിയവ ജനങ്ങളിൽ, സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായ പോരാട്ടങ്ങളുടെ ഉജ്ജ്വലമാതൃകകളാണ്. തൊഴിലില്ലായ്മ, വിലക്കയറ്റം, ദാരിദ്ര്യം എന്നിവ നേരിടുന്ന ജനങ്ങളെയാകെ കോർത്തിണക്കി ദേശവ്യാപകമായ സമര പ്രസ്ഥാനം കെട്ടിപ്പടുക്കാൻ തൊഴിലാളിവർഗ്ഗത്തിന് സാധിക്കണം. അതിനുള്ള പരിശ്രമത്തിലാണ് സിഐടിയു. ഈ സാഹചര്യത്തിലാണ് വർഗ്ഗീയതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത ചെറുത്തുനിൽപ്പും പ്രചരണവുമായി രംഗത്തിറങ്ങാൻ എല്ലാതൊഴിലാളികളോടും സിഐടിയു അഭ്യർത്ഥിച്ചത്.






# വർഗ്ഗീയ ശക്തികൾക്കെതിരെ തൊഴിലാളി വർഗ്ഗം യോജിച്ച് അണിനിരക്കുക

## സിഐടിയു സംസ്ഥാന ജനറൽ കൗൺസിൽ

**ജനങ്ങളുടെ സ്വൈരജീവിതം തകർക്കുന്ന വർഗ്ഗീയ കലാപങ്ങളെ അപലപിച്ചുകൊണ്ട് വർഗ്ഗീയതക്കെതിരെ തുടർച്ചയായ പ്രചരണം ഏറ്റെടുക്കുവാൻ കൗൺസിൽ അംഗീകരിച്ച പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. പൊതുമേഖലാ വ്യവസായങ്ങളെ കൈയ്യൊഴിയുകയും, സുപ്രധാനമായ രാജ്യത്തെ ആസ്തികൾ വിൽക്കാനും നീക്കം നടക്കുകയാണ്. ഇതിനെതിരെയും, എൽ.ഐ.സിയുടെ ഓഹരി വില്പന ഉപേക്ഷിക്കാനും വൻ ചെറുത്ത് നിൽപ് അനിവാര്യമാണ്.**






കേന്ദ്ര ബിജെപി സർക്കാർ നടപ്പിലാക്കികൊണ്ടിരിക്കുന്ന നവഉദാരവൽകരണ നയങ്ങൾക്കെതിരെ സംസ്ഥാനത്ത് അതിശക്തമായ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ മെയ് 15, 16– ന് നടന്ന സിഐടിയു സംസ്ഥാന ജനറൽകൗൺസിൽ ആഹ്വാനം ചെയ്തു. പൊതുമേഖലാ വ്യവസായങ്ങളെ കൈയ്യൊഴിയുകയും, സുപ്രധാനമായ രാജ്യത്തെ ആസ്തികൾ വിൽക്കാനും നീക്കം നടക്കുകയാണ്. ഇതിനെതിരായും, എൽ.ഐ.സിയുടെ ഓഹരി വില്പന ഉപേക്ഷിക്കാനും ആവശ്യപ്പെട്ട് എല്ലാ ട്രേഡ് യൂണിയനുകളെയും ചേർത്ത് വൻ ചെറുത്ത് നിൽപ് അനിവാര്യമാണെന്ന് കൗൺസിൽ യോഗം, തിരുവനന്തപുരത്ത് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡൻറ് സ: എ.കെ. പത്മനാഭൻ വ്യക്തമാക്കി. മാർച്ച് 28, 29 തീയ്യതികളിൽ നടന്ന ദ്വിദിന പണിമുടക്കിൽ അണിനിരന്ന കോടിക്കണക്കിന് തൊഴിലാളികളുടെ വികാരം ഉൾക്കൊള്ളാൻ ബിജെപി സർക്കാർ തയ്യാറാകണമെന്നും എ,കെ. പത്മനാഭൻ ആവശ്യപ്പെട്ടു.

ജനങ്ങളുടെ സ്വൈരജീവിതം തകർക്കുന്ന വർഗ്ഗീയ കലാപങ്ങളെ അപലപിച്ചുകൊണ്ട് വർഗ്ഗീയതക്കെതിരെ തുടർച്ചയായ പ്രചരണം ഏറ്റെടുക്കുവാൻ കൗൺസിൽ അംഗീകരിച്ച പ്രമേയത്തിലൂടെ ആവശ്യപ്പട്ടു. സംസ്ഥാനത്തെ 25 ലക്ഷം സിഐടിയു അംഗങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് ആലപ്പുഴ സമ്മേളനം തെരഞ്ഞെടുത്ത 340 സംസ്ഥാനകൗൺസിൽ അംഗങ്ങളാണ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തത്.

സംയുക്ത ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച "എൽഐസി സംരക്ഷണ സമിതിയുടെ ആഹ്വാന പ്രകാരമുള്ള പതിനായിരം ജനസഭകൾ വിജയിപ്പിക്കുവാൻ മുഴുവൻ പോളിസി ഉടമകളോടും സിഐടിയു സംസ്ഥാന ജനറൽ കൗൺസിൽ അഭ്യർത്ഥിച്ചു.

പുതിയ കേഡർ പരിശീലനത്തിനായി എറണാകുളത്ത് ജൂൺ 18, 19 തീയതികളിൽ സംസ്ഥാന പഠനക്യാമ്പ് സംഘടിപ്പിക്കും. എൽഐസി ഐപിഒക്കെതിരെ സംസ്ഥാന ശില്പശാല ജൂൺ മാസത്തിൽ തിരുവനന്തപുരത്ത് നടത്തുവാൻ തീരുമാനിച്ചു. സിഐടിയു സ്ഥാപകദിനത്തിന്റെ ഭാഗമായി മെയ് 28, 29, 30 തീയതികളിൽ സംസ്ഥാന വ്യാപകമായി വർഗീയതക്കെതിരെ ക്യാമ്പയിൻ സംഘടിപ്പിക്കും. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികമായ വരുന്ന ആഗസ്റ്റ് 7ാം തീയതി മുതൽ 14 വരെ "സാമൂഹിക് ജാഗരൺ" എന്ന വാരാചരണ പരിപാടി ജില്ലാകേന്ദ്രങ്ങളിൽ സംഘടിപ്പിക്കും. ജില്ലാ കൗൺസിൽ യോഗങ്ങൾ ജൂൺ 10 നകം പൂർത്തീകരിക്കും. 2022, ഡിസംബർ 17, 18, 19 തീയതികളിൽ സിഐടിയു സംസ്ഥാനസമ്മേളനം കോഴിക്കോട് ചേരാനും തീരുമാനിച്ചു. പാചകവാതക വിലവർദ്ധനവ് പിൻവലിക്കണം, വിലക്കയറ്റം തടയണം, അവശ്യമരുന്നുകളുടെ വിലവർദ്ധനവ് തടയണം. മോട്ടോർ വ്യവസായം, കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള വ്യവസായ മേഖലയെ സംരക്ഷിക്കുക എന്നീ പ്രമേയങ്ങൾ കൗൺസിൽ യോഗം ഏകകണ്ഠമായി അംഗീകരിച്ചു.

15 ന് രാവിലെ 9. 30 ന് സിഐടിയു സംസ്ഥാന പ്രസിഡൻറ് ആനത്തലവട്ടം ആനന്ദൻ പതാക ഉയർത്തി. അഖിലേന്ത്യാ നേതാക്കളായ ജെ. മേഴ്സിക്കുട്ടിയമ്മ, കെ.ഒ. ഹബീബ്, കെ. ചന്ദ്രൻപിള്ള, സംസ്ഥാനഭാരവാഹികളായ കെ.പി. സഹദേവൻ, കെ.പി. മേരി, എൻ. പത്മലോചനൻ, തൊഴിൽ വകുപ്പ് മന്ത്രി



വി. ശിവൻകുട്ടി, മുൻ മന്ത്രിമാരായ, ടി.പി. രാമകൃഷ്ണൻ, എ.കെ. ബാലൻ കൂടാതെ കെ.കെ. ജയചന്ദ്രൻ, കെ.എൻ. ഗോപിനാഥ്, കെ.എസ്. സുനിൽകുമാർ, എം.കെ. കണ്ണൻ, സി.എസ്. സുജാത, സുനിതാകുര്യൻ, പി.പി. പ്രേമ, പ്രസന്നകുമാരി, വി.സി. കാർത്യായനി, കൂട്ടായി ബഷീർ, അജയകുമാർ, ജയമോഹനൻ,വി. ശശികുമാർ, സി.കെ. ഹരികൃഷ്ണൻ, ഒ.സി. ബിന്ദു, യു.പി. ജോസഫ്, ജോസ് ടി എബ്രഹാം, ടി.കെ. രാജൻ, നെടുവത്തൂർ സുന്ദരേശൻ എന്നിവരും പങ്കെടുത്തു.

പ്രമേയ കമ്മിറ്റി കൺവീനർ വി.ശശികുമാറും, മിനിറ്റ്സ് കമ്മിറ്റിയിൽ നെടുവത്തൂർ സുന്ദരേശനും, അഡ്വ. പി. സജിയും, പ്രഭാവതിയും പ്രവർത്തിച്ചു.

ജനറൽ സെക്രട്ടറി സ: എളമരം കരീം. എം.പി പ്രവർത്തനറിപ്പോർട്ടവതരിപ്പിച്ചു. റിപ്പോർട്ടിന്മേൽ നടന്ന പൊതു ചർച്ചയിൽ മനോജ്(കോഴിക്കോട്), മോഹൻദാസ് (ആർട്ടിസാൻസ് യൂണിയൻ), ജയപ്രകാശ്(കോഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ), മലയാലപ്പുഴ മോഹനൻ (പത്തനംതിട്ട), കെ.കെ. രമേഷ്(കോട്ടയം), മണിമോഹനൻ (കാസർകോഡ്), സരള(പാലക്കാട്), മോഹനൻ(പാലക്കാട്), ഹരിലാൽ(കെ.എസ്.ഇ.ബി), ജിതേന്ദ്രൻ (മലപ്പുറം), സുന്ദരംപിള്ള (തിരുവനന്തപുരം), പി.ആർ. സോമൻ (ഇടുക്കി), കെ.വി.ഹരിദാസ് (തൃശ്ശൂർ), മനോഹരൻ(കൊല്ലം), അജി എം. ജി(എറണാകുളം), ചന്ദ്രബാബു(കണ്ണൂർ), ഗാനകുമാർ (ആലപ്പുഴ), എസ്. പുഷ്പലത (തിരുവനന്തപുരം) എന്നിവർ പങ്കെടുത്തു.

എം.എസ്.മുരളി, എം.കെ.മോഹനൻ, ബാബുരാജ്, ഇബ്രാഹിംകുട്ടി, വിനോദ്, മീരാനായർ, വി.ഡി.നന്ദകുമാർ, ജമീല.എം.ജി അജി, സായ്കുമാർ, സേതുലക്ഷ്മി, രമാദേവി, ഷാജി, കെ.ജി.ബിന്ദു, വിജയകുമാർ, അജിത്, രാജേന്ദ്രൻ എന്നിവർ രണ്ടാം ദിവസം ചർച്ചയിൽ പങ്കെടുത്തു. ജനറൽ സെക്രട്ടറി എളമരം കരീം ചർച്ചകൾക്ക് മറുപടി പറഞ്ഞു. ഭാവിപരിപാടികൾ വിശദീകരിച്ചു. പ്രസിഡന്റ് സ:ആനത്തലവട്ടം ആനന്ദൻ ഉപസംഹാരപ്രസംഗം നടത്തി. കെ.എൻ.ഗോപിനാഥ് കൃതജ്ഞത പറഞ്ഞു.



# തുടരുന്ന മുതലാളിത്ത പ്രതിസന്ധി




2008–09 ലെ ആഗോള പ്രതിസന്ധിയിൽ നിന്ന് കരകയറാൻ ലോകത്തിന് കഴിയാതെയിരിക്കവേയാണ് കോവിഡ് മഹാമാരി ലോകത്തെ കൂടുതൽ ആഴത്തിലുള്ള പ്രതിസന്ധിയിലേക്ക് തള്ളിവിട്ടത്. തൊഴിൽ നഷ്ടം, വരുമാനത്തിലെ ഇടിവ്, അധ്വാനിക്കുന്ന ഭൂരിഭാഗം ജനങ്ങളുടെയും തൊഴിൽ സാഹചര്യങ്ങൾ വഷളായത് തുടങ്ങിയവ അവരുടെ വാങ്ങൽ ശേഷി കുറച്ചു. തൃപ്തികരമായ ലാഭം ഉറപ്പുനൽകുന്ന നിക്ഷേപമാർഗങ്ങൾ കണ്ടെത്താൻ കഴിയാതെയും, ലാഭം ഉറപ്പുനൽകാതെ ഉൽപാദന പ്രക്രിയയിൽ നിക്ഷേപിക്കാൻ തയ്യാറാകാതെയും മുതലാളിത്ത വർഗം തങ്ങളുടെ മൂലധനം ഊഹക്കച്ചവടത്തിൽ വിന്യസിക്കാൻ ആരംഭിച്ചു. ഇതിന്റെ അനന്തരഫലമായി ഉൽപ്പാദനത്തിലും തൊഴിലവസരങ്ങളിലും പുരോഗതിയില്ലെങ്കിലും, ലോകമെമ്പാടുമുള്ള ഓഹരി വിപണികൾ ഉണർന്നു. അതേസമയം യഥാർഥ സമ്പദ്‌വ്യവസ്ഥയിൽ കാര്യമായ വളർച്ച ഉണ്ടാകുന്നുമില്ല. 2022ലെ ഉൽപ്പാദനം മഹാമാരിക്ക് മുമ്പുള്ള ആഗോള ഉൽപ്പാദന പ്രവചനങ്ങളേക്കാൾ രണ്ട്ശതമാനം കുറവായിരിക്കുമെന്നാണ് ലോകബാങ്ക് നിഗമനം. അമേരിക്കൻ സർക്കാരിന്റെ 1.9 ട്രില്യൺ ഡോളർ പാക്കേജ്, യൂറോപ്യൻ പാർലമെന്റിന്റെ 1.8 ട്രില്യൺ യൂറോ പാക്കേജ്, മോദി സർക്കാർ പ്രഖ്യാപിച്ച 20 ലക്ഷം കോടിയുടെ ആത്മനിർഭർ പാക്കേജ് എന്നിവ അധ്വാനിക്കുന്ന ജനങ്ങൾക്ക് ലഭ്യമാക്കിയ നേരിട്ടുള്ള ആനുകൂല്യം വളരെ പരിമിതമാണ്. പാക്കേജുകളിൽ കൂടുതലും വായ്പകൾക്കും മുൻകൂർ പണം നൽകുന്നതിനുമായിരുന്നു. ലാഭം വർധിപ്പിക്കാനുള്ള നവഉദാരവൽക്കരണ അജൻഡ മുന്നോട്ട് കൊണ്ടുപോകാൻ വെമ്പുന്ന വൻകിട ബിസിനസുകാർക്കും ധനമൂലധനത്തിനും ഇതൊരു നേട്ടമായിരുന്നു.

## തീവ്രമായ ചൂഷണം

2008ലെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച 'ചുരുക്കൽ നയങ്ങളുടെ' ഫലമായി, തൊഴിൽ ഉൽപ്പാദനക്ഷമത അതിവേഗം വർധിച്ചപ്പോഴും ബ്രിട്ടൻ, ഇറ്റലി, ജപ്പാൻ തുടങ്ങിയ വികസിത രാജ്യങ്ങളിൽ യഥാർഥ വേതനം കുറഞ്ഞു. 70 ശതമാനത്തോളം പേരും സാമൂഹിക സുരക്ഷാ പരിരക്ഷയില്ലാത്തവരോ അല്ലെങ്കിൽ ഭാഗികമായി മാത്രം പരിരക്ഷയുള്ളവരോ ആണ്. മഹാമാരി വരുന്നതിനു മുമ്പ് തന്നെ 2019നും 2020നുമിടയിൽ ആഗോള തൊഴിൽ വരുമാനം 10.7ശതമാനം കുറഞ്ഞിരുന്നു. ഇത് 2021ൽ കൂടുതൽ വഷളായി. അത്തരം തീവ്രമായ ചൂഷണവും കൊള്ളയും മുതലാളിത്തത്തിന്റെ സ്വഭാവവും രീതിയുമാണ്.

പ്രത്യക്ഷത്തിൽ പ്രതിസന്ധിയെ അഭിസംബോധന ചെയ്യുന്ന നവഉദാരവൽക്കരണത്തിന്റ നിർദേശങ്ങൾ ലാഭം വർധിപ്പിക്കാനാണ്. ഇതിനായി അവർ തന്നെ, ഒരു നീണ്ടുനിൽക്കുന്ന മുതലാളിത്ത പ്രതിസന്ധിക്കുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. അധ്വാനിക്കുന്ന ജനങ്ങളെ ചൂഷണം ചെയ്യുന്നതിലൂടെ ജനങ്ങളുടെ വാങ്ങൽ ശേഷി മെച്ചപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നു. ഇത് ആവശ്യം കുറയ്ക്കുകയും വളർച്ചയെ തടയുകയും ചെയ്യും. ഈ പ്രതിസന്ധി പരിഹരിക്കാൻ മുതലാളിത്ത വ്യവസ്ഥിതിക്ക് കഴിയില്ലെന്ന് വ്യക്തമാണ്.




അസമത്വത്തെക്കുറിച്ച് 2022ൽ ഓക്സ്ഫാം പുറത്തിറക്കിയ റിപ്പോർട്ടിന്റെ തലക്കെട്ട് 'അസമത്വം കൊല്ലുന്നു' എന്നാണ് പറയുന്നത് കോവിഡ് ആരംഭിച്ചതിനുശേഷം ലോകത്തിലെ 10% അതിസമ്പന്നരുടെ സമ്പത്ത് ഇരട്ടിയായി. അതേസമയം 99ശതമാനം മനുഷ്യരുടെയും വരുമാനം കുറഞ്ഞു, ലോകത്ത് 16 കോടിയിലധികം ആളുകളെ ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടു. കോവിഡ് കാലഘട്ടത്തിൽ ആമസോണിന്റെ ലാഭം കുത്തനെ വളരുകയും വളർച്ച തുടരുകയും ചെയ്തു. 2020നെ അപേക്ഷിച്ച് കഴിഞ്ഞ വർഷം വിൽപ്പനയിലെ വർധനവ് 22 ശതമാനമാണ്..

ലോകത്തിലെ ഏറ്റവും വലിയ ധനികനായ ആമസോണിന്റെ ജെഫ് ബെസോസ് 2021ൽ ബഹിരാകാശത്തേക്ക് 11 മിനിറ്റ് നീണ്ട ആഡംബര യാത്ര നടത്തി. അതേസമയം ആമസോണിലെ ഭൂരിഭാഗം തൊഴിലാളികൾക്കും അവരുടെ വാടക നൽകാൻ മതിയായ വേതനം ലഭിക്കുന്നില്ല. ആമസോൺ തൊഴിലാളികളുടെ യൂണിയൻ വൽക്കരണം ബെസോസ് അംഗീകരിക്കുന്നില്ല. അത് തടയാൻ കോടിക്കണക്കിന് ഡോളറാണ് ചെലവഴിക്കുന്നത്. എന്നാൽ ഏറ്റവും വലിയ വിരോധാഭാസം, നിങ്ങൾ യൂണിയൻ നീക്കത്തിനെ തടയാൻ തന്നെയാണ് പണം നൽകിയതെന്ന് പറഞ്ഞ് ഓരോ ആമസോൺ ജീവനക്കാരനും ഉപഭോക്താവിനും ബെസോസ് നന്ദി പറഞ്ഞു. ഒരു യൂണിറ്റിൽ നിന്നാരംഭിച്ച് ഇപ്പോൾ പതിയെ അമേരിക്കയിലെ ആമസോൺ, സ്റ്റാർബക്ക്സ് തുടങ്ങിയ എല്ലായിടങ്ങളിലും യൂണിയനുകൾ രൂപംകൊള്ളുകയാണ്. ഇതൊരു പ്രതീക്ഷാനിർഭരമായ കാഴ്ചയാണ്.

ഓക്സ്ഫാം പറയുന്നത് ബെസോസിന്റെ വരുമാനത്തിലുണ്ടായ വർധന ഉപയോഗിച്ച് ഭൂമിയിലുള്ള എല്ലാവർക്കും കോവിഡ് വാക്സിൻ നൽകാൻ കഴിയുമെന്നാണ്. കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിലെ 12.9ശതമാനം ആളുകൾക്ക് മാത്രമേ ഒരു ഡോസ് വാക്സിൻ എങ്കിലും ലഭ്യമായിട്ടുള്ളൂ. മറിച്ച് അതിസമ്പന്നർക്കും കുത്തക മുതലാളിമാർക്കും ഗുണം ചെയ്യുന്ന തരത്തിലാണ് സർക്കാരിന്റെ നയ രൂപീകരണം. നവലിബറൽ നയങ്ങൾ ലോകമെമ്പാടും ആധിപത്യം നേടിയ 1995 മുതൽ സമൂഹത്തിൽ ഏറ്റവും താഴെ തട്ടിലുള്ള 50ശതമാനം ആളുകളേക്കാൾ 20 മടങ്ങ് കൂടുതൽ ആഗോള സമ്പത്ത് ഏറ്റവും ഉയർന്ന ഒരുശതമാനം ആളുകൾ പിടിച്ചെടുത്തുവെന്നും റിപ്പോർട്ട് പറയുന്നു. അതിദാരിദ്ര്യത്തിൽ ജീവിക്കുന്നവരുടെ എണ്ണം 2021 അവസാനത്തോടെ 74.5 കോടിയാകും. അതായത് 10 കോടിയുടെ വർധന. സ്ത്രീകളിലെ തൊഴിലില്ലായ്മ 2020ൽ ലോക വരുമാനത്തിൽ കുറഞ്ഞത് 8000 കോടി ഡോളറിന്റെ നഷ്ടമുണ്ടാക്കും. അത്കൂടാതെ 2021ൽ 4.7കോടി സ്ത്രീകളെങ്കിലും ലോകത്ത് അതിദരിദ്രരാകും. 2019മായി താരതമ്യം ചെയ്യുമ്പോൾ 10.8 കോടി തൊഴിലാളികളും അവരുടെ കുടുംബങ്ങളും അതിദാരിദ്ര്യത്തിലാകും.

സിഐടിയു സംസ്ഥാന ജനറൽ കൗൺസിൽ റിപ്പോർട്ടിൽ നിന്ന്

# തൊഴിലില്ലായ്മ

ആഗോള തൊഴിലില്ലായ്മ 2022ൽ 2019ലെ 18.7 കോടിയിൽ നിന്ന് 20.5 കോടിയായി ഉയരും. ആഗോള പ്രതിസന്ധി മൂലമുള്ള തൊഴിലവസരങ്ങളുടെ കുറവ് 2020ൽ 7.5 കോടിയിലെത്തുമെന്നാണ് ഐഎൽഒയുടെ നിഗമനം. ആഗോള തൊഴിൽ സമയം 2020ൽ 8.8ശതമാനമാണ് കുറഞ്ഞത്. അത് 2.55 കോടി മുഴുവൻ സമയ തൊഴിൽ നഷ്ടത്തിന് തുല്യമാണ്.




പുരുഷന്മാരേക്കാൾ സ്ത്രീകളുടെ തൊഴിൽ കുറഞ്ഞു. 2019മായി താരതമ്യം ചെയ്യുമ്പോൾ 2020ൽ അഞ്ച് ശതമാനമാണ് കുറവ്. 2019ൽ അത് 3.9 ശതമാനവുമായിരുന്നു. ജോലി നഷ്ടപ്പെട്ട 10 സ്ത്രീകളിൽ ഒമ്പത് പേരും തൊഴിലാളികളുടെപട്ടികയിൽ നിന്ന് പോലും കുടിയിറക്കപ്പെട്ടു. അതായത് അവരെ തൊഴിലില്ലാത്തവരായി പോലും കണക്കാക്കിയില്ല. ആഗോളതലത്തിൽ, 2020ൽ യുവാക്കളുടെ തൊഴിൽ 8.7ശതമാനം കുറഞ്ഞു, മുതിർന്നവരിൽ ഇത് 3.7 ശതമാനമാണ്.

കോവിഡിനു മുന്നേയുണ്ടായിരുന്ന ഉയർന്ന തോതിലുണ്ടായിരുന്ന തൊഴിലില്ലായ്മ, തൊഴിൽ കുറവ്, മോശം തൊഴിൽ സാഹചര്യങ്ങൾ എന്നിവയിലേക്കാണ് തൊഴിലവസരത്തിലും ജോലിസമയത്തുമുള്ള  ഈ വൻ ഇടിവും വരുന്നത്.

# സാമ്രാജ്യത്വ കുതന്ത്രങ്ങൾ

മുതലാളിത്ത പ്രതിസന്ധിയ്ക്ക് പരിഹാരമായി നവഉദാരവൽക്കരണ നയങ്ങൾ നടപ്പാക്കിയ ആഗോള മൂലധനത്തിന് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകില്ല. എന്നാൽ, ജനകീയ സമരങ്ങളിലൂടെ ഇടതുപക്ഷം നേട്ടമുണ്ടാക്കുന്നത് തടയാനുള്ള തീവ്രശ്രമത്തിന്റെ ഭാഗമായി മതം, വർഗം, ജാതി, പ്രദേശം മുതലായവയുടെ പേരിൽ അവരെ ഭിന്നിപ്പിച്ച് തൊഴിലാളികളുടെയും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും ഐക്യം തകർക്കാനും അതുവഴി നവഉദാരവൽക്കരണ നയങ്ങൾക്കെതിരായ പോരാട്ടങ്ങളെ ദുർബലപ്പെടുത്താനും ശ്രമിക്കുന്നു.

ആഗോള മൂലധനത്തിന് അതിന്റെ നയങ്ങൾ അടിച്ചേൽപ്പിക്കാനും എണ്ണ, ധാതു വിഭവങ്ങൾ മുതലായ പ്രകൃതിവിഭവങ്ങളുടെ ഗതാഗതവും വിപണിയും  നിയന്ത്രിക്കാനും ആഗോളതലത്തിൽ അതിന്റെ ശക്തി ഏകീകരിക്കേണ്ടതുണ്ട്. ഏതെങ്കിലും തരത്തിലുള്ള വിപണിയിലെ മത്സരവും തങ്ങളുടെ ആധിപത്യത്തിനെതിരായ വെല്ലുവിളിയുടെ സാധ്യതകളും അവർക്ക് അംഗീകരിക്കാനാകില്ല.

അമേരിക്ക സാമ്പത്തികമായി ദുർബലമായെങ്കിലും, രാഷ്ട്രീയവും സൈനികവുമായ ഇടപെടലുകളിലൂടെ തങ്ങളുടെ ആഗോള

**മുതലാളിത്ത പ്രതിസന്ധിയ്ക്ക് പരിഹാരമായി നവഉദാരവൽക്കരണ നയങ്ങൾ നടപ്പാക്കിയ ആഗോള മൂലധനത്തിന് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകില്ല. എന്നാൽ, ജനകീയ സമരങ്ങളിലൂടെ ഇടതുപക്ഷം നേട്ടമുണ്ടാക്കുന്നത് തടയാനുള്ള തീവ്രശ്രമത്തിന്റെ ഭാഗമായി മതം, വർഗം, ജാതി, പ്രദേശം മുതലായവയുടെ പേരിൽ അവരെ ഭിന്നിപ്പിച്ച് തൊഴിലാളികളുടെയും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും ഐക്യം തകർക്കാനും അതുവഴി നവഉദാരവൽക്കരണ നയങ്ങൾക്കെതിരായ  പോരാട്ടങ്ങളെ ദുർബലപ്പെടുത്താനും ശ്രമിക്കുന്നു.**

## സിഐടിയു സംസ്ഥാന ജനറൽ കൗൺസിൽ റിപ്പോർട്ടിൽ നിന്ന്



മേധാവിത്വം ഉറപ്പിക്കാൻ തീവ്രമായ ശ്രമം തുടരുകയാണ്. സോഷ്യലിസ്റ്റ് ചൈനയുടെ വളർച്ച തങ്ങളുടെ ആധിപത്യത്തിന് ഭീഷണിയായി കാണുന്നു.

റഷ്യയെ ദുർബലമാക്കാനും ഇന്ധന ഗതാഗതത്തിന്റെ തന്ത്രപ്രധാനമായ പാതയിൽ നിന്ന് ഒഴിവാക്കാനുമായി അമേരിക്ക ഒരു പണിയായുധമായി ഉക്രെയ്നെ ഉപയോഗിക്കുകയാണ്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ സോഷ്യലിസത്തിന്റെ പതനവുമുണ്ടായ 1992ൽ ഉണ്ടാക്കിയ കരാർ ലംഘിച്ച് കിഴക്കോട്ട് നാറ്റോയെ വികസിപ്പിക്കാൻ അമേരിക്കയും യൂറോപ്യൻ യൂണിയനും ശ്രമിക്കുന്നുണ്ട്. ഉക്രെയ്ൻ നാറ്റോയിൽ ചേരുന്നത് റഷ്യയുടെ സുരക്ഷയ്ക്ക് നേരിട്ടുള്ള ഭീഷണിയായാണ് കണക്കാക്കുന്നത്. ഇതാണ് യുദ്ധമുണ്ടാകാനുള്ള പെട്ടെന്നുള്ള പ്രകോപനം. 2014ലെ അട്ടിമറിക്ക് ശേഷം അധികാരത്തിൽ വന്ന സർക്കാർ അന്നുമുതൽ ഐഎംഎഫ് നിർദേശങ്ങളാണ് നടപ്പാക്കുന്നത്.

ഉക്രൈനിലെ യുദ്ധം ജീവനാശത്തിലും കുടിയൊഴിപ്പിക്കലിലും മാത്രമായി പരിമിതപ്പെടുന്നില്ല. ലോകത്തെയാകെ ഈ യുദ്ധം ബാധിക്കും. ക്രൂഡ് ഓയിലും പ്രകൃതി വാതകവും ഇരുമ്പും ഉരുക്കും ഗോതമ്പും ഭക്ഷ്യ എണ്ണയും അടക്കമുള്ള ചരക്കുകൾ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽ മുന്നിലാണ് ഉക്രൈനും റഷ്യയും. ഈ ചരക്കുകളുടെ വിലക്കയറ്റം ലോകമാകെയുള്ള ജനങ്ങളെ പ്രതികൂലമായി ബാധിക്കും.

സാമ്പത്തിക ധനകാര്യ സംവിധാനത്തിൽ തങ്ങളുടെ ആഗോള ആധിപത്യത്തെയും സുസ്ഥിരതയെയും വെല്ലുവിളിക്കുന്ന രാജ്യങ്ങൾക്ക് എതിരെ ഡോളർ ശക്തി എന്ന ആയുധം ആണ് അമേരിക്ക ഉപയോഗിക്കുന്നത്. വലതുപക്ഷ ശക്തികൾക്ക് ചെല്ലും ചെലവും നൽകി ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളും മറ്റിടങ്ങളിലുമുള്ള പുരോഗമന സ്വഭാവമുള്ള സർക്കാരുകളെ അസ്ഥിരപ്പെടുത്തുകയാണ് അമേരിക്കൻ ലക്ഷ്യം. തങ്ങളുടെ സാമ്പത്തിക രാഷ്ട്രീയ സ്വാധീനത്തിന് ചൈന ഭീഷണി ആണെന്ന് കരുതുന്ന അമേരിക്ക ആ രാജ്യത്തെ നിയന്ത്രിക്കാനും ഒറ്റപ്പെടുത്താനും ശ്രമിക്കുന്നു.

**റഷ്യയെ ദുർബലമാക്കാനും ഇന്ധന ഗതാഗതത്തിന്റെ തന്ത്രപ്രധാനമായ പാതയിൽ നിന്ന് ഒഴിവാക്കാനുമായി അമേരിക്ക ഒരു പണിയായുധമായി ഉക്രെയ്നെ ഉപയോഗിക്കുകയാണ്. ഉക്രെയ്ൻ നാറ്റോയിൽ ചേരുന്നത് റഷ്യയുടെ സുരക്ഷയ്ക്ക് നേരിട്ടുള്ള ഭീഷണിയായാണ് കണക്കാക്കുന്നത്. ഇതാണ് യുദ്ധമുണ്ടാകാനുള്ള പെട്ടെന്നുള്ള പ്രകോപനം.**

സാമ്രാജ്യത്വ ശക്തികൾ നടത്തുന്ന യുദ്ധങ്ങൾ, അത് സൈനിക ആക്രമണങ്ങൾ ആകട്ടെ ഉപരോധം പോലുള്ള സാമ്പത്തിക ആക്രമണങ്ങൾ ആകട്ടെ അതിന്റെ ദുരന്തങ്ങൾ അനുഭവിക്കേണ്ടി വരുന്നത് ലോകമെമ്പാടുമുള്ള തൊഴിലാളികളും മറ്റ് സാധാരണ മനുഷ്യരുമാണ്. പ്രതിസന്ധി മറികടക്കാനുള്ള ചെലവ് ചുരുക്കൽ പ്രക്രിയ വഴി ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ ചെലവ് വെട്ടിക്കുറയ്ക്കുമ്പോൾ സൈനിക ചെലവുകൾ തുടർച്ചയായി വർദ്ധിപ്പിക്കുകയാണ്. അന്താരാഷ്ട്ര ആയുധ കച്ചവടം വർധിച്ചിരിക്കുന്നു. ആയുധം സംഭരിക്കാൻ ചെലവിടുന്ന സഹസ്ര കോടികൾ യഥാർഥത്തിൽ ഗുണം ചെയ്യുന്നത് ആധുനിക മുതലാളിത്ത ലോകത്തെ ആയുധ നിർമാണ രാജ്യങ്ങളായ അമേരിക്കയ്ക്കും ഫ്രാൻസിനുമാണ്.

അതുകൊണ്ടുതന്നെ നവലിബറൽ നയങ്ങൾക്ക് എതിരെയുള്ള പോരാട്ടം തൊഴിലാളികൾക്കു വേണ്ടിയുള്ള പോരാട്ടമാണ്. പ്രാദേശിക ദേശീയ തലത്തിൽമാത്രമല്ല സാർവദേശീയ തലത്തിൽ ഉള്ള തൊഴിലാളികൾക്ക് വേണ്ടിയുള്ള പോരാട്ടമാണത്. സാമ്രാജ്യത്വത്തിന് എതിരായ തൊഴിലാളി വർഗ്ഗ ഐക്യവും സമാധാനത്തിന് വേണ്ടിയുള്ള പോരാട്ടവും നമുക്ക് ശക്തിപ്പെടുത്തണം.

# ദേശീയ പ്രശ്നങ്ങൾ

രാജ്യത്തെ ജനങ്ങളെ ഒരുമിപ്പിച്ച സ്വാതന്ത്ര്യ സമരത്തിൽ, ഒരു പങ്കുമില്ലാത്ത ബിജെപിയും അതിന്റെ പ്രത്യയശാസ്ത്ര ഉറവിടമായ ആർഎസ്എസ്സും ചേർന്ന് ജനങ്ങളുടെ ഐക്യം തകർക്കാനായി മതത്തെയും പ്രദേശത്തെയും ഭാഷയെയും ജാതിയെയും ഒക്കെ ഉപയോഗിക്കുകയാണ്. വിരോധാഭാസമെന്നു പറയട്ടെ, ഹിന്ദുത്വ എന്ന അവരുടെ വിഭാഗീയ രാഷ്ട്രീയ അജൻഡ നടപ്പാക്കായി ഏകരാഷ്ട്രം എന്ന ആശയത്തെയാണ് അവർ ദുരുപയോഗിക്കുന്നത്. ഭഗത് സിങ്, സുഭാഷ് ചന്ദ്രബോസ്, അംബേദ്കർ തുടങ്ങി സ്വാതന്ത്ര്യസമരത്തിലെ ധീരനായകരെ അവർ അതിനായി ഏറ്റെടുക്കയാണ്. ജീവിതത്തിലുടനീളം വർഗീയതയ്ക്കും ജാതീയതയ്ക്കും എതിരെ പോരാടിയവരെ ഇങ്ങനെ ദുരുപയോഗിക്കുന്നതുവഴി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ്. ദളിത്, ആദിവാസി വിഭാഗങ്ങളുടെയും സ്ത്രീകളുടെയും അവകാശങ്ങൾക്കുവേണ്ടി പൊരുതിയ മറ്റനേകം നേതാക്കളെയും സ്വന്തമാക്കാൻ ശ്രമിക്കുമ്പോൾ തന്നെ ജാതിവ്യവസ്ഥയെയും ദളിതർക്കു നേരെയുള്ള അടിച്ചമർത്തലുകളെയും ശക്തമായി ന്യായീകരിക്കുന്ന മനുസ്മൃതിയോടുള്ള പ്രതിബദ്ധത ബിജെപി തുറന്നു പ്രഖ്യാപിക്കുന്നുമുണ്ട്.

ആർഎസ്എസ് അതിന്റെ വിപുലമായ സാമ്പത്തിക മനുഷ്യവിഭവങ്ങളും വൻകിട കോർപറേറ്റുകളുടെ ആശീർവാദവും ഉപയോഗിച്ചാണ് വിഷലിപ്തമായ അവരുടെ പ്രത്യയശാസ്ത്രം അധ്വാനിക്കുന്ന മനുഷ്യരടങ്ങുന്ന സമൂഹത്തിന്റെ എല്ലാ മേഖലകളിലും പ്രചരിപ്പിക്കുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്ന വർഗസമരത്തെ തള്ളിപ്പറയുന്ന അവർ വർഗസഹകരണത്തിനുവേണ്ടിയാണ് വാദിക്കുന്നത്. ഈ വിഭാഗീയ പ്രചാരണം തൊഴിലാളികളെയും അധ്വാനിക്കുന്ന എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളെയും ഭിന്നിപ്പിക്കുക എന്ന ലക്ഷ്യം വച്ചുള്ളതാണ്. നവലിബറൽ നയങ്ങൾക്കെതിരെ ഐക്യപ്പെടുന്ന ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ആർഎസ്എസ്സിന്റെ ഈ ശ്രമം തങ്ങളുടെ കോർപറേറ്റ് യജമാനന്മാരെ തൃപ്തിപ്പെടുത്താനാണ്.




ഈ കാലയളവിൽ ആർഎസ്എസ് നേതൃത്വത്തിൽ ഹിജാബ്, ഹലാൽ മാംസം, ക്ഷേത്രങ്ങൾക്കു സമീപമുള്ള കച്ചവടക്കാർക്കുള്ള സ്ഥലം, ബാങ്കുവിളി തുടങ്ങിയ വിഷയങ്ങളുടെ പേരിൽ കർണാടകത്തിലും മറ്റും പ്രശ്നം സൃഷ്ടിക്കുന്നതിനും കാശ്മീർ ഫയൽസ്എന്ന സിനിമയുടെ പേരിൽ കാശ്മീർ പണ്ഡിറ്റുകളുടെ സഹനത്തെക്കുറിച്ചുള്ള പക്ഷപാതപരമായ ആഖ്യാനം സൃഷ്ടിച്ചുകൊണ്ട് മുസ്ലീങ്ങൾക്കെതിരെ ശത്രുത പ്രചരിപ്പിക്കുന്നതിനും നമ്മൾ സാക്ഷിയായി. രാമനവമി ആഘോഷം മറയാക്കി വിവിധ സംസ്ഥാനങ്ങളിൽ ആർഎസ്എസിനു കീഴിലുള്ള സംഘടനകൾ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് സായുധരായി വർഗീയ കലാപങ്ങൾക്ക് തിരികൊളുത്തുന്ന സംഭവങ്ങളുമുണ്ടായി. പൊലീസും സർക്കാർ സംവിധാനങ്ങളും അതിനു കൂട്ടുനിൽക്കുകയും ചെയ്യുന്നു. പ്രധാനമന്ത്രിയാകട്ടെ ഭൂരിപക്ഷ സമുദായാംഗങ്ങൾ പങ്കാളികളായ ഈ അക്രമ സംഭവങ്ങളോടെല്ലാം നിശബ്ദത പാലിക്കുകയും ചെയ്യുന്നു.

ഇതുവഴി പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ വിലക്കയറ്റം അവശ്യവസ്തുക്കളുടെ വിലക്കയറ്റം അപകടകരമായ രീതിയിലുള്ള തൊഴിലില്ലായ്മ വർധന, തൊഴിലാളികളുടെയും അധ്വാനിക്കുന്ന മനുഷ്യരുടെ മോശമാകുന്ന ജീവിത സാഹചര്യം തുടങ്ങി ജനങ്ങളുടെ നീറുന്ന ജീവൽപ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധതിരിച്ചുവിടുകയാണ്.

സർക്കാർ പരിപാടികളിൽ ഹിന്ദു മത ചിഹ്നങ്ങളും ആചാരങ്ങളും ഉൾക്കൊള്ളിക്കുന്നതും ഹിന്ദു ആരാധനാലയങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനും സർക്കാർ ഫണ്ട്

അനുവദിക്കുന്നതും പതിവുരീതിയായിരിക്കുന്നു. അയോധ്യയിൽ രാമക്ഷേത്രത്തിന് ഭൂമി പൂജയ്ക്ക് നേതൃത്വം നൽകിയ പ്രധാനമന്ത്രി കാശിവിശ്വനാഥ് ക്ഷേത്ര ഇടനാഴി ഉദ്ഘാടനം ചെയ്തത് എല്ലാ ഹിന്ദുമതാചാരങ്ങളും പാലിച്ചുകൊണ്ടാണ്. പൗരത്വ നിയമ ഭേദഗതിയിലൂടെ പൗരത്വത്തിനും ഒരു മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ശിലയായ മതനിരപേക്ഷതയ്ക്കുനേരെ പരസ്യമായ ആക്രമണം നടക്കുകയാണ്.

സ്വീഡനിലെ വിസ്ഡം ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ഡെമോക്രസി റിപ്പോർട്ട് 2022: ഓട്ടോക്രാറ്റൈസേഷൻ ചെയിഞ്ചിങ് നേച്ചർ? എന്ന പഠനത്തിൽ  ഇന്ത്യയെ 'തെരഞ്ഞെടുക്കപ്പെട്ട ഏകാധിപത്യം' എന്ന ഗണത്തിലാണ് സ്ഥാനപ്പെടുത്തിയിട്ടുള്ളത്. അഭിപ്രായ സ്വാതന്ത്ര്യവും മാധ്യമങ്ങളുടെയും പൗരസമൂഹത്തിന്റെയും സ്വാതന്ത്ര്യങ്ങളും മോഡി ഭരണത്തിൽ കുറയുകയാണെന്ന് പരാമർശിക്കുന്ന റിപ്പോർട്ട് ഇക്കാര്യത്തിൽ അയൽരാജ്യങ്ങളായ പാകിസ്ഥാനും ബംഗ്ലാദേശിനും നേപ്പാളിനും പിറകിലാണ് ഇന്ത്യയെന്ന് സ്ഥാപിക്കുന്നുണ്ട്. ലോകത്തെ ഏറ്റവും ഏകാധിപത്യമുള്ള പത്തു രാജ്യങ്ങളിലൊന്നായാണ് ഇന്ത്യയെ ഈ റിപ്പോർട്ട് കണക്കാക്കുന്നത്.

പതിനാറാം സമ്മേളനത്തിന്റെ ആഹ്വാനപ്രകാരം നമ്മൾ നവലിബറൽ നയങ്ങൾക്കെതിരെ എല്ലാ തൊഴിലാളികളെയും എല്ലാ വിഭാഗത്തിൽപ്പെട്ട അധ്വാനിക്കുന്ന ജനങ്ങളെയും സംഘടിപ്പിക്കുകയും കൂടുതൽ ശക്തമായ സമരങ്ങളെ കൂടുതൽ  ഉയരങ്ങളിലേക്ക് എത്തിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിനൊപ്പം തന്നെ ഹിന്ദുത്വയുടെ വിഭാഗീയ ആശയങ്ങൾക്കെതിരെ നമ്മുടെ ആക്രമണം കേന്ദ്രീകരിക്കേണ്ടതുമുണ്ട്. ഹിന്ദു വിശ്വാസവുമായോ ഹിന്ദു മതവുമായോ ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന് ഒരു ബന്ധവുമില്ലെന്നും അത് സമൂഹത്തെ ധ്രുവീകരിക്കാനുള്ള ആർഎസ്എസ്സിന്റെ രാഷ്ട്രീയ പദ്ധതിയാണെന്നുമുള്ള അവബോധം നമുക്ക് സൃഷ്ടിക്കേണ്ടതുണ്ട്.  മൊത്തത്തിൽ തൊഴിലാളി വർഗത്തെയും അധ്വാനിക്കുന്ന എല്ലാ വിഭാഗം ജനങ്ങളെയും സംഘടിപ്പിച്ച് നവലിബറലിസത്തിനും ഹിന്ദുത്വ പ്രത്യശാസ്ത്രത്തിനും എതിരെ സമരം ചെയ്ത് മോഡി നയിക്കുന്ന കോർപറേറ്റ്  വർഗീയ ഭരണത്തെ പരാജയപ്പെടുത്തണമെന്നതിൽ നാം ശ്രദ്ധകേന്ദ്രീകരിക്കണം.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനും പരിശ്രമിക്കുന്നുണ്ട്. ഇതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ അടുത്ത 10 വർഷത്തെ വികസനം ലക്ഷ്യം വച്ചുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. സർക്കാരിന്റെ വ്യവസായ നയം കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യം വച്ചുള്ളതുമാണ്. ഇത്തരം നയങ്ങളിൽ എടുത്തുപറയത്തക്ക ഒന്നാണ് കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റെടുക്കൽ. സംസ്ഥാന സർക്കാരിന്റെ പരിമിതമായ സാമ്പത്തിക, പാർലമെന്ററി അധികാരങ്ങൾ ഉപയോഗപ്പെടുത്തി ഇച്ഛാശക്തിയോടെ പൊതുമേഖലയെ സംരക്ഷിക്കാനുള്ള നയങ്ങളാണ് നടപ്പിലാക്കുന്നത്. കേന്ദ്രപൊതുമേഖലയിലുള്ള പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ഏറ്റെടുത്തുകൊണ്ടുള്ള എൽ.ഡി.എഫ് സർക്കാരിന്റെ പ്രഖ്യാപനം അട്ടിമറിക്കാൻ ബി.ജെ.പി സർക്കാർ കരുക്കൾ നീക്കിയതാണ് നടപടികൾ പൂർത്തിയാക്കാൻ തടസ്സമായി നിൽക്കുന്നത്. തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് കൈമാറിക്കൊണ്ട് കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചപ്പോൾ സിയാൽ മോഡലിൽ ഏറ്റെടുക്കാനുള്ള സന്നദ്ധതയുമായി എൽഡിഎഫ് സർക്കാർ സമീപിച്ചെങ്കിലും കേന്ദ്രം കൈമാറ്റം വേഗതയിലാക്കി. കോട്ടയം വെള്ളൂരിൽ പ്രവർത്തിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) ഏറ്റെടുത്തത് ഒരു ബദൽ നിലപാടാണ്. 19741979 കാലയളവിൽ കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് എന്നാക്കി പേര് മാറ്റുകയും, ഉത്പാദന ശേഷിയേക്കാൾ കൂടുതൽ ഉത്പാദനം കൈവരിച്ച് മിനിരത്ന പദവിയിലേക്ക് സ്ഥാപനം ഉയരുകയും ചെയ്തിരുന്നു.

2017 ൽ കമ്പനി സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച കേന്ദ്രസർക്കാർ താൽപര്യപത്രം ക്ഷണിച്ചു. സ്ഥാപനം സംസ്ഥാനസർക്കാർ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കേന്ദ്രത്തെ അറിയിച്ചു. സ്വകാര്യ കമ്പനികളോടൊപ്പം ടെൻഡറിൽ പങ്കെടുക്കാനുള്ള നിർദ്ദേശമാണ്

## സിഐടിയു സംസ്ഥാന ജനറൽ കൗൺസിൽ റിപ്പോർട്ടിൽ നിന്ന്

ലഭിച്ചത്. സർക്കാർ ഇതിനെ നിയമപരമായി നേരിട്ടു. പിന്നീട് സ്ഥാപനം ലിക്യുഡേഷൻ നടപടികളിലേക്ക് നീങ്ങിയതോടെ "നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ" ലിക്യൂഡേറ്ററായി കുൽദീപ് വർമ്മയെ നിയമിച്ചു. എച്ച്.എൻ.എല്ലിന്റെ 100% ഷെയർ 25 കോടി രൂപയ്ക്ക് ഏറ്റെടുക്കാൻ തയ്യാറാണെന്ന് കേരള സർക്കാർ അറിയിച്ചു. ലിക്യൂഡേറ്റർ അനുകൂല നിലപാട് സ്വീകരിച്ചു. കേന്ദ്ര ഖനവ്യവസായ മന്ത്രാലയം എതിർത്തുവെങ്കിലും സംസ്ഥാന സർക്കാരിന് അനുകൂലമായി എൻ.സി.എൽ.ടി ഡൽഹി ബഞ്ച് ഉത്തരവിട്ടു.

സ്ഥാപനം ഏറ്റെടുത്ത് നടത്തുവാൻ വീണ്ടും തയ്യാറാണെന്ന് കാണിച്ച് സംസ്ഥാനസർക്കാർ കോടതിയെ സമീപിച്ചു. മറ്റ് സ്വകാര്യ കമ്പനികൾക്കൊപ്പം ടെൻഡറിൽ പങ്കെടുക്കാൻ കോടതി നിർദ്ദേശിച്ചു. ബഹു:മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം കിഫ്ബിയിൽ നിന്നും 146 കോടി രൂപ ലഭ്യമാക്കിക്കൊണ്ട് അനുകൂലമായ കോടതിവിധിയുടെ അടിസ്ഥാനത്തിൽ കമ്പനി സംസ്ഥാന സർക്കാർ ഏറ്റെടുത്തു.

ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ ഐക്യവും സമരവും ശക്തിപ്പെടുത്തണം. കേരളത്തിൽ നവഉദാരവൽക്കരണ നയങ്ങൾക്ക് ബദൽ ഉയർത്തി മുന്നോട്ട് പോകുന്ന എൽ.ഡി.എഫ് സർക്കാരിനെ സംരക്ഷിക്കൽ നമ്മുടെ കടമയാണ്. കേന്ദ്രപൊതുമേഖലാ സ്വകാര്യൽക്കരണത്തെ എതിർത്തുകൊണ്ട് സംസ്ഥാന നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയത് രാജ്യത്താകെ ആവേശം പകർന്ന സംഭവമാണ്.

നമ്മുടെ അപൂർണദൗത്യങ്ങൾ, പ്രത്യേകിച്ച് കാഡർമാരെ വികസിപ്പിച്ചെടുത്തും അടുത്ത സമ്മേളനത്തിനിടയ്ക്കുള്ള കാലത്തിനുള്ളിൽ മെമ്പർഷിപ്പ് ഉയർത്തിയും സംഘടനയെ ശക്തമാക്കാനുള്ള ദൗത്യങ്ങൾ പൂർത്തിയാക്കാനുള്ള മാർഗങ്ങൾ ഈ യോഗം ചർച്ച ചെയ്യുമെന്ന ഉറപ്പുണ്ട് . ഇത് നമ്മുടെ കാഡർമാരിലും അംഗങ്ങളിലും മാത്രമല്ല, രാജ്യത്തെ തൊഴിലാളി വർഗത്തിനാകെത്തന്നെയും തങ്ങൾക്ക് ഐക്യത്തോടെ വെല്ലുവിളികളെ നേരിടാനാകുമെന്നും മോഡി സർക്കാരിന്റെ തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവും രാജ്യവിരുദ്ധവുമായ നയങ്ങളെ ചെറുത്തു തോൽപ്പിക്കാനാകുമെന്ന ആത്മവിശ്വാസം വളർത്താൻ സഹായിക്കും.

സിഐടിയു സംസ്ഥാന ജനറൽ കൗൺസിലിന്റെ ഈ യോഗം വരുംനാളുകളിലെ നമ്മുടെ മൂർത്തമായ ദൗത്യങ്ങൾ പൂർത്തിയാക്കാനുള്ള രംഗമാകണം. •

# സമരങ്ങളെ കുറിച്ച് ലെനിൻ



"ഒരു പണിമുടക്ക് തൊഴിലാളികളുടെ കണ്ണുകൾ തുറപ്പിക്കും, മുതലാളിത്തത്തിലേക്ക് മാത്രമല്ല സർക്കാരിലേക്കും നിയമങ്ങളിലേക്കും. കൂടാതെ ഒരു വലിയ സമരത്തിന് മുമ്പ് ഫാക്ടറിയിലേയോ, വ്യവസായ ശാലയിലെയോ, നഗരത്തിലെയോ തൊഴിലാളികൾക്ക് സോഷ്യലിസത്തെ കുറിച്ച് ഒന്നും അറിയുന്നുണ്ടാവില്ല, അവർ ചിന്തിച്ചിട്ടുണ്ടാവില്ല. എന്നാൽ സമരത്തിനുശേഷം ആശയപ്രചരണവേദികൾ അവർക്കിടയിൽ കൂടുതൽ വ്യാപകമാവുകയും കൂടുതൽ കൂടുതൽ തൊഴിലാളികൾ സോഷ്യലിസ്റ്റുകളായി മാറുകയും ചെയ്യുന്നു."

റഷ്യയിൽ ബോൾഷെവിക്കുകളുടെ നേതൃത്വത്തിൽ നടന്ന തൊഴിലാളിവർഗ സമരങ്ങളുടെയും പണിമുടക്കുകളുടെയും അനുഭവത്തെ അടിസ്ഥാനമാക്കി 120 വർഷങ്ങൾക്ക് മുമ്പ് ലെനിൻ എഴുതിയതാണിത്. സമരങ്ങളെ യുദ്ധത്തിന്റെ വിദ്യാലയങ്ങൾ എന്നാണ് ലെനിൻ വിശദീകരിക്കുന്നത്. അവിടെ സർക്കാർ ഉദ്യോഗസ്ഥ മുതലാളിത്ത അടിച്ചമർത്തലിൽ നിന്നും മുഴുവൻ ജനങ്ങളുടെയും മോചനത്തിനായി ശത്രുക്കളോട് യുദ്ധം ചെയ്യാൻ തൊഴിലാളികൾ പഠിക്കുന്നു. തൊഴിലാളികൾക്ക് വർഗബോധം ഉള്ളിടത്ത് മാത്രമേ സമരങ്ങൾ വിജയിക്കുകയുള്ളൂവെന്നും ലെനിൻ പറയുന്നു. സ്വേച്ഛാധിപതിയും ലോകത്തിലെ ഏറ്റവും ക്രൂരനുമായ റഷ്യയിലെ സാർ ചക്രവർത്തിക്കെതിരെ ബോൾഷെവിക്ക് വിപ്ലവം നയിച്ച ലെനിന്റെ വാക്കുകളാണിത്.

# വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ 18-ാം കോൺഗ്രസ്

## റോം പ്രഖ്യാപനം 2022




മെയ് ആറു മുതൽ എട്ട് വരെ ഇറ്റലിയിലെ റോമിൽ നടന്ന വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻ സിന്റെ പതിനെട്ടാം കോൺഗ്രസ് വ്യത്യസ്തവും അനന്യവുമായ ഘടകങ്ങൾ കൊണ്ട് സാർവദേശീയ തൊഴിലാളി വർഗ്ഗത്തിന്റെ ചരിത്രപരമായ സമ്മേളനം ആയി മാറി.

93 രാജ്യങ്ങളെ പ്രതിനിധാനം ചെയ്തു രജിസ്റ്റർ ചെയ്ത 430 പ്രതിനികൾ പങ്കെടുത്തു. അവരിൽ 330 പേർ അതായത് 77ശതമാനം നേരിട്ടും 100 പേർ അതായത് 23 ശതമാനം വിവിധ രാജ്യങ്ങളിൽ നിന്ന് ഓൺലൈനായും പങ്കെടുത്തു

WFTU വിന്റെ ഭരണഘടന അനുശാസിക്കുന്ന വിധം പതിറ്റാണ്ടുകളായി തുടർന്ന് പോരുന്ന തൊഴിലാളി വർഗ്ഗ ജനാധിപത്യം ഉയർത്തിപ്പിടിച്ച് നടന്ന സമ്മേളനം പ്രസിഡൻഷ്യൽ കൗൺസിലിനെ ജനാധിപത്യപരമായി തെരഞ്ഞെടുത്തു. ഈ സമിതിയിൽ ആദ്യമായി പുതിയ കാഡർമാരെ ഉൾപ്പെടുത്തി.

അഞ്ച് വൻകരകൾക്കും അൻപത് രാജ്യങ്ങൾക്കും ഇതിൽ പ്രാതിനിധ്യം ഉണ്ട്. ഇതേ അനുപാതത്തിലാണ് പുതിയ സെക്രട്ടെറിയറ്റും രൂപീകരിച്ചത്. സെക്രട്ടെറിയറ്റ് രാജ്യങ്ങൾ 10, എഫ്സിസി രാജ്യങ്ങൾ 7.

തൊഴിലാളി വർഗ്ഗ ധീരതയുടെയും ബോധ്യങ്ങളുടെയും ലാളിത്യത്തിന്റെയും ത്യാഗത്തിന്റെയും രണോത്സുകതയുടെയും ഊർജം ഉൾക്കൊണ്ടായിരുന്നു താഴെ തട്ടിലെ ട്രേഡ് യൂണിയൻ കേഡർമാരെ പ്രതിനിധികളായി തെരഞ്ഞെടുത്തത് എന്നതു കൊണ്ടുതന്നെ WFTU റോം കോൺഗ്രസിന്റെ പ്രതിനിധികളുടെ ഘടനയും പ്രത്യേകം സ്മരണീയമാണ്. കഴിഞ്ഞ 76 വർഷമായി WFTU വിൽ അഫിലിയേറ്റ് ചെയ്ത സംഘടനകളും കാഡർമാരും ലോകമാകെ മുതലാളിത്തത്തിന്റെ കാട്ടുനീതിക്കെതിരെ നടത്തിയ വർഗാഭിമുഖ്യമുള്ള വിപ്ലവ സമരങ്ങളിൽ നിന്നാർജിച്ച പാഠങ്ങളുടെ ഫലമാണിത്.

99 പ്രതിനിധികൾ സംസാരിച്ചു. അവരുടെ പ്രസംഗങ്ങൾ ഓരോ രാജ്യത്തും നമ്മുടെ പ്രസ്ഥാനം നേരിടുന്ന വെല്ലുവിളികളുടെ നേർക്കാഴ്ചയായി.

ചെറുതോ വലുതോപ്രാദേശികമായതോ മേഖലാതലത്തിലുള്ളതോ ദേശീയമോ സാർവദേശീയമോ ആയ വർഗസമരങ്ങളാകട്ടെ അവയെല്ലാം തൊഴിലാളി സമരത്തിന്റെ ആഗോള വ്യവസ്ഥയുടെ ഭാഗമാണെന്ന സന്ദേശമാണ് കോൺഗ്രസ് നൽകുന്നത്. സൃഷ്ടിപരമായ വിമർശനവും സ്വയം വിമർശനവും പ്രതിനിധികളുടെ ഇടപെടലുകളെ സമ്പന്നമാക്കി. തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിൽ മുതലാളിത്ത വ്യവസ്ഥയെ നിഷ്കാസനം ചെയ്യാൻ തൊഴിലാളി വർഗത്തിന്റെ കളങ്കരഹിതമായ വിപ്ലവ ഉള്ളടക്കം എന്ന സവിശേഷത അനിവാര്യമാണെന്ന് ഈ യോഗം നമ്മെ ഓർമിപ്പിക്കുന്നു.

സാർവദേശീയ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അഭൂതപൂർവമായ ഭൗമ രാഷ്ട്രീയ സാഹചര്യങ്ങളിലാണ് ഈ യോഗം നടന്നതെന്ന വസ്തുത ഗൗരവത്തോടെയാണ് കണ്ടത്. മുൻകാലങ്ങളിൽ നമ്മൾ നേരിട്ട വെല്ലുവിളികളെ മറികടക്കാനുള്ള ആഹ്വാനവും കോൺഗ്രസിലുണ്ടായി. കോവിഡ് മഹാമാരി മൂലം നമ്മുടെ വർഗത്തിലെ സഹോദരീ സഹോദരങ്ങളുടെ വിലയേറിയ ജീവനുകളാണ് നഷ്ടപ്പെട്ടത്. ഈ സമ്മേളനത്തിന്റെ സംഘാടനത്തെപ്പോലും അത് പ്രതികൂലമായി ബാധിച്ചു. യാത്രാനിയന്ത്രണങ്ങൾ, വർധിച്ച യാത്രാച്ചെലവുകൾ, സമ്മേളനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വിർച്വൽ പങ്കാളത്തവും ഒരുക്കുന്നതിലെ വർധിച്ച ചെലവ് എന്നിവ തടസ്സങ്ങളായി.

എംബസികളും ഉദ്യോഗസ്ഥ വൃന്ദവും പ്രതിനിധികളുടെ യാത്രയ്ക്ക് മേൽ അടിച്ചേൽപ്പിച്ച നിയന്ത്രണങ്ങൾ ഇതിനു പുറമെയായിരുന്നു. വരാനിരിക്കുന്ന സമരങ്ങൾക്ക് തൊഴിലാളി വർഗത്തെ സജ്ജമാക്കുന്നതിന് ഈ സമ്മേളനം വിജയമായിരുന്നു. എല്ലാ പ്രതിസന്ധികളെയും മറികടന്നു WFTUവിന്റെ നേതൃത്വത്തിൻകീഴിൽ പൊരുതുന്ന തൊഴിലാളികളുമുണ്ട്. ഈ സമ്മേളനത്തിന് പ്രസക്തിയില്ലെന്നും WFTUവിന് പ്രാധാന്യമില്ലെന്നും ആക്ഷേപിച്ചവർക്കുള്ള ചുട്ട മറുപടിയായി ഈ സമ്മേളനവിജയം.

അപകടകരമായ സാർവദേശീയ ഭൗമരാഷ്ട്രീയ സാമ്പത്തിക പ്രശ്നങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു ഈ സമ്മേളനമെന്നത് പ്രത്യേകം ശ്രദ്ധിക്കണം. ബൂർഷ്വാ വിലയിരുത്തലുകൾക്കു പോലും മറച്ചു വയ്ക്കാൻ കഴിയാത്ത വിധം മുതലാളിത്തത്തിന്റെ സമഗ്രപ്രതിസന്ധിയുടെ ആഴം വർധിക്കുകയാണ്. തൊഴിലാളി വർഗത്തിനുമേൽ തീവ്രമായ ചൂഷണത്തിലേക്കും ഈ വർഗത്തിന്റെ ദാരിദ്ര്യത്തിലേക്കുമാണ് ഈ സാഹചര്യം നയിക്കുക. തൊഴിലില്ലായ്മയുടെ ഞെട്ടിക്കുന്ന വർധന, തൊഴിലാളികൾ പൊരുതി നേടിയ ജനാധിപത്യ സ്വാതന്ത്ര്യത്തിനും ട്രേഡ് യൂണിയൻ അവകാശങ്ങൾക്കും മേലാണ് കത്തി വീഴാൻ പോകുന്നത്.

മുതലാളിത്തത്തിന്റെ നേറികേടുകളെ ശരിവയ്ക്കും വിധം ഈ പ്രതിസന്ധിയുടെ യഥാർഥത്തിലുള്ള കാരണത്തെക്കുറിച്ച് അവർ ആസൂത്രിതമായ വ്യാജപ്രചരണം നടത്തുകയാണ്. പ്രതിസന്ധിയുടെ ഏകകാരണമായി അവർ ഉയർത്തിക്കാട്ടുന്നത് മഹാമാരിയെ ആണ്. പ്രതിസന്ധി രൂക്ഷമാകുന്ന ഘട്ടത്തിലാണ് കൊറോണ വന്നത് എന്നത് വസ്തുതയാണ്. എന്നാൽ അടിസ്ഥാന കാരണം കിടക്കുന്നത് മുതലാളിത്ത വ്യവസ്ഥയിൽ തന്നെയാണ്. മുതലാളിത്ത ഉത്പാദന രീതിയുടെ നിയമങ്ങളിൽ തന്നെയാണ് യഥാർത്ഥ കാരണം കണ്ടെത്താനാകുക. അമിതമായി കുന്നുകൂട്ടിയ മൂലധനം പുനരുപയോഗം ചെയ്യാനോ പുനർ നിക്ഷേപം നടത്താനോ കഴിയാത്തത് മുതലാളിത്തത്തിന്റെ പരിധിയില്ലാത്ത അത്യാർത്തിക്കു മേൽ കനത്ത പ്രഹരമേകുന്നു.

മുതലാളിത്ത സർക്കാരുകളും അമേരിക്ക, യൂറോപ്യൻ യൂണിയൻ, ജപ്പാൻ എന്നിവിടങ്ങളിലെ ബൂർഷ്വാസിയുടെ ഏജന്റുമാരും മുതലാളിത്ത സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാനും

ഇറ്റലിയിലെ റോമിൽ നടന്ന അന്താരാഷ്ട്ര ട്രേഡ് യൂണിയൻ കോൺഫറൻസ്, ലോക ട്രേഡ് യൂണിയൻ ഫെഡറേഷന്റെ ജനറൽ സെക്രട്ടറിയായി സൈപ്രസിൽ നിന്നുള്ള പാംപിസ്,കിറിറ്റ്സീസിനെ തെരഞ്ഞെടുത്തു. മൈക്കിൾ എം. സ്വാണ്ടെൽ മക്കോബിയ ആണ് പുതിയ പ്രസിഡന്റ്. 2005 മുതൽ 3 തവണ ജനറൽ സെക്രട്ടറിയായിരുന്ന ജോർജ് മാവ്റിക്കോസിനെ ഓണററി പ്രസിഡന്റായി തെരഞ്ഞെടുത്തു. ക്യൂബ, പലസ്തീൻ, ഇറാൻ, വെനിസ്വല തുടങ്ങിയ രാജ്യങ്ങൾക്ക് ഐക്യദാർഢ്യം അറിയിക്കുന്ന പ്രമേയങ്ങൾ ത്രിദിന സമ്മേളനം പാസാക്കി.



ഇന്ത്യയിൽ നിന്ന് സിഐടിയു പ്രതിനിധിയായി അഖിലേന്ത്യാ പ്രസിഡന്റ് കെ. ഹേമലത, ദേശീയ ഭാരവാഹികളായ എളമരം കരീം എം.പി. സ്വദേശി ദേവ് റോയ്, ആനന്ദി സാഹ, പ്രശാന്തി നന്ദി ചൗധരി എന്നിവർ പങ്കെടുത്തു. ഇന്ത്യയിൽ നിന്ന് 15 സിഐടിയു പ്രതിനിധികൾ ഓൺ ലൈനായും പങ്കെടുത്തു.

സമ്പത്തികനയങ്ങൾ വിപുലീകരിക്കാനും ശ്രമങ്ങൾ നടത്തുന്നുണ്ട്. ഈ പ്രശ്നത്തെ സുസ്ഥിരമായി നേരിടാനുള്ള ശേഷി ഈ മുതലാളിത്ത പദ്ധതികൾക്ക് ഇല്ല. താൽക്കാലിക ആശ്വാസം നൽകാൻ കഴിയുമെങ്കിലും അത്യന്തികമായി അത് പ്രതിസന്ധി രൂക്ഷമാക്കാനെ സഹായിക്കൂ.

അതേസമയം ഭാരമത്രയും തൊഴിലാളികളുടെ ചുമലിലേക്ക് മാറ്റുകയാണ്. തൊഴിലാളി വിരുദ്ധവും ജനവിരുദ്ധമായ നയങ്ങൾ ലക്ഷ്യം വയ്ക്കുന്നത് കൂലി കുറയ്ക്കാനും വൻതോതിൽ ലേ ഓഫ് അടിച്ചേൽപ്പിക്കാനും സാമൂഹ്യ സുരക്ഷാ അവകാശങ്ങൾ തകർക്കാനുമാണ്. വാസ്തവത്തിൽ ഈ താൽക്കാലിക നടപടികൾ സ്ഥിരം സംവിധാനങ്ങൾ ആയി മാറുകയാണ് ചെയ്യുന്നത്. മുതലാളിത്ത ക്യാമ്പിനാവട്ടെ ഈ പ്രതിസന്ധി അവരുടെ തൊഴിലാളി വിരുദ്ധ പദ്ധതികൾ അടിച്ചേൽപ്പിക്കാനുള്ള അവസരമായാണ് അവർ കാണുന്നത്.

ഉദാഹരണത്തിനു 'ഹരിത വളർച്ച'യുടെ പേരിൽ വിലകൂടിയ വൈദ്യുതി നൽകി ജനങ്ങൾക്ക് മേൽ അമിത ഭാരം അടിച്ചേൽപ്പിക്കുകയാണ്. അയവുള്ള തൊഴിലുടമ തൊഴിലാളി ബന്ധത്തിന്റെ പേരിലും ഹരിത നികുതിയുടെ പേരിലും കുടുംബങ്ങളിൽ സമ്പത്തിക ഭാരം കയറ്റുന്നു.

കമ്പോളത്തിന്റെയും ഊർജ ഉറവിടങ്ങളുടെയും ഗതാഗത സംവിധാനങ്ങളുടെയും നിയന്ത്രണം പിടിച്ചെടുക്കാനുള്ള സാമ്രാജ്യത്വ ശക്തികളുടെ ശ്രമങ്ങൾ കിഴക്കൻ മെഡിറ്ററേനിയൻ, ആഫ്രിക്ക, തെക്ക് കിഴക്കൻ ഏഷ്യ എന്നീ മേഖലകളിൽ യുദ്ധ ഭീതി സൃഷ്ടിച്ചിരിക്കുന്നു. ഇൻഡോ പസിഫിക് മേഖലയിലേക്കും ഈ സാമ്രാജ്യത്വ താൽപര്യങ്ങൾ വ്യാപിച്ചിരിക്കുന്നു.

ഉക്രൈൻ യുദ്ധത്തോടെ യൂറോപ്പും ഈ ഭീതിയിൽ നിന്ന് മുക്തമല്ല എന്ന സ്ഥിതി രൂപപ്പെട്ടു. യൂറോപ്പിന് പുറത്താണ് എല്ലാ യുദ്ധങ്ങളും എന്നായിരുന്നു പൊതുധാരണ. അത് തെറ്റിയിരിക്കുന്നു. 1991ഓടെ സോവിയറ്റ് യൂണിയൻ തകരുകയും മധ്യ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ സോഷ്യലിസം ഉപേക്ഷിക്കുകയും ചെയ്യതോടെ രൂപപ്പെട്ട അന്താരാഷ്ട്ര സന്തുലിതത്വം യുദ്ധം ഒഴിവാക്കും എന്ന ധാരണയും തകർന്നു. അതിലെല്ലാമുപരിയായി ആഗോള സൈനിക ചെലവ് ആദ്യമായി 2021ൽ 2 ട്രില്യൺ ഡോളർ കടന്നു. സൈനിക മത്സരം എത്രമേൽ രൂക്ഷമാണ് എന്നാണിത് തെളിയിക്കുന്നത്. അതേസമയം നിഷ്പക്ഷ സമീപനം പുലർത്തുന്ന സ്വീഡൻ, ഫിൻലൻഡ് പോലുള്ള രാജ്യങ്ങളെ തങ്ങളുടെ പക്ഷത്ത് ചേർക്കാൻ നാറ്റോ ഗൂഢാലോചന നടത്തുകയാണ്. അസമമായ പരസ്പരാശ്രിതത്വത്തിന്റെ ബന്ധങ്ങളാണ്

സാമ്രാജ്യത്വത്തിന്റെയും എല്ലാ മുതലാളിത്ത രാജ്യങ്ങളുടെയും സവിശേഷതയാണ്. അന്താരാഷ്ട്ര പ്രാദേശിക സഖ്യങ്ങളിലൂടെയും സംഘടനകളിലൂടെയും രൂപപ്പെട്ട ആ സവിശേഷത അധികാരത്തിന്റെ ആ പരസ്പര ബന്ധത്തിൽ പരോക്ഷമായി പ്രതിഫലിക്കുന്നുണ്ട്. സമീപ വർഷങ്ങളിൽ UN, NATO, EU, OSCE, WTO, G7, G20 എന്നിവ കൂടാതെ പുതിയ സംഘടനകൾ കൂടി രൂപപ്പെട്ടിട്ടുണ്ട്. സാമ്പത്തിക തലത്തിൽ രൂപപ്പെട്ട വിശാലമായ മാറ്റങ്ങൾ അന്താരാഷ്ട്ര സാമ്രാജ്യത്വ കൂട്ടായ്മകളിലും പ്രതിഫലിക്കുന്നുണ്ട്. അമേരിക്ക, ജപ്പാൻ, കാനഡ, ഫ്രാൻസ്, ബ്രിട്ടൺ, ഇറ്റലി, ജർമനി എന്നിവ അടങ്ങുന്ന മുതലാളിത്ത രാജ്യങ്ങളുടെ കൂട്ടായ്മ കാലഹരണപ്പെട്ടു എന്നാണ് അമേരിക്കൻ നേതൃത്വം കരുതുന്നത്. ചൈനക്ക് എതിരെയുള്ള പുതിയ സഖ്യത്തിൽ ആസ്ത്രേലിയ, ദക്ഷിണ കൊറിയ, ഇന്ത്യ എന്നീ രാജ്യങ്ങളെ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ആസ്ത്രേലിയ, യുകെ, യുഎസ് എന്നിവ ഉൾപ്പെട്ട AUKUS, യുഎസ്, ജപ്പാൻ, ആസ്ത്രേലിയ, ഇന്ത്യ എന്നിവ ഉൾപ്പെട്ട QUAD എന്നിവ ഉദാഹരണങ്ങൾ. അതേസമയം പട്ടുപാത വഴി ചൈന വ്യാപാരം വികസിപ്പിക്കുന്നതിനെയും മൂന്നാം ലോക രാജ്യങ്ങളിൽ നിക്ഷേപം വർധിപ്പിക്കാൻ ശ്രമിക്കുന്നതിനെയും അമേരിക്ക തടയുകയാണ്. അതിനായി സാങ്കേതിക മേഖലയിൽ അമേരിക്കൻ കുത്തകകൾക്ക് വൻ നികുതി ഇളവ് നൽകി പ്രോത്സാഹിപ്പിക്കുന്നു. ചൈനയും അമേരിക്കയും സ്വന്തം സഖ്യത്തെ ശക്തിപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഭാവി സംഭവ വികാസങ്ങളെ സ്വാധീനിക്കും വിധം ഇരു ശക്തികളുടെയും മത്സരം രൂക്ഷമാകുന്നു.

അന്താരാഷ്ട്ര തലത്തിലും മേഖല തലത്തിലും ഉള്ള സാഹചര്യങ്ങൾ വസ്തുനിഷ്ഠമായ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സ്ഥിതി വിലയിരുത്തിയും വസ്തുതകളേയും കണക്കുകകളേയും അടിസ്ഥാനമാക്കി ലോകമാകെ രണോത്സുക സമരങ്ങൾ നടത്താൻ WFTU തൊഴിലാളി വർഗത്തോടും ട്രേഡ് യൂണിയനുകളോടും ആഹ്വാനം ചെയ്തു. മുതലാളിത്ത അതിക്രമങ്ങളെ ചെറുത്ത് തോൽപിക്കാനും സാമ്രാജ്യത്വവിരുദ്ധ ശക്തികളുടെ ഗൂഢ പദ്ധതികളെ തുറന്നുകാട്ടി പരാജയപ്പെടുത്താനും ഉശിരൻ സമരങ്ങൾ കൊണ്ടേ സാധ്യമാകൂ.●

# സുപ്രീം കോടതിയുടെ ചരിത്ര വിധിയും 124 എ യുടെ ചരിത്രവും




**ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 124 എ വകുപ്പ് ഉപയോഗിച്ച് ചുമത്തിയിട്ടുള്ള രാജ്യദ്രോഹ കേസുകൾ മരവിപ്പിച്ചു കൊണ്ടുള്ള സുപ്രീം കോടതി ഉത്തരവ് നമ്മുടെ ജനാധിപത്യത്തിന്റെ സൗന്ദര്യവും പുരോഗമന മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെ വിജയവുമാണ്. ഗവണ്മെന്റിനെ വിമർശിക്കുന്നതോ ഗവണ്മെന്റിനെതിരെ വിപ്രതിപത്തി ഉണ്ടാക്കുന്നതോ ആയ പരാമർശങ്ങൾക്കെതിരെയാണ് ഈ വകുപ്പ് ഉപയോഗിച്ചത്. മോഡി സർക്കാർ തങ്ങളെ വിമർശിക്കുന്നവർക്കെതിരെ ഈ നിയമം വ്യാപകമായി ഉപയോഗിച്ചു.**

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 124 എ വകുപ്പ് ഉപയോഗിച്ച് ചുമത്തിയിട്ടുള്ള രാജ്യദ്രോഹകേസുകൾ മരവിപ്പിച്ചു കൊണ്ടുള്ള സുപ്രീം കോടതി ഉത്തരവ് നമ്മുടെ ജനാധിപത്യത്തിന്റെ സൗന്ദര്യവും പുരോഗമന മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെ വിജയവുമാണ്. സി പി ഐ എം ഉൾപ്പെടെയുള്ള രാജ്യത്തെ ഇടതുപക്ഷ പാർടികൾ എന്നും ഈ രാജ്യദ്രോഹ നിയമത്തിന് എതിരായിരുന്നു. രാജ്യസഭയിലെ സി പി ഐ എം ലീഡർ സഖാവ് എളമരം കരീം ഐ പി സിയിലെ ഈ രാജ്യദ്രോഹവകുപ്പ് എടുത്തു കളയണമെന്നാവശ്യപ്പെടുന്ന സ്വകാര്യ ബില്ല് അവതരണത്തിന് അനുമതി തേടിയതാണ്. കൊളോണിയൽ ഭരണത്തിന്റെ അവശിഷ്ടമാണ് ഈയൊരു രാജ്യദ്രോഹ നിയമം.ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ അടിച്ചമർത്താനാണ് ഇങ്ങനെയൊരു കരിനിയമവകുപ്പ് ഐപിസിയിൽ ചേർത്തത്.

സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടുന്നവർക്കെതിരെയാണ് ബ്രിട്ടീഷ് ഗവർമെന്റ്ഐപിസി സെക്ഷൻ 124 എ എന്ന രാജ്യദ്രോഹക്കുറ്റം ചാർത്താൻ ഉപയോഗിച്ച് വന്നിരുന്നത്. സ്വാതന്ത്ര്യത്തിന് ശേഷവും കോൺഗ്രസ് സർക്കാർ ഈ നിയമം നിലനിർത്തുകയായിരുന്നു.

ഗവണ്മെന്റിനെ വിമർശിക്കുന്നതോ ഗവണ്മെന്റിനെതിരെ വിപ്രതിപത്തി (disaffection) ഉണ്ടാക്കുന്നതോ ആയ പരാമർശങ്ങൾക്കെതിരെയാണ് ഈ വകുപ്പ് ഉപയോഗിച്ചത്. മോഡി സർക്കാർ തങ്ങളെ വിമർശിക്കുന്നവർക്കെതിരെ ഈ നിയമം വ്യാപകമായി ഉപയോഗിച്ചു. മാധ്യമ



കെ.ടി.കുഞ്ഞിക്കണ്ണൻ

പ്രവർത്തകർക്കും സർക്കാറിനെ വിമർശിക്കുന്നവർക്കു മെതിരായി ഈ നിയമമനുസരിച്ച് കേസ് എടുക്കുന്നത് നിത്യസംഭവങ്ങളായി മാറുകയായിരുന്നു. സർക്കാറിനെതിരായും വിദ്വേഷത്തിന്റെയും വിഭജനത്തിന്റേതുമായ സംഘപരിവാർ രാഷ്ട്രീയത്തിനെതിരായി നില്ക്കുന്നവരെ 124 എ വകുപ്പ് ഉപയോഗിച്ച് വേട്ടയാടുന്ന സ്ഥിതിയാണ് മോഡി സർക്കാർ സൃഷ്ടിച്ചത്.ദേശീയ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2014 മുതൽ 2019 വരെയുള്ള കാലയളവിൽ രാജ്യദ്രോഹവകുപ്പ് ഉപയോഗിച്ചുള്ള കേസുകളുടെ എണ്ണം 165 ശതമാനമാണ് വർധിച്ചത്.ബാലഗംഗാധര തിലകനും ഗാന്ധിജിക്കുമെതിരെ ബ്രിട്ടീഷ് സർക്കാർ ചുമത്തിയ ഈ നിയമം സ്വതന്ത്ര ഇന്ത്യയിലും കോൺഗ്രസ് –ബിജെപി സർക്കാറുകൾ തങ്ങളുടെ എതിരാളികളെയും ജനാധിപത്യ ശക്തികളെയും നേരിടാൻ ഉപയോഗിച്ചു. നിയമം റദ്ദാക്കുന്ന കാര്യത്തിൽ ബിജെപി സർക്കാർ തുടക്കം മുതൽ ഒളിച്ചുകളിക്കുകയായിരുന്നു. സുപ്രിം കോടതി തന്നെ പല ഘട്ടങ്ങളായി സർക്കാർ നിലപാടിനെ വിമർശിക്കുന്ന അവസ്ഥയുണ്ടായി. കോടതിയിൽ ഈ വകുപ്പ് റദ്ദാക്കുന്നതിന് എതിരായിരുന്നു സർക്കാറിന്റ ആദ്യ നിലപാട്. കോടതി അതിന്റെ നയം വ്യക്തമാക്കിയതോടെ വകുപ്പ് പുനപരിശോധിക്കാൻ ഒരുക്കമാണെന്നും അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണെന്നും സർക്കാർ കോടതിയെ അറിയിക്കുകയായിരുന്നു.പരിശോധനയുടെ മറവിൽ കോടതിയുടെ വിധി നീട്ടികൊണ്ടു പോകാമെന്ന കേന്ദ്ര സർക്കാറിന്റെ തന്ത്രത്തെ കൂടിയാണ് സുപ്രിം കോടതിയുടെ ഇടക്കാല ഉത്തരവ് പൊളിച്ചുകളഞ്ഞിരിക്കുന്നത്. വകുപ്പുകളുടെ പുനപരിശോധന പൂർത്തിയാകുന്നത് വരെ 124 എ പ്രകാരം കേസുകൾരജിസ്റ്റർ ചെയ്യരുതെന്നാണ് ചീഫ് ജസ്റ്റീസ് എൻ വി രമണ, ഹിമ കോഹ് ലി ,സൂര്യകാന്ത് എന്നിവരുൾപ്പെട്ട മൂന്നംഗ ബെഞ്ച് അതിന്റെ ചരിത്രവിധിയിലൂടെ പറഞ്ഞിരിക്കുന്നത്.

സ്വാതന്ത്ര്യ സമരത്തെ അടിച്ചമർത്തനായിട്ടാണ് സർക്കാറിനെതിരെ വിപ്രതിപത്തി പടർത്തുന്നുവെന്ന കുറ്റമാരോപിച്ചു കൊണ്ടുള്ള ഇങ്ങനെയൊരു രാജ്യദ്രോഹ നിയമം ബ്രിട്ടീഷ് സർക്കാർ കൊണ്ടുവന്നത്.രാജ്യത്തോടുള്ള നെറികേട്, ശത്രുതാ മനോഭാവമെന്നൊക്കെയാണ് ഇത് ഉപയോഗിക്കാനുള്ള കാരണമായി ഈ നിയമം നിർവചിച്ചിരിക്കുന്നത്. അങ്ങേയറ്റം ജനാധിപത്യ വിരുദ്ധമായ ഈയൊരു നിയമം സ്വതന്ത്ര ഇന്ത്യയിലും തുടർന്നത് നമ്മുടെ ഭരണഘടന നൽകുന്ന ആർട്ടിക്കാൾ 19 നൽകുന്ന അഭിപ്രായ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് വെല്ലുവിളിയുയർത്തി കൊണ്ടായിരുന്നു. ഈ വകുപ്പിന്റെ ശിക്ഷ സാധാരണയായി പിഴയോ, ജയിൽവാസമോ ആണ്. ജയിൽവാസം 3 കൊല്ലം തൊട്ട് ജീവപര്യന്തം വരെ ലഭിക്കാറുണ്ടെന്നതാണ് അനുഭവങ്ങൾ കാണിക്കുന്നത്. 1837 ൽ തോമസ് മെക്കാളെ തയ്യാറാക്കിയ ഐപിസിയുടെ ആദ്യ ഡ്രാഫ്റ്റിൽ രാജ്യദ്രോഹമെന്നൊരു സെക്ഷൻ ഉണ്ടായിരുന്നില്ല. അത് 1860 ൽ നടപ്പിലാക്കിയപ്പോഴും അങ്ങനെയൊരു ഭാഗം ഇല്ല. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരവും അതിനുശേഷമുള്ള ബ്രിട്ടീഷ് ഭരണവിരുദ്ധ സമരങ്ങളുടെ പശ്ചാത്തലത്തിലുമാണ് 1870 നവംബർ 25 ന് രാജ്യദ്രോഹം സെക്ഷൻ 124 എ ഉൾപ്പെടുത്തുന്നത്. മഹാത്മാ ഗാന്ധിക്കും ബാലഗംഗാധര തിലകനുമടക്കം ആ കാലത്ത് ഈ വകുപ്പ് ചുമത്തിയിരുന്നുവെന്ന് സൂചിപ്പിച്ചല്ലോ. 1898 ൽ ഐപിസി ഭേദഗതി ചെയ്തു. സെക്ഷൻ 124എ യിൽ സർക്കാരിനോടുള്ള വിപ്രതിപത്തി കൂടി ഉൾപ്പെടുത്തി. അന്നുതൊട്ടാണ് നിലവിലെ നിയമരൂപം ഉണ്ടാവുന്നത്. സ്വാതന്ത്ര്യത്തിനു ശേഷം ഭരണഘടന നിലവിൽ വന്ന 1949 ൽ രാജ്യദ്രോഹമെന്ന വാക്ക് അതിൽ നിന്നുമൊഴിവാക്കിയിരുന്നു. ആവിഷ്കാര സ്വാതന്ത്ര്യം പൂർണമായ അവകാശമാണെന്ന ഉറപ്പ് ഭരണഘടന നൽകി. പക്ഷെ ഐപിസിയിൽ 124എ നിലനിന്നുവെന്നതാണ് അതിലെ വൈരുധ്യം.

1950 ലെ സുപ്രീം കോടതി നിർദ്ദേശ പ്രകാരം 1951 ൽ ആദ്യ ഭരണഘടനാഭേദഗതി വന്നു.




**അങ്ങേയറ്റം ജനാധിപത്യ വിരുദ്ധമായ ഈയൊരു നിയമം സ്വതന്ത്ര ഇന്ത്യയിലും തുടർന്നത് നമ്മുടെ ഭരണഘടന നൽകുന്ന ആർട്ടിക്കാൾ 19 നൽകുന്ന അഭിപ്രായ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് വെല്ലുവിളിയുയർത്തികൊണ്ടായിരുന്നു.**

ആവിഷ്കാര സ്വാതന്ത്ര്യത്തിന് ഉപാധികളോടെയുള്ള നിയന്ത്രണങ്ങൾ കൊണ്ടുവന്നു. രാജ്യസുരക്ഷ, ക്രമസമാധാനം തുടങ്ങിയ മേഖലകളിൽ ഭീഷണിയാകുന്ന പരാമർശങ്ങളെ ആവിഷ്കാര സ്വാതന്ത്ര്യ പരിധിയിൽ നിന്നൊഴിവാക്കണമെന്നും ശിക്ഷിക്കണമെന്നും ഉപാധികൾ വന്നു. രാജ്യദ്രോഹം ഒരു ശിക്ഷാനിയമമായി തിരിച്ചുവരുന്നത് അപ്പോഴാണ്. 1962 ലെ 'കേദാർ നാഥ് ദാസ് സ്റ്റേറ്റ് ഓഫ് അതേഴ്സ്' കേസിലെ സുപ്രീം കോടതി വിധിയാണ് പൊതു പരാമർശങ്ങളിൽ രാജ്യദ്രോഹക്കുറ്റം എങ്ങനെ ചുമത്താമെന്നതിന് നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലിന്ന് ഈ സെക്ഷൻ വ്യാഖ്യാനിക്കപ്പെടുന്നത്.

ജവഹർലാൽ നെഹ്റു രാജ്യദ്രോഹ സെക്ഷനെ വിമർശിച്ചു. പക്ഷെ ആവിഷ്കാര സ്വാതന്ത്ര്യത്തിന് വിലക്കുകളേർപ്പെടുത്തി. ഇതിനുശേഷം 1973 ൽ ഇന്ദിരാഗാന്ധിയുടെ കാലത്ത് പുതിയ ക്രിമിനൽ കോഡ് വന്നതോടെ സെക്ഷൻ 124 എ ചുമത്തിയാൽ വാറന്റില്ലാതെ അറസ്റ്റ് രേഖപ്പെടുത്താമെന്ന അവസ്ഥ വന്നു. കോൺഗ്രസ് ഭരണ കാലത്തുതന്നെ ഈ നിയമം ഉപയോഗിച്ചിരുന്നുവെങ്കിലും 2014 ൽ ബിജെപി സർക്കാർ അധികാരത്തിൽ വന്ന മുതൽ രാജ്യദ്രോഹകുറ്റം ചുമത്തൽ വ്യാപകമായി. മോദി ഭരണത്തിൽ രാജ്യദ്രോഹ കേസുകളിൽ 28% വർധനവാണ് ഉണ്ടായത്. 2010 തൊട്ട് 816 കേസുകൾ രജിസ്റ്റർ ചെയ്തു. 11000 ആളുകളെ ഈ കുറ്റം ചുമത്തി അറസ്റ്റ് ചെയ്തിരുന്നു. ഇതിൽ 65% വും രജിസ്റ്റർ ചെയ്തത് 2014 ൽ മോദി അധികാരത്തിൽ വന്നതിനുശേഷമാണ്. ബിജെപി ഭരണത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ 149 എണ്ണം മോദിക്കെതിരായ വിമർശനങ്ങൾക്കായിരുന്നു.

144 എണ്ണം യോഗി ആദിത്യനാഥിനെതിരെ ഉണ്ടായ വിമർശനങ്ങൾക്കെതിരെയായിരുന്നു. ബിജെപി ഭരിച്ച സംസ്ഥാനങ്ങളിലാണ് ഏറ്റവും കൂടുതൽ രാജ്യദ്രോഹ കുറ്റം ചുമത്തിയുള്ള കേസുകൾ രജിസ്റ്റർ ചെയ്തത്. ആസാം 54, ജാർഖണ്ഡ് 40, ഹരിയാന 31, ബീഹാർ, പഴയ ജമ്മു ആൻഡ് കാശ്മീർ 25 കേസുകൾ വീതം. കേരളത്തിൽ 2016 മുതൽ 25 കേസുകൾ (2019, 2020, 2021 വർഷങ്ങളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല) 2014–19 കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്തത് 326 കേസുകളാണ്. ചാർജ്ഷീറ്റ് ഫയൽ ചെയ്തത് 141 കേസുകളിൽ മാത്രം. അതിൽ 6 പേർക്കെതിരെ മാത്രമേ കുറ്റം ചുമത്താനായുള്ളു. ബീഹാറിൽ ബിജെപി സർക്കാരിന്റെ കാലത്തു വർധിച്ച അസഹിഷ്ണുതാ സംഭവങ്ങളെ പറ്റിയുള്ള വിമർശനങ്ങൾക്കെതിരെയും, പൗരത്വ ഭേദഗതി നിയമ വിരുദ്ധ പ്രതിഷേധങ്ങൾക്കെതിരെയും, 20 ഓളം കേസുകൾ ഫയൽ ചെയ്തു. ഉത്തർപ്രദേശിൽ പൗരത്വ ഭേദഗതി നിയമത്തിനെതിരെ ഉണ്ടായ പ്രതിഷേധങ്ങൾക്ക് നേരെ 28 കേസുകൾ ഫയൽ ചെയ്തു. ഹത്രാസ്

ബലാത്സംഗ കേസിനെതിരെയുണ്ടായ പ്രതിഷേധങ്ങൾക്കെതിരെ 22 കേസ്, 18 കേസുകൾ ബിജെപി വിമർശനങ്ങൾക്കെതിരെയായിരുന്നു.

2014ൽ 47 കേസുകൾ, 2015ൽ 30, 2016ൽ35 കേസുകൾ, 2017ൽ 51 കേസുകൾ, 2018ൽ 70 കേസുകൾ, 2019 ൽ 93 കേസുകൾ ആണ് ആകെ ഉണ്ടായ വർഷാന്തര കണക്കുകൾ. ഈ വകുപ്പ് ഉപയോഗിച്ച പ്രധാന സംഭവങ്ങൾ, 2016 ജെ എൻ യുവിൽ ഇന്ത്യാ വിരുദ്ധ മുദ്രാവാക്യങ്ങൾ മുഴക്കിയെന്ന പേരിൽ കനയ്യ കുമാർ, ഉമർ ഖാലിദ്, അനിർബൻ ഭട്ടാചാര്യ എന്നിവർക്കെതിരെ രാജ്യദ്രോഹ കുറ്റം ചുമത്തി ജയിലിൽ ഇട്ടു. വരവര റാവു, സുധ ഭരദ്വാജ്, അരുൺ ഫെരേര, വെർനൻ ഗോൺസാൽവസ്, ഗൗതം നവ്ലാഖാ എന്നീ ഇടതുപക്ഷ ആക്ടിവിസ്റ്റുകൾ 2019 ൽ രാജ്യ ദ്രോഹ കുറ്റത്തിന് അറസ്റ്റ് ചെയ്യപ്പെട്ടു (ഭീമ കൊറിഗാവ് കേസ്). ഗുരുതരമായ രോഗങ്ങളുണ്ടായിട്ടു കൂടി 81 വയസ്സുകാരനായ റാവുവിനെ 2021 ഫെബ്രുവരിയിൽ മാത്രമാണ് താത്കാലിക ജാമ്യത്തിൽ വിട്ടത്. ജെസ്യൂട്ട് പാതിരി സ്റ്റാൻ സ്വാമിയുടെ അറസ്റ്റും ഇതോടൊപ്പം തന്നെ കാണാം. മുതിർന്ന മാധ്യമ പ്രവർത്തകർ രാജ്ദീപ് സർദേശായി അടക്കമുള്ള ആറ് പേർക്കെതിരെയും ശശി തരൂർ എംപിക്കെതിരെയും രാജ്യദ്രോഹ കേസ് ചുമത്തിയിരുന്നു. ലഖിംപുർ ഖേരി കൊലപാതകക്കേസുമായി ബന്ധപ്പെട്ട് ഫെയ്ക്ക് ന്യൂസ് പ്രചരിപ്പിച്ചുവെന്ന പേരിലായിലിരുന്നു കേസ്.

പ്രമുഖ മാധ്യമ പ്രവർത്തകൻ വിനോദ് ദുവക്കെതിരെ മോദി വിരുദ്ധ പരാമർശങ്ങൾ നടത്തിയെന്ന പേരിൽ രാജ്യദ്രോഹക്കുറ്റം ചുമത്തിയിരുന്നു. 2021 ജൂണിൽ സുപ്രീം കോടതി ഈ കേസ് റദ്ദ് ചെയ്തു. 2021 ഒക്ടോബറിൽ 3 കശ്മീരി വിദ്യാർഥികൾക്കെതിരെ ഇതേ കേസ് ചുമത്തി. 20 _ 20 മത്സരത്തിൽ പാകിസ്ഥാൻ ഇന്ത്യയെ പരാജയപ്പെടുത്തിയതിൽ ആഹ്ലാദപ്രകടനം നടത്തിയതായിരുന്നു കാരണം. മണിപ്പൂർ മാധ്യമപ്രവർത്തകൻ കിഷോർ ചന്ദ്ര വാംഖം 2021 മെയിൽ മോദിയെയും ആർ എസ് എസിനെയും വിമർശിച്ചതിന് രാജ്യദ്രോഹക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്തു. പ്രസ്തുത വിഷയത്തിൽ പെറ്റീഷനുകൾ എഡിറ്റേഴ്സ് ഗിൽഡ് അടക്കമുള്ളവരുടെ മുമ്പിൽ വന്നപ്പോഴാണ് സുപ്രീം കോടതി ഈ നിയമത്തിന്റെ സാധുതകൾ പരിശോധിക്കാൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായാണ് ഇപ്പോഴത്തെ സുപ്രിം കോടതി വിധി വരുന്നത്.

രാജ്യദ്രോഹ കേസുകൾ NDA കാലത്താണ് ഈ വകുപ്പ് ഉപയോഗിക്കുന്നത് പതിവായത്. 2016 ൽ സിപിഐഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ഉൾപ്പെടെയുള്ള പാർടി നേതാക്കൾക്കെതിരെ ഹൈദരാബാദിൽ സെഡിഷൻ കേസ് ചുമത്തപ്പെട്ടു. മോഡി ഭരണകാലത്ത് വർധിച്ചുവരുന്ന ആൾക്കൂട്ട കൊലകളെയും വിദ്വേഷപ്രകടനങ്ങളെയും പറ്റി പ്രധാനമന്ത്രിക്ക് കത്തെഴുതിയതിന് രാജ്യത്തെ 49 പ്രശസ്ത വ്യക്തികൾക്കെതിരെ സെഡിഷൻ കേസ് ചുമത്തപ്പെട്ടു. 2019 ൽ മുസാഫർപൂറിലെ ഒരു കോടതിയാണ് കേസ് എടുക്കാൻ ഉത്തരവ് നൽകിയത്. രാജ്യദ്രോഹ കേസുകൾ UPAകാലത്തും വ്യാപകമായി ഉപയോഗിച്ചിട്ടുണ്ട്.പീപ്പിൾ യൂണിയൻ ഓഫ് സിവിൽ ലിബർറ്റീസ് ആക്റ്റിവിസ്റ്റ് ബിനായക് സെനിനെതിരെ രാജ്യദ്രോഹ കുറ്റം ചുമത്തി അറസ്റ്റുചെയ്തത് 2007 ൽ UPA ഭരണകാലത്താണ്. UPA സർക്കാരിന്റെ അഴിമതി തുറന്നുകാട്ടി കാർട്ടൂൺ വരച്ചതിന്.

2012 ൽ മുംബൈ പൊലീസാണ് അസീം ത്രിവേദിയെ രാജ്യദ്രോഹ കുറ്റം ചുമത്തി അറസ്റ്റ് ചെയ്തത്.ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും പരമാധികാരത്തിനും മതനിരപേക്ഷതക്കും നേരെ കേന്ദ്ര സർക്കാർ നടത്തികൊണ്ടിരിക്കുന്ന കടന്നാക്രമണങ്ങളെയും വിദ്വേഷ രാഷ്ട്രീയത്തെയും വിമർശിക്കുന്നവരെ വേട്ടയാടാനായിട്ടാണ് സമീപകാലത്ത് ഈ നിയമം ഏറ്റവും കൂടുതൽ ഉപയോഗിച്ചിട്ടുള്ളത്. എതിർപ്പിന്റെയും വിമർശനങ്ങളുടെയും ശബ്ദങ്ങളെ നിശബ്ദമാക്കാനും തങ്ങൾക്കനഭിമതരായ ജനസമൂഹങ്ങളെ അടിച്ചമർത്താനുമാണ് മോഡി സർക്കാർ ഈ വകുപ്പ് വ്യാപകമായി ഉപയോഗിച്ചത്. സുപ്രിം കോടതിയുടെ ചരിത്രപരമായ ഈയൊരു ഇടപെടൽ യു എ പി എ ഉൾപ്പെടെയുള്ള കരിനിയമങ്ങൾക്കെതിരായ പുനപരിശോധനയ്ക്കുള്ള ജുഡീഷ്യൽ ഇടപെടലുകൾക്കുള്ള വഴി തുറക്കട്ടെയെന്നാണ് ജനാധിപത്യവാദികൾ ആഗ്രഹിക്കുന്നത്.●

# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ വീണ്ടും മാന്ദ്യത്തിലേക്ക്

ജോസ്.ടി.എബ്രഹാം




**അടിക്കടി വർധിപ്പിക്കുന്ന ഇന്ധനവില, കുതിച്ചുയരുന്ന വിലക്കയറ്റം, മൂല്യം ഇടിയുന്ന രൂപ, വിപണിയിലെ അനിശ്ചിതത്വം, ആഗോളസാഹചര്യം, സാമ്പത്തികവളർച്ച പിന്നോട്ടുപോകുമെന്ന റിസർവ് ബാങ്കിന്റെയും ഐഎംഎഫിന്റെയും മുന്നറിയിപ്പുകൾ... ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കുഴപ്പത്തിലേക്കാണെന്ന സൂചനകളാണ് വരുന്നത്. റിസർവ് ബാങ്ക് അസാധാരണ രീതിയിൽ അടിസ്ഥാന പലിശനിരക്ക് ഉയർത്തിയത് ഇത് സ്ഥിരീകരിക്കുന്നു.**

സമ്പദ്ഘടനയുടെ അടിസ്ഥാന ഘടക ങ്ങളെല്ലാം ക്ഷീണിതമാണ്. കറന്റ് അക്കൗണ്ട് കമ്മിയും, വ്യാപാരക്കമ്മിയും വളരെ ഉയർന്ന നിലയിലാണ്. വ്യാപാരക്കമ്മി 2022 മാർച്ചിൽ 18.7 ബില്യൺ ആണ്.

ഫോറിൻ പോർട്ട് ഫോളിയോ നിക്ഷേപകർ ഇന്ത്യൻ കമ്പോളത്തിൽ നിന്നു വലിയ തോതിൽ പണം പിൻവലിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ ഫിനാൻഷ്യൽ സർവീസ്, ഐ.റ്റി മേഖലകളിൽ നിന്നു മാത്രം വിദേശ പോർട്ട് ഫോളിയോ നിക്ഷേപകർ ഏപ്രിൽ മാസത്തിൽ 20,000 കോടി രൂപ പിൻവലിച്ചു. തുടർച്ചയായി ഏഴുമാസമായി വിദേശ നിക്ഷേപകർ ഇന്ത്യൻ കമ്പോളത്തിൽ നിന്നും പണം പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. മേയ് 8ാം തീയതി വരെ മാത്രം വിദേശ നിക്ഷേപകർ കമ്പോളത്തിൽ നിന്നും 11,0356 കോടി രൂപ പിൻവലിച്ചു. ഒക്ടോബർ 21 മുതൽ തുടങ്ങിയതാണ് വിദേശനിക്ഷേപകരുടെ പിൻവാങ്ങൽ. ലോകത്തെ കേന്ദ്രബാങ്കുകൾ പലിശ നിരക്കുയർത്തുന്നതും ഉക്രൈൻ യുദ്ധം പെട്രോളിന്റെ വിലഉയർത്തിയതും ഇന്ത്യൻ രൂപയുടെ വിലയിടിവുമെല്ലാം ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ വിദേശ നിക്ഷേപകരുടെ വിശ്വാസം ഇടിയാൻ കാരണമായി.

സാധാരണ മൂന്ന് മാസത്തിലൊരിക്കൽ പണനയ അവലോകന യോഗം ചേർന്നാണ് റിസർവ് ബാങ്ക് പലിശ നിരക്ക് തീരുമാനിക്കുക. ഏപ്രിൽ മാസത്തെ യോഗം അടിസ്ഥാന പലിശ വർധിപ്പിക്കേണ്ടെന്നാണ് തീരുമാനിച്ചത്. അടുത്ത യോഗം ജൂണിലായിരുന്നു നടക്കേണ്ടത്. എന്നാൽ, മേയ് 10 ന് പൊടുന്നനെ പലിശ വർധിപ്പിച്ചു.

സമ്പദ് വ്യവസ്ഥ നേരിടുന്ന യഥാർഥ പ്രശ്നമോ രൂക്ഷമാകുന്ന വിലക്കയറ്റത്തിന്റെ അടിസ്ഥാന കാരണമോ മനസ്സിലാക്കി ഉചിതമായ നടപടി സ്വീകരിക്കുന്നതിനുപകരം വിപണിയിൽ പണത്തിന്റെ ലഭ്യത കുറച്ച് വിലക്കയറ്റം തടയുക എന്ന പരമ്പരാഗത സാമ്പത്തിക സിദ്ധാന്തം പ്രയോഗത്തിൽ വരുത്തുകയാണ് റിസർവ് ബാങ്ക്. എന്നാൽ, ഇതുകൊണ്ടൊന്നും സമ്പദ് വ്യവസ്ഥയെ ഗ്രസിച്ച രോഗം ഭേദമാക്കാനാകില്ല. റിപ്പോ നിരക്ക് വർധിപ്പിച്ചതിലൂടെ ഭവന, വാഹന ഉൾപ്പെടെയുള്ള എല്ലാ വായ്പകളുടെയും പലിശ ഉയരും. നിലവിലുള്ള വായ്പകളുടെ ഇഎംഐ തിരിച്ചടവും ഉയരും. ഫലത്തിൽ വായ്പ എടുത്തവരുടെ ബാധ്യത ഏറുകയാണ്. കോവിഡിൽ തളർന്ന സമ്പദ്വ്യവസ്ഥയുടെ തിരിച്ചുകയറ്റത്തിന് തടയിടുന്ന രീതിയിലാണ് നാണ്യപ്പെരുപ്പം കുതിച്ചുയരുന്നത്. റീട്ടെയിൽ നാണ്യപ്പെരുപ്പം നാല് ശതമാനമായി നിലനിർത്താനാണ് റിസർവ് ബാങ്ക് ലക്ഷ്യമിട്ടിരുന്നത്.

എന്നാൽ, കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ ഇത് ആറ് ശതമാനത്തിനു മുകളിലാണ്. മാർച്ചിൽ 6.9 ശതമാനമായിരുന്നു. ഏപ്രിൽ മാസത്തിൽ 7.79 ശതമാനമായി. 2022 ഏപ്രിൽ മാസത്തിൽ മൊത്തവില പണപ്പെരുപ്പം 15.08 ശതമാനത്തിലേക്ക് ഉയർന്നു. 31 വർഷത്തിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. ഭക്ഷ്യ വസ്തുക്കളുടെ വില വർധന, മാർച്ച് മാസത്തിലെ 8.06 ശതമാനത്തിൽ നിന്ന് 8.35 ശതമാനത്തിലെത്തി. പച്ചക്കറി വിലവർധന 19.88 ശതമാനത്തിൽ നിന്ന് 23.24 ശതമാനത്തിലെത്തി. പരിധി വിട്ടിരിക്കുന്ന ഇന്ധനവില വർധനയും നാണ്യപ്പെരുപ്പവും സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയാണ്. എല്ലാ മേഖലയിലും ആവശ്യകത വർധിക്കാതെതന്നെ വില കുതിച്ചുയരുന്നു. വിലക്കയറ്റം ജനങ്ങളുടെ വാങ്ങൽശേഷിയും കുറയ്ക്കുന്നു.

മാർച്ച് മൂന്നാംവാരത്തിനുശേഷം പെട്രോൾ, ഡീസൽ വില ലിറ്ററിന് 13 രൂപയോളം വർധിപ്പിച്ചു. ഇത് എല്ലാ മേഖലയിലും വലിയ തോതിലുള്ള വിലക്കയറ്റം സൃഷ്ടിച്ചു. ഭക്ഷ്യവില സൂചിക ഇപ്പോൾ രണ്ടക്കത്തിലാണ്. രാജ്യത്ത് ആവശ്യത്തിന് ഭക്ഷ്യധാന്യശേഖരം ഉണ്ടെന്ന് സർക്കാർ പ്രഖ്യാപിക്കുമ്പോഴാണ് ഭക്ഷ്യവില സൂചിക ഉയരുന്നതെന്ന വിരോധാഭാസവുമുണ്ട്.

കോവിഡിനെ അതിജീവിച്ച് സമ്പദ് വ്യവസ്ഥ പഴയനില കൈവരിച്ചുവെന്നാണ് മോദി സർക്കാർ അവകാശപ്പെടുന്നത്. എന്നാൽ, സ്ഥിതി മോശമാകുന്നുവെന്നാണ് റിസർവ് ബാങ്ക്, ഐഎംഎഫ്, എസ്ബിഐ തുടങ്ങിയ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. 2022–23ൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ചനിരക്ക് 8.2 ശതമാനമാകുമെന്നാണ് ഐഎംഎഫ് അനുമാനം. നേരത്തേ ഒമ്പത് ശതമാനമാകുമെന്നായിരുന്നു പ്രവചനം. ആർബിഐ ആകട്ടെ വളർച്ച നിരക്ക് 7.8ൽനിന്ന് 7.2 ശതമാനമാക്കി കുറച്ചു.

ഇന്നത്തെ സ്ഥിതിയിൽ ഇതിലും താഴെയായിരിക്കും വളർച്ചയെന്നാണ് സാമ്പത്തിക വിദഗ്ധർ പറയുന്നത്.

രൂപയുടെ മൂല്യം അതിവേഗം ഇടിയാനുള്ള സാധ്യതയുണ്ടെന്നും നടപ്പു ധനവർഷത്തിൽ ഡോളറിന് 81.5 രൂപ ആകുമെന്നുമാണ് ഐഎംഎഫിന്റെ മുന്നറിയിപ്പ്. ഇത് സമ്പദ് വ്യവസ്ഥയിൽ വലിയ പ്രത്യാഘാതമുണ്ടാക്കും. കോവിഡ് മഹാമാരി രാജ്യത്തുണ്ടാക്കിയ സാമ്പത്തികാഘാതം മറികടക്കാൻ 12 വർഷം വരെ വേണ്ടിവന്നേക്കുമെന്നാണ് ആർബിഐ 2021–22 ലെ കറൻസി ആൻഡ് ഫിനാൻസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്.

2020–21 ധനവർഷത്തിൽ വളർച്ചനിരക്ക്പൂജ്യത്തിനും താഴെ 7.3 ശതമാനമായി ഇടിഞ്ഞിരുന്നു. കഴിഞ്ഞ ധനവർഷം 8.9 ശതമാനം വളർച്ച അവകാശപ്പെടുന്നുണ്ടെങ്കിലും സാധാരണ ജനങ്ങൾക്ക് ഇതിന്റെ നേട്ടം ലഭിച്ചിട്ടില്ല. വൻകിട കോർപറേറ്റുകളുടെ സമ്പത്ത് ഇരട്ടിച്ചപ്പോൾ സാധാരണക്കാരന്റെ വരുമാനത്തിൽ വൻ ഇടിവുണ്ടായി. ഇന്ധന വില വർധന ഉൾപ്പെടെയുള്ള ജനദ്രോഹനടപടികളിൽനിന്ന് മോദി സർക്കാർ പിന്തിരിയുന്നില്ലെങ്കിൽ സാമ്പത്തികമാന്ദ്യം രൂക്ഷമായി സാധാരണക്കാരുടെ ജീവിതം ദുരന്തത്തിലേക്ക് എടുത്തെറിയപ്പെടും.

## റിസർവ് ബാങ്ക് നിരക്കുയർത്തുന്നത് പ്രതിവിധിയല്ല

റഷ്യ യുക്രെൻ യുദ്ധത്തെത്തുടർന്ന് ആഗോളതലത്തിൽ വിവിധ അസംസ്കൃത ഉത്പന്നങ്ങളുടെ വിലയിൽ വലിയ വർധനയുണ്ടായത്. പണപ്പെരുപ്പഭീഷണി വർധിപ്പിച്ച സാഹചര്യത്തിലാണ് റിസർവ് ബാങ്ക് നിരക്കുകൾ ഉയർത്തിയത്.

രാജ്യത്ത് മൂന്നുമാസമായി പണപ്പെരുപ്പം ആർ.ബി.ഐ.യുടെ പരമാവധി പരിധിയായ ആറുശതമാനത്തിനു മുകളിലാണ്. യുദ്ധം തുടരുന്ന സാഹചര്യത്തിൽ പണപ്പെരുപ്പം ഉയരത്തിൽ തുടർന്നേക്കും. ഏപ്രിലിൽ ഇത് 7.79 ശതമാനമായി. ഈ സാഹചര്യത്തിലാണ് അടിയന്തരനടപടി.

2018 ഓഗസ്റ്റിനുശേഷം ആദ്യമായാണ് റിപ്പോ നിരക്ക് കൂട്ടുന്നത്. ഇതോടൊപ്പം, വാണിജ്യ ബാങ്കുകളിൽനിന്ന് അധികമുള്ള പണം വലിച്ചെടുക്കാനുള്ള ആർ.ബി.ഐ.യുടെ ഉപാധിയായ സ്റ്റാൻഡിങ് ഡെപ്പോസിറ്റ് ഫെസിലിറ്റി (എസ്.ഡി.എഫ്.) നിരക്ക് 3.75 ശതമാനത്തിൽനിന്ന് 4.15 ശതമാനമായും ബാങ്കുകൾക്ക് പണലഭ്യത ഉറപ്പാക്കാനുള്ള മാർജിനൽ സ്റ്റാൻഡിങ് ഫെസിലിറ്റി (എം.എസ്.എഫ്.) 4.25 ശതമാനത്തിൽനിന്ന് 4.65 ശതമാനമായും കൂട്ടി.

ബാങ്ക് നിരക്ക് 4.25 ശതമാനത്തിൽനിന്ന് 4.65 ശതമാനമാക്കി. റിവേഴ്സ് റിപ്പോ 3.75 ശതമാനമായി ഉയർത്തി. ബാങ്കുകൾ റിസർവ് ബാങ്കിൽ സൂക്ഷിക്കേണ്ട കരുതൽധനത്തിന്റെ അനുപാതം (സി.ആർ.ആർ.) നാലു ശതമാനത്തിൽനിന്ന് 4.50 ശതമാനമാക്കി. മേയ് 21 മുതലായിരിക്കും പുതിയ സി.ആർ.ആർ. പ്രാബല്യത്തിലാവുക. ഇതുവഴി, വിപണിയിൽ അധികമുള്ള 87,000 കോടി രൂപ പിൻവലിക്കാൻ കഴിയും. ആഗോളസാഹചര്യങ്ങൾ മുൻനിർത്തി പണപ്പെരുപ്പനിരക്ക് പരിധിവിട്ടുയരുന്നത് ഒഴിവാക്കാനാണ് അസാധാരണ പണവായ്പാ സമിതി യോഗംചേർന്നത്. 2020 മേയിലും ഇതേ രീതിയിൽ അസാധാരണ യോഗം ചേർന്നിരുന്നു.

ആഗോള ഭക്ഷ്യവിലക്കയറ്റവും അസംസ്കൃത എണ്ണവില ഉയർന്നുനിൽക്കുന്നതും പണപ്പെരുപ്പം കുറച്ചുകാലത്തേക്ക് ഉയർന്നുനിൽക്കാൻ കാരണമാകുമെന്നാണ് ആർ.ബി.ഐ. കണക്കാക്കുന്നത്. ഇതാണ് ജൂണിലെ നിർദിഷ്ട എം.പി.സി. യോഗത്തിനായി കാത്തുനിൽക്കാതെ മേയിൽ അസാധാരണ യോഗം ചേർന്നത്.

ജനങ്ങളുടെ കൈയിൽ പണം കുന്നുകൂടി ഉപഭോഗത്തിൽ വലിയ വർധന വരുന്നതാണ് വിലക്കയറ്റത്തിന്റെ കാരണം എന്ന നിഗമനമാണോ പണലഭ്യത കുറയ്ക്കൽ തീരുമാനത്തിനുപിന്നിലെന്നു ആരും സംശയിച്ചുപോകും. പെട്രോളിയം ഉത്പന്നങ്ങളുടെ തുടർച്ചയായ വിലക്കയറ്റമാണ് നിത്യോപയോഗ സാധനങ്ങളുടെ വൻ വിലക്കയറ്റത്തിന് കാരണം. ഇന്ധനവിലക്കയറ്റമാകട്ടെ, കൂടുതലും സ്വാഭാവികമായതല്ല, നികുതിയിലൂടെ അടിച്ചേൽപ്പിക്കുന്നതാണ്. ഭക്ഷ്യോത്പന്നങ്ങളുടെ വിലക്കയറ്റവും പാചകവാതകത്തിന്റെ വിലക്കയറ്റവും ഭക്ഷ്യഎണ്ണകളുടെ ക്ഷാമവും കാരണമാണ്. യുക്രെൻ യുദ്ധവും റഷ്യക്കെതിരായ യൂറോഅമേരിക്കൻ ഉപരോധവും പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്തു. ഈ പ്രശ്നം പരിഹരിക്കുന്നതിനെന്ന പേരിൽ പലിശ വർധിപ്പിക്കുമ്പോൾ സാധാരണക്കാരും ഇടത്തരക്കാരുമാണ് പ്രയാസത്തിലാവുക.

റിപ്പോനിരക്ക് കൂട്ടിയ കാര്യം അറിയിക്കുന്നതിന് നടത്തിയ പത്രസമ്മേളനത്തിൽത്തന്നെ റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ് പറഞ്ഞത് ഗോതമ്പിന്റെയും ഭക്ഷ്യഎണ്ണകളുടെയും വിലക്കയറ്റം തുടരാനാണ് സാധ്യതയെന്നാണ്. അതിന്റെ തുടർച്ചയായി ഗോതമ്പിന്റെ ഉത്പാദനത്തിൽ ഗണ്യമായ കുറവുണ്ടായേക്കുമെന്ന കേന്ദ്രഭക്ഷ്യവകുപ്പിന്റെ പ്രസ്താവനയും വന്നു. കേരളത്തിന് ലഭിക്കേണ്ട പതിനാറായിരത്തോളം ടൺ ഗോതമ്പ് ഇത്തവണ കിട്ടില്ലെന്നും വ്യക്തമായി. പണപ്പെരുപ്പനിരക്ക് ആറുശതമാനത്തിലെങ്കിലും പിടിച്ചുകെട്ടുകയെന്ന ആർ.ബി.ഐ. ലക്ഷ്യം അതിവിദൂരമായേക്കുമെന്നാണ് സൂചന.




# റിപ്പോറേറ്റ്

റിസർവ് ബാങ്ക് വാണിജ്യബാങ്കുകൾക്ക് നൽകുന്ന വായ്പയുടെ നിരക്കാണ് റിപ്പോറേറ്റ്. സർക്കാർ സെക്യൂരിറ്റികളുടെ പിൻബലത്തിലാണ് റിസർവ്ബാങ്ക് ബാങ്കുകൾക്ക് ഈ വായ്പ നൽകുന്നത്. റിപ്പോ നിരക്ക് ഉയർത്തുന്നത് കമ്പോളത്തിലെ പണലഭ്യത നിയന്ത്രിക്കാനാണ്. റിപ്പോനിരക്കുയർന്നു നിന്നാൽ ബാങ്കുകൾ റിസർവ് ബാങ്കിൽ നിന്നും വായ്പയെടുക്കുന്നത് കുറയ്ക്കും. മാത്രമല്ല കമ്പോളത്തിൽ ബാങ്കുകൾ നൽകുന്ന വായ്പയുടെ പലിശ നിരക്ക് ഉയർത്തുകയും ചെയ്യും. അപ്പോൾ ആളുകൾ വായ്പയെടുക്കുന്നത് കുറയ്ക്കും. സാധനങ്ങൾ വാങ്ങുന്നത് കുറക്കും. ഈ രീതിയിൽ വിലക്കയറ്റം കുറക്കാം എന്നാണ് സങ്കൽപ്പം. എന്നാൽ പലപ്പോഴും ഈ സാമ്പത്തിക ശാസ്ത്രത്തിന്റെ നേർരേഖയിലല്ല കമ്പോളം ചലിക്കുന്നത് എന്നാണ് അനുഭവം. ഇപ്പോൾ റിപ്പോറേറ്റ് 4.4%

# റിവേഴ്സ് റിപ്പോ നിരക്ക്

ബാങ്കുകൾ റിസർവ് ബാങ്കിൽ നടത്തുന്ന നിക്ഷേപത്തിന് നൽകുന്ന പലിശയാണ് റിവേഴ്സ് റിപ്പോറേറ്റ്. റിവേഴ്സ് റിപ്പോറേറ്റ് കൂട്ടിയാൽ ബാങ്കുകൾ റിസർവ് ബാങ്കിൽ ഇടുന്ന പണത്തിന്റെ അളവു കൂട്ടും. ഇത്തരത്തിലും കമ്പോളത്തിലെ പണലഭ്യത നിയന്ത്രിക്കാൻ കേന്ദ്രബാങ്കുകൾ ശ്രമിക്കാറുണ്ട്. ഇപ്പോൾ റിവേഴ്സ് റിപ്പോ റേറ്റ് 3.75%.

# സ്റ്റാഗ്ഫ്ളേഷൻ

ഉൽപ്പാദനം മുരടിപ്പിലായിരിക്കുമ്പോഴും നാണയപ്പെരുപ്പം ഉണ്ടാകുന്ന അവസ്ഥയെ സ്റ്റാഗ്ഫ്ളേഷൻ എന്നു ചുരുക്കി പറയാം. ഇപ്പോൾ ലോകസമ്പദ് വ്യവസ്ഥയും ഇന്ത്യൻ സമ്പദ്വ്യവസ്ഥയും സ്റ്റാഗ്ഫ്ളേഷൻ എന്ന അവസ്ഥയിലേക്ക് കടക്കുകയാണെന്ന് പല സാമ്പത്തിക ശാസ്ത്രജ്ഞരും പറയുന്നുണ്ട്.

സ്റ്റാഗ്നേഷൻ, ഇൻഫ്ളേഷൻ എന്നീ രണ്ടു പദങ്ങൾ ചേർന്നാണ് "സ്റ്റാഗ്ഫ്ളേഷൻ" എന്ന പദമുണ്ടാകുന്നത്. "സ്റ്റാഗ്നേഷൻ" എന്നാൽ വളർച്ചയും ഉല്പാദനവും ഉപഭോഗവും എല്ലാം മുരടിച്ചു നിൽക്കുന്ന അവസ്ഥയാണ് 'ഇൻഫ്ളേഷൻ' വിലക്കയറ്റത്തിന്റെയും പണപ്പെരുപ്പത്തിന്റെയും സ്ഥിതിയാണ്. സ്റ്റാഗ്നേഷനും, ഇൻഫ്ളേഷനും ഒരേ സമയം സമ്പദ്വ്യവസ്ഥയെ ബാധിച്ചാൽ അതൊരു വിഷമം പിടിച്ച സാമ്പത്തിക അവസ്ഥയാണ്. അതിൽ നിന്നു മോചനം കിട്ടി സ്ഥിതിഗതികൾ മെച്ചപ്പെടാൻ കുറെയധികം സമയമെടുക്കും.



# രൂപയുടെ മൂല്യം ഇടിഞ്ഞു താഴുന്നു



യുഎസ് ഡോളറുമായുള്ള വിനിമയത്തിൽ രൂപയുടെ മൂല്യം ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ. മേയ് 18 ന് ഒരു ഡോളറിന് 77.57 രൂപയാണ് കൈമാറ്റ നിരക്ക്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) തുടർച്ചയായി നടത്തിവരുന്ന തീവ്രശ്രമങ്ങൾക്കു ഡോളറിന്റെ മുന്നേറ്റത്തെ തളയ്ക്കാൻ കഴിയുന്നില്ലെന്നായിരിക്കുന്നു. ഡോളറിന്റെ മുന്നേറ്റം രാജ്യത്തെ ഓഹരി വിപണിയെ കൂടുതൽ തകർച്ചയിലേക്കാണു നയിക്കുക. രാജ്യാന്തര വിപണിയിൽ സ്വർണ വില ഇടിയുമെങ്കിലും ഡോളർ കരുത്താർജിക്കുന്നത് ആഭ്യന്തരവിപണിയിൽ വിലക്കയറ്റത്തിന് ഇടയാക്കും.

ഡോളറുമായുള്ള വിനിമയത്തിൽ ഏറ്റവും ദുർബലമായ കറൻസികളിലൊന്നാണു രൂപ. അതുകൊണ്ടുതന്നെ രൂപയുടെ വിലത്തകർച്ച പിടിച്ചുനിർത്താൻ ആർബിഐ പല തന്ത്രങ്ങളും പരീക്ഷിക്കുന്നുണ്ട്.

2022 ഫെബ്രുവരി മാസം മുതൽ രൂപയുടെ വില പിടിച്ചു നിർത്താൻ ആർബിഐ ഡോളർ പണക്കമ്പോളത്തിൽ വിൽക്കുന്നുണ്ട്.

മാർച്ച് ആദ്യം 200 കോടി ഡോളർ വരെ വിറ്റഴിച്ച ദിവസമുണ്ട്. പൊതുമേഖലയിലെ ചില വൻകിട ബാങ്കുകളും സ്വകാര്യ മേഖലയിലെ ചില പ്രമുഖ ബാങ്കുകളും ആർബിഐക്കുവേണ്ടി സ്പോട് വിപണിയിലും ഗിഫ്റ്റ് സിറ്റിയിലും ഡോളർ വിൽപന നടത്തിയെന്നു ബാങ്കുകളുമായി ബന്ധപ്പെട്ട വിദേശനാണ്യ വ്യാപാരികൾ പറഞ്ഞു.

ഏറ്റവും ഒടുവിൽ മിന്നൽ നടപടിയിലൂടെ ആർബിഐ പലിശ നിരക്കുകൾ വർധിപ്പിച്ചതും ലഭ്യത കുറച്ചു രൂപയ്ക്കു കരുത്തു പകരാനായിരുന്നു. എന്നാൽ ഈ നടപടികൾക്കൊന്നും കാര്യമായ നേട്ടമുണ്ടാക്കാൻ കഴിയാതെപോകുന്നു.

**യുഎസ് ഡോളറുമായുള്ള വിനിമയത്തിൽ രൂപയുടെ മൂല്യം ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ. രൂപയുടെ വിലത്തകർച്ച പകർച്ചവ്യാധിപോലെയാണ് ഓഹരി വിപണിയെ പിടികൂടിയത്. രൂപയുടെ വിലത്തകർച്ച സ്വർണ വിപണിയിലും പ്രതിഫലിച്ചു.**

യുഎസിലെ പലിശ നിരക്കിൽ വർധന പ്രഖ്യാപിച്ചതുമൂലം വിദേശ ധനസ്ഥാപനങ്ങൾ ഇന്ത്യയിലെ ഓഹരി, കടപ്പത്ര വിപണികളിൽനിന്നു വൻതോതിലാണു നിക്ഷേപം പിൻവലിക്കുന്നത്. ഇതു തുടരുന്നിടത്തോളം രൂപ കൂടുതൽ ദുർബലമാകും. രാജ്യാന്തര വിപണിയിൽ എണ്ണ വില ഉയർന്ന തോതിൽ തുടരുന്നതും രൂപയ്ക്കു ദോഷമാണ്. കറന്റ് അക്കൗണ്ട് കമ്മി വർധിക്കുകയായിരിക്കും ഫലം. കമ്മിയിലെ വർധന രൂപയ്ക്കു കൂടുതൽ ദോഷം ചെയ്യും.

രൂപയുടെ വിലത്തകർച്ച പകർച്ചവ്യാധിപോലെയാണ് ഓഹരി വിപണിയെ പിടികൂടിയത്. 4% ഇടിവു നേരിട്ട സെൻസെക്സിനും നിഫ്റ്റിക്കും വീണ്ടും തകർച്ച. സെൻസെക്സ് മേയ് ഒന്നിന്




**യുഎസിലെ പലിശ നിരക്കിൽ വർധന പ്രഖ്യാപിച്ചതുമൂലം വിദേശ ധനസ്ഥാപനങ്ങൾ ഇന്ത്യയിലെ ഓഹരി, കടപ്പത്ര വിപണികളിൽനിന്നു വൻതോതിലാണു നിക്ഷേപം പിൻവലിക്കുന്നത്. ഇതു തുടരുന്നിടത്തോളം രൂപ കൂടുതൽ ദുർബലമാകും.**

364.91 പോയിന്റ് താഴ്ന്ന് 54,470.67 ൽ എത്തി. നിഫ്റ്റി 109.40 പോയിന്റ് ഇടിവോടെ 16,301.85 നിലവാരത്തിലാണ് അവസാനിച്ചത്.

രൂപയുടെ വിലത്തകർച്ച സ്വർണ വിപണിയിലും പ്രതിഫലിച്ചു. കേരളത്തിൽ വില പവന് 38,000 രൂപയായി. ഈ മാസത്തെ ഏറ്റവും കൂടിയ വിലയാണിത്.

ചരിത്രത്തിൽ ആദ്യമായി യുഎഇ ദിർഹത്തിനും ഖത്തർ റിയാലിനുമെതിരെ രൂപയുടെ മൂല്യം 21 കടന്നു. ഒരു ദിർഹത്തിന് 21.10 രൂപയായിരുന്നു വിനിമയ നിരക്കെങ്കിലും പണമിടപാട് സ്ഥാപനങ്ങളിൽ പരമാവധി 21.01 രൂപവരെയാണ് നൽകിയത്. 21.28 രൂപ വിപണി നിരക്കുള്ള ഖത്തർ റിയാലിന് ധന വിനിമയസ്ഥാപനങ്ങളിൽ പരമാവധി 21.10 വരെ നൽകി. സൗദി റിയാൽ 20.65 രൂപ, ബഹ്റൈൻ ദിനാർ 205.57 രൂപ, കുവൈത്ത് ദിനാർ 252.43 രൂപ, ഒമാൻ റിയാൽ 201.27 രൂപ എന്നിങ്ങനെയാണു മറ്റു ഗൾഫ് രാജ്യങ്ങളിലെ നിരക്കുകൾ.



## ക്യാഷ് റിസർവ് റേഷ്യ (Cash Reserve Ratio)

ബാങ്കുകളിലെ മൊത്തം നിക്ഷേപത്തിന്റെ ഒരു ചെറിയ പങ്ക് പണമായോ, റിസർവ് ബാങ്കിൽ നിക്ഷേപമായോ സൂക്ഷിക്കണമെന്ന് റിസർവ് ബാങ്ക് വ്യവസ്ഥ ചെയ്യുന്നു. ഇതാണ് 'ക്യാഷ് റിസർവ് റേഷ്യ'. ബാങ്കുകൾക്ക് ആവശ്യമായി വരുന്ന പണത്തിനും, നിക്ഷേപകരുടെ പണം മടക്കി നൽകുന്നതിനും ഒരു ഘട്ടത്തിലും കുറവ് വരാതിരിക്കാനാണ് ഈ നിബന്ധന. ക്യാഷ് റിസർവ് റേഷ്യ ഉയർത്തിയാൽ ബാങ്കുകൾക്ക് വായ്പ നൽകാൻ ലഭ്യമാകുന്ന പണം കുറയും. കമ്പോളത്തിലെ പണലഭ്യതയും കുറയും. ഇത് വിലക്കയറ്റം നിയന്ത്രിക്കാൻ സഹായിക്കും. ഇപ്പോൾ (CRR) 4.5 %




## ബാങ്ക് റേറ്റ്

കുറഞ്ഞ കാലത്തേക്ക് റിസർവ് ബാങ്ക് വാണിജ്യ ബാങ്കുകൾക്ക് നൽകുന്ന വായ്പയുടെ പലിശനിരക്കാണ് ബാങ്ക് റേറ്റ്. ബാങ്ക് റേറ്റ് ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതും കമ്പോളത്തിലെ പണലഭ്യതയെ ബാധിക്കും. ഇപ്പോൾ ബാങ്ക് റേറ്റ് 4.65%. ബാങ്ക് റേറ്റിനെ അടിസ്ഥാനമാക്കിയാണ് കമ്പോളത്തിലെ പല പലിശ നിരക്കുകളും തീരുമാനിക്കുന്നത്. വാണിജ്യ ബാങ്കുകൾക്ക് സെക്യൂരിറ്റി നൽകാതെ റിസർവ് ബാങ്കിൽ നിന്നും എടുക്കുന്ന വായ്പയുടെ റേറ്റാണ് ബാങ്ക് റേറ്റ്. സെക്യൂരിറ്റിയോടു കൂടി വാങ്ങുന്ന വായ്പയുടെ റേറ്റാണ് റിപ്പോറേറ്റ്.



# മണ്ണെണ്ണ വില 84 രൂപ



2020 മേയിൽ 18 രൂപയായിരുന്ന റേഷൻ മണ്ണെണ്ണവില ഇപ്പോൾ 84 (അഞ്ചുശതമാനം ജി.എസ്.ടി. ഉൾപ്പെടെ) രൂപയായി. മണ്ണെണ്ണയ്ക്ക് രണ്ടുവർഷത്തിനിടെമാത്രം ലിറ്ററിന് 66 രൂപയാണ് കേന്ദ്രസർക്കാർ കൂട്ടിയത്. ഓരോ മാസവും വില കുത്തനെ കൂട്ടി. ഏപ്രിലിലാണ് ഏറ്റവും വില കൂട്ടിയത്. 59 രൂപയായിരുന്നത് ഒറ്റയടിക്ക് 22 രൂപ കൂട്ടി 81 ആക്കി. ക്ഷാമംമൂലം കേരളത്തിൽ റേഷൻ മണ്ണെണ്ണ നൽകുന്നത് മൂന്നുമാസത്തിൽ ഒരിക്കലാക്കിയിരുന്നു. വിലക്കയറ്റവും വിഹിതത്തിലെ കുറവും മത്സ്യമേഖലയെ പ്രതിസന്ധിയിലാക്കി. മീൻപിടിത്തത്തിനുപോകുന്ന വള്ളങ്ങൾക്കുമാത്രം വർഷം ഒരുലക്ഷത്തിലധികം കിലോലിറ്റർ മണ്ണെണ്ണ വേണം.

### മണ്ണെണ്ണ വിലക്കയറ്റം

| | |
|---|---|
| 2020 മേയ് | 18 രൂപ |
| ഓഗസ്റ്റ് | 31 |
| 2021 ജനുവരി | 37 |
| മാർച്ച് | 40 |
| ജൂൺ | 44 |
| 2022 ജനുവരി | 53 |
| മാർച്ച് | 59 |
| മേയ് | 84 |

## ഗ്യാസിന്റെ വില 2022 ജനുവരി മുതൽ

| തീയതി | ഗാർഹിക സിലിണ്ടർ | വർദ്ധന | വാണിജ്യ സിലിണ്ടർ | വർദ്ധന 2021 |
|---|---|---|---|---|
| ജനുവരി 1 | 701 രൂപ | | 1319 | |
| 2022 ജനുവരി 1 | 906.50 | 0 | 1993.50 | 102 |
| ഫെബ്രുവരി 1 | 906.50 | 0 | 1902.50 | 91 |
| മാർച്ച് 1 | 906.50 | 0 | 2008.50 | +106 |
| മാർച്ച് 22 | 956.50 | +50 | 2000.50 | 8 |
| ഏപ്രിൽ 1 | 956.50 | 0 | 2256 | +255.50 |
| മേയ് 1 | 956.50 | 0 | 2359 | +103 |
| മേയ് 7 | 1006.50 | + 50 | 2349.50 | 9.50 |



# 17 മാസത്തിനിടെ പാചകവാതക വിലവർധന 306 രൂപ

കഴിഞ്ഞ വർഷം ജനുവരിയിൽ 701 രൂപയായിരുന്ന ഗാർഹിക സിലിണ്ടർ വിലയാണ് ഇപ്പോൾ ആയിരത്തിനു മുകളിൽ എത്തിയത്. 17 മാസത്തിനിടെ കൂടിയത് 306 രൂപ. വാണിജ്യ സിലിണ്ടറിന് ഇക്കാലയളവിൽ 1031 രൂപയും വർധിച്ചു. മാർച്ച് 22 നാണ് ഗാർഹികാവശ്യങ്ങൾക്കുള്ള എൽ.പി.ജി. വില അവസാനം കൂട്ടിയത്. 50 രൂപയാണ് അന്നും കൂട്ടിയത്. നാലുമാസത്തെ ഇടവേളയ്ക്കുശേഷമുള്ള വിലവർധനയായിരുന്നു അത്. 2022ൽ ഇതുവരെ 100 രൂപയാണ് കൂടിയത്. വാണിജ്യാവശ്യത്തിനുള്ള 19 കിലോഗ്രാം എൽ.പി.ജി. സിലിൻഡർവില അടുത്തിടെ ഉയർത്തിയിരുന്നു. അന്നതിന് 103 രൂപ കൂട്ടിയപ്പോൾ 2359 രൂപയായി.




### കോർപറേറ്റ് വിരുദ്ധ സമരത്തെ

## ദേശീയ സ്വാതന്ത്ര്യ ആഘോഷവുമായി കണ്ണിചേർക്കുക

മോഡി സർക്കാരിന്റെ കർഷക വിരുദ്ധവും, തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവുമായ നയങ്ങൾക്കെതിരെ കർഷകരും തൊഴിലാളികളും ചേർന്ന് പ്രത്യേകമായും സംയുക്തമായും നടത്തുന്ന സമരങ്ങൾ പുതുരൂപമാർജിച്ച് സർക്കാരിനെ തൽക്കാലത്തേക്കെങ്കിലും പ്രതിരോധത്തിലാക്കുമ്പോൾ തന്നെ വർഗീയ വിഭജനത്തിന്റെ വിഷവിത്ത് പാകിക്കൊണ്ട് ഈ മുന്നേറ്റത്തെ ശിഥിലമാക്കാനാണ് ആർഎസ്എസ് ശ്രമിക്കുന്നത്. ഈ നയങ്ങൾ മത ജാതി ഭേദമില്ലാതെ എല്ലാ വിഭാഗം അധ്വാനിക്കുന്ന ജനങ്ങളുടെയും ജീവനും ഉപജീവന മാർഗങ്ങളും തകർക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ ഉയരുന്ന ജനരോഷത്തെ മറികടക്കാൻ വേണ്ടിയാണ് ഈ വർഗീയ അതിക്രമങ്ങൾ. വിവിധ സർക്കാരുകളും മുനിസിപ്പൽ അധികൃതരും ചേർന്ന് പാവപ്പെട്ടവരുടെ വാസസ്ഥലങ്ങളും ഉപജീവനോപാധികളും ബുൾഡോസർ പായിച്ച് ഇല്ലാതാക്കുന്നു. തൊഴിലാളികളും കർഷകരും നേടിയ ഐതിഹാസിക വിജയത്തെ കൂടി മായ്ച്ചു കളയാനാണ് ഈ ബുൾഡോസർ കൊണ്ട് ശ്രമിക്കുന്നത്. സാമ്രാജ്യത്വം അതിന്റെ സ്വാഭാവിക സഖ്യകക്ഷിയായ നവലിബറൽ ശക്തികളുമായി ചേർന്ന് ഇന്ത്യ അടക്കം എല്ലാ രാജ്യങ്ങളിലും ഇത്തരം വിഭാഗീയ ശ്രമങ്ങൾ തുടരുന്നുണ്ട്.

തൊഴിലാളി കർഷക പ്രസ്ഥാനങ്ങളെ സംരക്ഷിക്കാനും അവയെ കൂടുതൽ ഉയരങ്ങളിലെത്തിക്കാനും ഒരേ സമയം നവലിബറൽ നയങ്ങൾക്കെതിരെയും വർഗീയതയ്ക്കെതിരെയും പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരണം. തലമുറകളായി നിഷ്ക്രിയമാണെങ്കിലും വർഗീയതയ്ക്കും നവലിബറൽ നയങ്ങൾക്കും എതിരായി ബോധപൂർവം പ്രക്ഷോഭം വളർത്തിയെടുക്കുകയും അതിനെ നമ്മുടെ സ്വാതന്ത്ര്യ സമരവുമായി കണ്ണിചേർക്കുകയും വേണം.

**വർക്കിങ് ക്ലാസ് എഡിറ്റോറിയൽ**




# ഗോതമ്പ് സംഭരണം കേന്ദ്രം വെട്ടിക്കുറച്ചു രാജ്യം ഭക്ഷ്യ പ്രതിസന്ധിയിലേക്ക്

വിലക്കയറ്റവും തൊഴിലില്ലായ്മയും രൂക്ഷമായിരിക്കെ ഭക്ഷ്യസുരക്ഷയിലും രാജ്യം പ്രതിസന്ധിയിലേക്ക്. കടുത്ത ചൂടിൽ ഗോതമ്പ് ഉൽപ്പാദനത്തിലുണ്ടായ കുറവും പൊതുസംഭരണത്തിൽനിന്നുള്ള സർക്കാർ പിൻമാറ്റവും ഉക്രയ്ൻ യുദ്ധ പശ്ചാത്തലത്തിൽ ധാന്യക്കയറ്റുമതിക്ക് ഊന്നൽ നൽകുന്നതുമാണ് പ്രതിസന്ധിക്ക് വഴിയൊരുക്കുന്നത്.

പ്രധാനമന്ത്രി ഗരീബ്കല്യാൺ അന്ന യോജന പ്രകാരം (പിഎംജികെഎവൈ) കേരളമടക്കം മൂന്ന് സംസ്ഥാനങ്ങൾക്ക് നൽകേണ്ട ഗോതമ്പ് വിഹിതം സെപ്തംബർവരെ പൂർണമായും എടുത്തുകളഞ്ഞു. ഡൽഹി, ഗുജറാത്ത്, മഹാരാഷ്ട്ര, ബംഗാൾ തുടങ്ങി എട്ട് സംസ്ഥാനങ്ങളുടെ ഗോതമ്പ് വിഹിതം ഗണ്യമായി വെട്ടിക്കുറച്ചു. പകരം അരി നൽകുമെന്നാണ് വാഗ്ദാനം.

നടപ്പു സാമ്പത്തികവർഷം ഗോതമ്പ് സംഭരണം പകുതിയായി കുറയുമെന്ന് ഭക്ഷ്യ സെക്രട്ടറി സുധാൻശു പാണ്ഡെ അറിയിച്ചു. 1.95 കോടി ടൺ ഗോതമ്പ്മാത്രമാകും 2022–23ൽ സംഭരിക്കുക. മുൻ വർഷം 4.33 കോടി ടൺ സംഭരിച്ചിരുന്നു. കുറവ്2.38 കോടി ടൺ. പഞ്ചാബിലെ സംഭരണം സർക്കാർ അവസാനിപ്പിച്ചു. 1.62 കോടി ടൺ ഗോതമ്പാണ് മെയ് ഒന്നുവരെ സർക്കാർ സംഭരിച്ചിരിക്കുന്നത്.

മാർച്ച് ഏപ്രിലിലെ കൊടുംചൂടിൽ ഉൽപ്പാദനം കുറഞ്ഞ് മണ്ഡികളിൽ ഗോതമ്പ് എത്താത്തതിനാൽ സംഭരണം നിർത്തുന്നെന്നാണ് ഭക്ഷ്യസെക്രട്ടറി പറയുന്നത്. എന്നാൽ, കൂടുതൽ കയറ്റുമതിയെന്ന ലക്ഷ്യവും സർക്കാർ പിൻവാങ്ങലിന് പിന്നിലുണ്ട്. സർക്കാരിന്റെ വിവിധ ഭക്ഷ്യപദ്ധതികളിലൂടെ കഴിഞ്ഞ വർഷം 4.46 കോടി ടൺ ഗോതമ്പ് വിതരണം ചെയ്തിരുന്നു. നടപ്പു വർഷം ഇത് 3.05 കോടി ടണ്ണായി കുറയും. കരുതൽ ശേഖരം 80 ലക്ഷം ടണ്ണിലേക്ക് ചുരുങ്ങുമെന്നും കണക്കുകൾ പറയുന്നു.

നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ മേയ് ആദ്യമാസത്തിൽ ഗോതമ്പ് കയറ്റുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തി. 2006–07ലും സമാനമായ പ്രതിസന്ധിയുണ്ടായിരുന്നു. അന്ന് മിനിമം താങ്ങുവിലയുടെ ഇരട്ടി വിലയ്ക്ക് 55 ലക്ഷം ടൺ ഗോതമ്പ് ഇറക്കേണ്ടതായി വന്നു.

# പലിശ ഉയരുന്നു; പണപ്പെരുപ്പം നിയന്ത്രണാതീതമാവുന്നു

കോവിഡിനുശേഷം കരകയറുകയായിരുന്ന ആഗോള സമ്പദ്‌വ്യവസ്ഥ റഷ്യ യുക്രൈൻ യുദ്ധത്തോടെ തകിടം മറിഞ്ഞു. അസംസ്കൃത എണ്ണ, പ്രകൃതിവാതകം, അമൂല്യ ലോഹങ്ങൾ, ഭക്ഷ്യ എണ്ണ, ഗോതമ്പ് ഉൾപ്പെടെ അവശ്യവസ്തുക്കളുടെ വില കുതിച്ചുകയറി. ഇതാണ് ആഗോളതലത്തിൽ പണപ്പെരുപ്പം കുതിച്ചുയരാൻ പ്രധാനകാരണം. പണപ്പെരുപ്പം പിടിച്ചുനിർത്താനാണ് അടിസ്ഥാനനിരക്കുകൾ വർധിപ്പിക്കുന്നത്. വായ്പകളുടെ പലിശനിരക്കുകൾ ഉയരുന്നത് വിപണിയിലെ പണലഭ്യത കുറയ്ക്കും.




അമേരിക്കയിൽ പലിശനിരക്ക് ഉയരുന്നത് ഇന്ത്യപോലുള്ള രാജ്യങ്ങളിൽ നിന്ന് വലിയതോതിൽ നിക്ഷേപം പിൻവലിക്കാനുള്ള വഴിതുറക്കും. ഇത് ഇന്ത്യൻ സാമ്പത്തിക വിപണിയെ തളർത്തും. ചൈനയിൽ കോവിഡ് വീണ്ടും രൂക്ഷമായതും അവിടെ ഏർപ്പെടുത്തിയ ലോക് ഡൗണും ആഗോള സമ്പദ്‌വ്യവസ്ഥയ്ക്കു ഭീഷണിയാകുന്നുണ്ട്. ചൈന കോവിഡ് പടരാതിരിക്കാൻ ഷാങ് ഹായ് ഏർപ്പെടുത്തിയിരിക്കുന്ന ലോക് ഡൗൺ ചരക്ക് കൈമാറ്റത്തിന് തടസം സൃഷ്ടിക്കുന്നുണ്ട്. ഷാങ് ഹായ് തുറമുഖം ലോകത്തെ ഒന്നാമത്തെ തിരക്ക് പിടിച്ച തുറമുഖമാണ്. ഷാങ് ഹായ് തുറമുഖത്ത് ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള നാനാതരം ചരക്കുകൾ കെട്ടിക്കിടക്കുകയാണ്.

റഷ്യയിൽ നിന്നുള്ള എണ്ണയും ഗ്യാസും വരവ് കുറഞ്ഞതും ചിലപ്പോൾ പൂർണ്ണമായി നിൽക്കാനുള്ള സാധ്യതയും യൂറോപ്പിനെ വലിയ ബുദ്ധിമുട്ടിലേക്കാണ് തള്ളിവിട്ടിരിക്കുന്നത്. ജർമ്മൻ സമ്പദ് വ്യവസ്ഥയെ ഇത് കാര്യമായി ബാധിച്ചുതു




ടങ്ങി. 2022ൽ 4.6 ശതമാനം വളർച്ച നേടുമെന്ന് പ്രതീക്ഷിച്ച ജർമ്മനി 1.8 ശതമാനം മാത്രം വളർച്ച നേടൂ എന്നാണ് ഇപ്പോഴത്തെ സ്ഥിതി. ജർമ്മനിയിൽ വിലക്കയറ്റം കഴിഞ്ഞ 40 വർഷത്തെ ഏറ്റവും ഉയർന്ന നിലയായ 8 ശതമാനത്തിലെത്തിയിരിക്കുകയാണ്. ജർമ്മനിയും ജർമ്മൻ ജനതയും വിലക്കയറ്റത്തെ കുറിച്ച് വലിയ വേവലാതി ഉള്ളവരാണ്. 1922–23 ലെ വലിയ വിലക്കയറ്റം ഹിറ്റ്ലർക്ക് രാഷ്ട്രീയമായി വലിയ ഗുണം ചെയ്ത വിഷയമാണ്.

അമേരിക്കയിലെ 40 വർഷത്തെ ഉയർന്ന നിലവാരത്തിലാണ് പണപ്പെരുപ്പം. ഇത് കുറച്ചുകൊണ്ടുവരാൻ യു.എസ് ഫെഡറൽ റിസർവ് അടിസ്ഥാനനിരക്കിൽ അരശതമാനം വർധന വരുത്തി. 2000 നുശേഷമുള്ള ഏറ്റവുംവലിയ നിരക്കുവർധനയാണിത്. ഇതോടെ, അമേരിക്കയിൽ ഹ്രസ്വകാല ഫെഡ്റേറ്റ് 0.75 ശതമാനം മുതൽ ഒരുശതമാനം വരെയായി ഉയർന്നു.

അസംസ്കൃത എണ്ണയുടെയും പ്രകൃതിവാതകത്തിന്റെയും വില കുത്തനെ ഉയർന്നതോടെ ബ്രിട്ടൺ ഗുരുതര സാമ്പത്തിക മാന്ദ്യത്തിലേക്കു നീങ്ങുന്നതായാണ് റിപ്പോർട്ട്. പണപ്പെരുപ്പം ഏപ്രിലിൽ 10 ശതമാനത്തിനു മുകളിലെത്തി. ഇത് ജീവിതച്ചെലവ് ഇരട്ടിയാക്കി. പണപ്പെരുപ്പം നേരിടാൻ  കേന്ദ്രബാങ്കായ ബാങ്ക് ഓഫ് ഇംഗ്ലണ്ട് അടിസ്ഥാനനിരക്ക് കാൽശതമാനം വർദ്ധിപ്പിച്ചു. ഇതോടെ പലിശ 13 വർഷത്തിനുശേഷമുള്ള ഉയർന്ന നിരക്കായ ഒരു ശതമാനത്തിലേക്കെത്തി. നിരക്ക് വർധിപ്പിച്ചതിനു പിന്നാലെ ഡോളറിനെതിരെ പൗണ്ട് സ്റ്റെർലിങ്ങിന്റെ മൂല്യം 2020 പകുതിയിലെ നിലവാരത്തിലേക്ക് ഇടിഞ്ഞു. ബ്രിട്ടീഷ് സർക്കാർ കടപ്പത്രങ്ങളുടെ വരുമാനം വലിയതോതിൽ ഇടിഞ്ഞിട്ടുമുണ്ട്. ബ്രിട്ടനിൽ ഊർജവിലയിൽ ഏപ്രിലിൽ 54 ശതമാനം വർദ്ധനയുണ്ടായി. ഒക്ടോബറോടെ 40 ശതമാനം കൂടി വിലവർധന ബാങ്ക് ഓഫ് ഇംഗ്ലണ്ട് പ്രതീക്ഷിക്കുന്നുണ്ട്.

യു.എസ് ഫെഡറൽ റിസർവിന്റെ തീരുമാനത്തിനു പിന്നാലെ യു.എ.ഇ സെൻട്രൽ ബാങ്കും പലിശനിരക്കിൽ വർധനവരുത്തി. അടിസ്ഥാനനിരക്ക് അരശതമാനം ഉയർത്തി. 2.25 ശതമാനമാക്കി. പുതിയ നിരക്ക് പ്രാബല്യത്തിൽ വന്നു. രാജ്യത്തെ പണപ്പെരുപ്പനിരക്ക് കുറയ്ക്കാൻ ലക്ഷ്യമിട്ടാണ് നടപടി. ഇതോടെ വീട്, വാഹനം, മറ്റ് വ്യക്തിഗത കോർപ്പറേറ്റ് വായ്പകളുടെ പ്രതിമാസ തിരിച്ചടവ് തവണകളിൽ വർധന പ്രതിഫലിക്കും. ഇത് മലയാളികളെയടക്കം ബാധിക്കും.




ഹോങ്ങ്കോങ്ങ് അരശതമാനമാണ് നിരക്ക് വർധിപ്പിച്ചത്. 0.75 ശതമാനത്തിൽ നിന്ന് 1.25 ശതമാനമായി.

പതിനൊന്നു വർഷത്തിനുശേഷം ആദ്യമായാണ് റിസർവ് ബാങ്ക് ഓഫ് ഓസ്ട്രേലിയ അടിസ്ഥാനപലിശ നിരക്ക് വർധിപ്പിച്ചത്. 0.10 ശതമാനത്തിൽ നിന്ന് 0.35 ശതമാനമാക്കി. മാർച്ചിൽ പണപ്പെരുപ്പം 5.1 ശതമാനത്തിലേക്ക് ഉയർന്ന സാഹചര്യത്തിലാണിത്. മൂന്നുമാസം മുമ്പ് ഇത് 3.5 ശതമാനമായിരുന്നു.

# വിദ്വേഷ രാഷ്ട്രീയത്തിന്റെ ഇരകൾ

**ഡോ. പ്രദീപ്കുമാർ കെ.എസ്**




**ഭരണകൂട പിന്തുണയോടു കൂടി രാജ്യത്ത് വർഗീയ വിദ്വേഷം വ്യാപിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഡൽഹി നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ നടക്കുന്ന ഒഴിപ്പിക്കൽ നടപടികൾ. സമൂഹത്തിന്റെ ഏറ്റവും പിന്നാക്കവസ്ഥയിൽ ജീവിക്കുന്ന ജനങ്ങളെ സമുദായത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കുകയും, അവരെ കുടിയേറ്റക്കാരായി ചിത്രീകരിച്ചിരിക്കുകയുമാണ്. ഏറ്റവും അപകടകരമായ  മറ്റൊരു പ്രവണത ചില തൊഴിലാളികളെ പ്രത്യേക സമുദായത്തിന്റെ ഭാഗമാക്കി മദ്രകുത്തി അത്തരം തൊഴിലുള്ളവർക്ക് എതിരെ വ്യാപകമായി വിദ്വേഷ പ്രചരണം അഴിച്ച് വിടുന്നു. വർഗീയ വാദികളുടെ അവശ്യങ്ങൾ അംഗീകരിച്ച് ബിജെപി ഭരിക്കുന്ന നഗര ഭരണകൂടം തന്നെ ജനങ്ങളുടെ ഉപജീവന മാർഗ്ഗവും, വീടുകളും തല്ലി തകർക്കുന്നു.**

”ഞാൻ ഉന്തു വണ്ടി തള്ളിമാറ്റി തരാം, അല്പ സമയം തരണം നശിപ്പിക്കരുത്” ഉന്തു വണ്ടിയിൽ ചായകച്ചവടം നടത്തി കുടുംബം പുലർത്തുന്ന നജ്മ ബീവി ജെ.സി.ബി യുമായി പാഞ്ഞടുത്ത ഉദ്യോഗസ്ഥരോട് കരഞ്ഞ് പറഞ്ഞെങ്കിലും അത് അവർ തകർത്ത് കളഞ്ഞു. രാജ്യത്ത് നിലനിൽക്കുന്ന വഴിയോരക്കച്ചവട ഉപജീവന സംരക്ഷണ നിയന്ത്രണ നിയമം 2014 പ്രകാരം ലൈസൻസ് ലഭിച്ച കച്ചവടക്കാരിയാണ്. കഴിഞ്ഞ നാല്പത് വർഷങ്ങളായി ഈ ഉന്തുവണ്ടിയെ ആശ്രയിച്ചാണ് അവർ ജീവിക്കുന്നത്. നിലവിലുള്ള നിയമത്തിന് കടലാസ്സിന്റെ വിലപോലും വിലകല്പിക്കാതെയാണ് ഭരണകൂടം പ്രവർത്തിക്കുന്നത്. പ്രതിഷേധിക്കാനോ, പ്രതികരിക്കാനോ ശേഷിയില്ലതെ നിസ്സഹായരായി നിന്ന ജനതയ്ക്ക് മുമ്പിലാണ് സുപ്രിം കോടതി വിധിപോലും അംഗീകരിക്കാനോ അനുസരിക്കാനോ ഉദ്യോഗസ്ഥർ തയ്യാറാകാതിരുന്നത്. ഇത് അവരുടെ യഥാർത്ഥ ലക്ഷ്യമെന്താണെന്ന് വെളിവാക്കുന്നു.

വഴിയോരക്കച്ചവട ഉപജീവന സംരക്ഷണ നിയമപ്രകാരം ഒഴിപ്പിക്കൽ നടപടികൾക്ക് ചില നടപടി ക്രമങ്ങളുണ്ട്. വഴിയോരകച്ചവടക്കാരുടെ പ്രതിനിധികൾ അടങ്ങിയ നഗരകച്ചവട കമ്മിറ്റിയോഗം ചേർന്ന് ഒഴിപ്പിക്കാനുള്ള തീരുമാനം അംഗീകരിക്കണം. ഇത് പ്രകാരം

കച്ചവടക്കാരന് മുപ്പത് ദിവസത്തെ മുൻകൂർ നോട്ടീസ് നല്കണം, ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാരന്റെ പുനഃരധിവാസം ഉറപ്പു വരുത്തണം. ഇത് അംഗീകരിക്കാതെ പഴയ സ്ഥലത്തു തന്നെ കച്ചവടം തുടരുന്നവരെയാണ് ബലപ്രയോഗത്തിലൂടെ ഒഴിപ്പിക്കേണ്ടത്. അങ്ങനെ ഒഴിപ്പിക്കുമ്പോഴും കച്ചവട സാധന സാമഗ്രികൾ നശിപ്പിക്കാൻ പാടില്ല, അത് പിടിച്ചെടുക്കാൻ മാത്രമേ പാടുള്ളു. നിശ്ചിത ഫീസടച്ചാൽ പിടിച്ചെടുത്ത സാധനങ്ങൾ തിരിച്ച് നൽകണമെന്നടക്കമുള്ള വ്യവസ്ഥകൾ അടങ്ങിയ നിയമം പാസ്സാക്കിയത് ഇന്ത്യൻ പാർലമെന്റാണ്. നിയമ വ്യവസ്ഥ ഉറപ്പു വരുത്തേണ്ട ഭരണകൂടം തന്നെ അത് ലംഘിക്കുമ്പോൾ ജനങ്ങൾക്ക് എങ്ങനെയാണ് നീതി ലഭിക്കുന്നത്?

ഡൽഹിയിൽ നടക്കുന്ന ഒഴിപ്പിക്കൽ വർഗീയ അജണ്ടകളുടെ അടിസ്ഥാനത്തിലുള്ള ആസൂത്രിതമായ നടപടികളാണ്. ഫാസിസ്റ്റ് ഭരണകൂടങ്ങളുടെ പൊതു സമീപനമാണ് ഇത്. തന്റെ മതവും, വിശ്വാസവും ശ്രേഷ്ഠമാണെന്ന മിഥ്യാബോധം അനുയായികളിൽ വളർത്തിയ ഹിറ്റ്ലർ ജർമനിയിൽ വംശീയ വിദ്വേഷം ആളികത്തിക്കാനായി 1933 ൽ ജൂതകച്ചവടക്കാരെ സാമ്പത്തികമായി ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്തു. ജർമ്മൻ സമ്പദ് വ്യവസ്ഥയിൽ ജൂതൻമാർക്ക് വലിയ സ്വാധീനമുള്ളതു കൊണ്ട് അവരെ ബഹിഷ്കരിക്കണമെന്ന നാസികളുടെ ആഹ്വാനം പരാജയപ്പെട്ടു. അതിനുശേഷമാണ് ജർമ്മനിയിൽ വംശീയ ഹത്യ അരങ്ങേറിയത്, ജൂത വ്യാപാരികളെ തെരുവിൽ കൂട്ട കൊല ചെയ്തു. സംഘപരിവാർ അടക്കമുള്ള ഫാസിസ്റ്റ് ശക്തികൾ ഇതേ തന്ത്രമാണ് ഇന്ത്യയിൽ പയറ്റുന്നത്. ആർ.എസ്.എസ് തലവൻ മോഹൻ ഭഗവത്തിന്റെ നേതൃത്വത്തിൽ നടന്ന കണ്ണൂർ ബൈഠക്കിൽ തീരുമാനിച്ചത് ക്ഷേത്ര പരിസരങ്ങളിൽ നിന്ന് അഹിന്ദുക്കളായ കച്ചവടക്കാരെ ഒഴിപ്പിക്കണമെന്നാണ്. അന്ന് വലിയ എതിർപ്പ് സമൂഹത്തിൽ നിന്ന് ഉണ്ടായെങ്കിലും ആ അജണ്ട മുൻനിർത്തിയാണ് ഉത്തരേന്ത്യയിലെ ഇൻഡോർ, അഹമ്മദാബാദ്, മീററ്റ്, ദാർവാർഡ്, ഡൽഹി തുടങ്ങിയ വിവിധ സ്ഥാലങ്ങളിൽ നിന്നും പ്രത്യേക സമുദായത്തിൽ പെട്ട വഴിയോര കച്ചവടക്കാരെ ഒഴിപ്പിക്കുന്നത്.

കോവിഡ് കാലത്ത് ജിവീതം തകർന്നു പോയ മനുഷ്യർ എങ്ങനെയെങ്കിലും ജീവിതം തിരിച്ച് പിടിക്കാൻ ശ്രമിക്കുമ്പോൾ അവരെ തൊഴിലെടുക്കാനോ, ജീവിക്കാനോ അനുവദിക്കുകയില്ലെന്ന നിലപാടാണ് ഭരണകൂടം സ്വീകരിക്കുന്നത്. ഡൽഹിയിൽ കഴിഞ്ഞ കുറെനാളുകളായിട്ട് സംഘപരിവാർ ആസൂത്രണം ചെയ്ത് പ്രചരിപ്പിക്കുന്ന പ്രചരണം ചില അനൗപചാരിക തൊഴിൽ മേഖലയിൽ തൊഴിൽ എടുക്കുന്നവർ മുഴുവനും ഒരു പ്രത്യേക സമുദായത്തിലുള്ളവർ മാത്രമാണെന്നാണ്. പഴക്കച്ചവടക്കാർ, പഞ്ചർ ഒട്ടിക്കുന്നവർ, ബാർബർമാർ തുടങ്ങി വരുമാനത്തിലും, തൊഴിലിലും ഏറെ അനിശ്ചിതത്വമുള്ള ഈ തൊഴിൽ മേഖലകളിലെ കുറച്ച് പേരെ ചൂണ്ടി സാമാന്യവത്കരിക്കുന്ന നിലപാടാണ് സംഘപരിവാർ സ്വീകരിക്കുന്നത്. ഇത് സംബന്ധിച്ച് പഠനം നടത്തിയ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ സ്റ്റഡി ഓഫ് ലാ & ഗവേൺസിലെ ഗസാല ജമീൽ ഡൽഹിലെ 'ന്യൂനപക്ഷ സമുദായങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിൽ വർദ്ധിക്കുന്ന വേർ തിരിവുകൾ' എന്ന വിഷയത്തിൽ നടത്തിയ പഠനത്തിൽ പറയുന്നത് അനൗപചാരിക തൊഴിലെടുക്കുന്നവരിൽ, ഭൂരിഭാഗവും പരമ്പരാഗതമായി തൊഴിൽ ചെയ്യുന്നവരാണ്. വഴിയോരക്കച്ചവടം, ബാർബർമാർ തുടങ്ങിയ തൊഴിലുകൾ ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്നതാകയാൽ അവരെ അതിൽ നിന്ന് ഒഴിവാക്കണമെന്ന് ചിന്തിക്കുന്നതിന് പിന്നിൽ രാഷ്ട്രീയ സാമ്പത്തിക കാരണങ്ങൾ ഉണ്ട്. സാമൂഹികവും, സാമ്പത്തികവുമായി പിന്നാക്കം നില്ക്കുന്ന ജനങ്ങളെ ഭപ്പെടുത്തി, ചൂഷണം ചെയ്ത് ജീവിക്കാനുള്ള വരുമാനം കണ്ടെത്തുന്നതിനുള്ള ഗുണ്ടാപ്പണിക്ക് വർഗീയ ശക്തികൾ ജാതിയെ മറയാക്കുകയാണ്.

ഭരണഘടന എല്ലാ പൗരൻമാർക്കും തൊഴിലെടുത്ത് ജീവിക്കാനുള്ള അവകാശം നല്കുന്നുണ്ട്. ജാതിയുടെയും , മതത്തിന്റെയും വേർതിരിവുകൾ ഇതിനില്ല. ഹിന്ദു വർഗീയ ശക്തികൾ സ്വീകരിക്കുന്ന പുതിയ തന്ത്രം കായിക ആക്രമണത്തേക്കാൾ സാമൂഹികമായും സാമ്പത്തികമായും ആക്രമിച്ച് ഇതര മതസ്ഥരെ ജീവിക്കാൻ അനുവദിക്കുകയില്ലെന്നതാണ്. നിത്യ വരുമാനക്കാരായ അനൗപചാരിക മേഖലയിലെ തൊഴിലാളികളെയാണ് വിദ്വേഷ രാഷ്ട്രീയം ലക്ഷ്യം വെയ്ക്കുന്നത്. ഈ പ്രചരണ തന്ത്രത്തിലൂടെ അവരുടെ തൊഴിലും, ജീവിതവും ഇല്ലാതാക്കി വംശഹത്യയുടെ പുതിയ ചരിത്രം എഴുതാനാണ് ഇവർ ശ്രമിക്കുന്നത്.●

# തൊഴിലെവിടെ




**45 വർഷത്തെ ഏറ്റവും മോശമായ തൊഴിലില്ലായ്മയാണ് രാജ്യം അഭിമുഖീകരിക്കുന്നതെന്ന് രേഖപ്പെടുത്തിയ എൻ.എസ്.എസ്.ഒ. റിപ്പോർട്ട് സർക്കാർ പിടിച്ചുവെക്കുകയും മറുകണക്കുകൾ ഉദ്ധരിച്ചുകൊണ്ട് യഥാർഥത്തിൽ തൊഴിലവസരങ്ങൾ വർധിക്കുകയാണ് ചെയ്യതെന്ന് സമർഥിക്കുകയും ചെയ്യു. ഈ കാലഘട്ടത്തിൽ ഏതാണ്ട് രണ്ടുകോടി ജനങ്ങൾക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ടാവും എന്നാണ് സി.എം.ഐ.ഇ. അന്ന് പറഞ്ഞത്. അതിനുശേഷം വന്ന, രണ്ടുവർഷത്തിലേറെ നീണ്ടുനിന്ന കോവിഡ് മഹാമാരിയും അതോടൊപ്പമുണ്ടായ സാമ്പത്തികത്തകർച്ചയും സാഹചര്യം കൂടുതൽ മോശമാക്കാനേ വഴിയുള്ളൂ.**

മുമ്പുള്ളതിനെക്കാളേറെ പുതിയ തൊഴിലില്ലായ്മയെ സങ്കീർണമാക്കുന്നത് മറ്റുവഴിയില്ലാതെ, നിരാശരായി ലക്ഷക്കണക്കിന് ചെറുപ്പക്കാർ ജോലിതേടൽ നിർത്തിയെന്നതാണ്. ഇന്ത്യയുടെ തൊഴിൽരംഗത്തെ വർഷങ്ങളായി പിന്തുടരുന്ന സി.എം.ഐ.ഇ. (സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കോണമി) ഈ വർഷം പുറത്തിറക്കിയ പഠനമനുസരിച്ച് 2017–22 കാലഘട്ടത്തിൽ രാജ്യത്തെ ജോലിയില്ലാത്തവരുടെ കണക്കിൽ ആറുശതമാനത്തിന്റെ, അഥവാ 66 ലക്ഷം പേരുടെ, ഇടിവുവന്നിട്ടുണ്ട്. ഈ പഠനത്തെ അപഗ്രഥിച്ച് സി.എം.ഐ.ഇ.യുടെ തലവൻ മഹേഷ് വ്യാസ് എഴുതിയതുപ്രകാരം, 66 ലക്ഷം പേർക്ക് പുതുതായി ജോലി കിട്ടിയതുകൊണ്ടല്ല ഇതുസംഭവിച്ചത്. മറിച്ച്, ഗത്യന്തരമില്ലാതെ അവർ ജോലിതേടുന്നത് നിർത്തിയതുകൊണ്ടാണ്. ജോലിതേടാത്തവർ തൊഴിൽരഹിതരുടെ കണക്കിൽ പ്പെടുകയില്ലല്ലോ. ഇന്ത്യൻ ചെറുപ്പക്കാർ തൊഴിൽരംഗത്ത് നേരിടുന്ന ഈ തീവ്രനൈരാശ്യം പുതിയ അപായസൂചനയാണ്. ജോലിനേടാൻ യോഗ്യതയുള്ള സ്ത്രീകളിൽ ഒമ്പതുശതമാനംപേർക്കു മാത്രമാണ് ഇപ്പോൾ എന്തെങ്കിലും തൊഴിൽ ലഭിക്കുന്നത്. ലക്ഷക്കണക്കിന് സ്ത്രീകളും ജോലിതേടുന്നത് അവസാനിപ്പിച്ചിരിക്കുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി രാജ്യം നേരിടുന്ന സങ്കീർണമായ പ്രശ്നമാണ് ഉയർന്നുവരുന്ന തൊഴിലില്ലായ്മ. കേന്ദ്രസർക്കാർ പലതരത്തിലും ഖണ്ഡിക്കാൻ ശ്രമിച്ചെങ്കിലും 2012–18 ലെ നാഷണൽ സാംപിൾ സർവേ ഓർഗനൈസേഷന്റെ തൊഴിലില്ലായ്മക്കണക്ക് വളരെ വ്യക്തമായി സൂചിപ്പിച്ചതും ഇതുതന്നെയായിരുന്നു. 45 വർഷത്തെ ഏറ്റവും മോശമായ തൊഴിലില്ലായ്മയാണ് രാജ്യം അഭിമുഖീകരിക്കുന്നതെന്ന് രേഖപ്പെടുത്തിയ എൻ.എസ്.എസ്.ഒ. റിപ്പോർട്ട് സർക്കാർ പിടിച്ചുവെക്കുകയും മറുകണക്കുകൾ ഉദ്ധരിച്ചുകൊണ്ട് യഥാർഥത്തിൽ തൊഴിലവസരങ്ങൾ വർധിക്കുകയാണ് ചെയ്യതെന്ന് സമർ

ഥിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഏതാണ്ട് രണ്ടുകോടി ജനങ്ങൾക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ടാവും എന്നാണ് സി.എം.ഐ.ഇ. അന്ന് പറഞ്ഞത്. അതിനുശേഷം വന്ന, രണ്ടുവർഷത്തിലേറെ നീണ്ടുനിന്ന കോവിഡ് മഹാമാരിയും അതോടൊപ്പമുണ്ടായ സാമ്പത്തികത്തകർച്ചയും സാഹചര്യം കൂടുതൽ മോശമാക്കാനേ വഴിയുള്ളൂ. ഇപ്പോൾ കണക്കുകൾ സൂചിപ്പിക്കുന്നതും മറ്റൊന്നല്ല.

## വളർച്ചമാന്ദ്യം തൊഴിലിനെ തളർത്തുമ്പോൾ

രണ്ട് കോവിഡ് തരംഗങ്ങളാൽ ഇന്ത്യയുടെ ജി.ഡി.പി. കുറഞ്ഞപക്ഷം 12 ശതമാനവും നിർമാണരംഗത്തെ വളർച്ച 20 ശതമാനവും കുറഞ്ഞിട്ടുണ്ടാവുമെന്നാണ് സാമ്പത്തികവിദഗ്ധർ കണക്കാക്കുന്നത്. ഇത് നമ്മുടെ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലൊടിച്ചു. 85 ശതമാനം ജനങ്ങളുടെയും വരുമാനത്തിൽ കുറവുണ്ടാവുകയും കുറഞ്ഞത് അഞ്ചുകോടി ജനങ്ങളെങ്കിലും കൊടിയ ദാരിദ്ര്യത്തിൽപ്പെട്ടുപോയിട്ടുമുണ്ടാവുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സെന്റർ ഫോർ ഇക്കണോമിക് ഡേറ്റ എന്ന സ്ഥാപനത്തിന്റെ പഠനപ്രകാരം അഞ്ചുവർഷത്തിൽ ചെറുപ്പക്കാരുടെ ജോലികളിൽ മുപ്പതുശതമാനത്തിന്റെ ഇടിവുണ്ടായി. നോട്ടുനിരോധനവും പിന്നാലെവന്ന ജി.എസ്.ടി.യും അതിനുശേഷം വന്ന രണ്ട് കോവിഡ് തരംഗങ്ങളുമാണ് പ്രതിസന്ധി ഇത്രയും രൂക്ഷമാവാൻ കാരണം. കോവിഡ് കാലത്തുണ്ടായ സാമ്പത്തികത്തകർച്ചയിൽനിന്ന് കഷ്ടിച്ച് കരകയറാനുതകുന്ന തരത്തിലുള്ള സാമ്പത്തിക വളർച്ച രാജ്യം നേടിയെങ്കിലും എട്ടരശതമാനം നെഗറ്റീവ് വളർച്ചയിൽനിന്ന് ഈ സാമ്പത്തിക വർഷത്തിൽ നാം നേടുമെന്ന് പ്രതീക്ഷിക്കുന്ന ഏഴരശതമാനം വളർച്ചയിലേക്ക് ഇനിയും ധാരാളം ദൂരമുണ്ട്. അതോടൊപ്പമുള്ള സങ്കീർണമായ ചോദ്യം, ഈ വളർച്ച എത്രത്തോളം പുതിയ ജോലിസാധ്യതകൾ സൃഷ്ടിക്കുമെന്നതാണ്.

## തൊഴിൽ കിട്ടാത്തത് ആർക്ക്

ഇത്രയും മോശമായ കാലത്തും ഇൻഫർമേഷൻ ടെക് നോളജി ജോലികളിലും അതുമായി ബന്ധപ്പെട്ട സർവീസസ് മേഖലയിലും വലിയ വളർച്ചയും ശമ്പളവർധനയും ഉണ്ടായിരിക്കുന്നെന്നത് കൗതുകകരമാണ്. അതുകൊണ്ടാണ് മധ്യവർഗ–ഉപരിവർഗ ജനതയ്ക്ക് രാജ്യം നേരിടുന്ന ഈ പ്രതിസന്ധിയെപ്പറ്റി അധികം അറിവില്ലാതെ പോകുന്നത്. ജോലി ലഭിക്കാത്തത് അവിദഗ്ധരും അർധവിദഗ്ധരുമായ ചെറുപ്പക്കാർക്കാണ്. അവരാണ് തൊഴിലില്ലാത്ത ജനലക്ഷങ്ങളിൽ ഏറിയ പങ്കും.

**തമിഴ്നാട്ടിൽ 9500 ഗുമസ്തജോലിക്കായി 1000 പി.എച്ച്.ഡിക്കാർ ഉൾപ്പെടെ 20 ലക്ഷം പേർ അപേക്ഷിക്കുന്നതും യു.പി.യിൽ 62 പ്യൂൺ ജോലിക്കായി 3700 പി.എച്ച്.ഡിക്കാർ തള്ളിക്കയറുന്നതും ബിഹാറിൽ റെയിൽവേ ഉദ്യോഗാർഥികൾ പോലീസുമായി പോരാട്ടത്തിലേർപ്പെടുന്നതുമൊക്കെ രാജ്യത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ആശയറ്റ ഗതികേടിന്റെ നേർച്ചിത്രങ്ങളാണ്. ഇതൊരു ദേശത്തിന്റെ മുഴുവൻ അധാർമികതയാണ്. ഇത് അശാന്തിയായി പുകഞ്ഞ് പൊട്ടിത്തെറിക്കുന്നതാണ് മറ്റുപല രാജ്യത്തും നാം കണ്ടിട്ടുള്ളത്.**

## ഗതികേടിന്റെ നേർക്കാഴ്ചകൾ

രാജ്യവ്യാപകമായ ധാരാളം ചെറുകിട, ഇടത്തരം വ്യവസായങ്ങളുൾപ്പെടെയുള്ള വൻകിട സ്വകാര്യ നിക്ഷേപങ്ങളിലൂടെമാത്രമേ ലക്ഷക്കണക്കിന് തൊഴിൽരഹിതർക്ക് ഇത്തരത്തിലുള്ള അവസരങ്ങളൊരുക്കാനാവൂ.

സ്വകാര്യരംഗത്ത് ജോലികളില്ലാതാവുമ്പോഴാണ് ജനങ്ങൾ സർക്കാർ ജോലികൾക്കായി കടിപിടി കൂടുന്നത്. തമിഴ്നാട്ടിൽ 9500 ഗുമസ്തജോലിക്കായി 1000 പി.എച്ച്.ഡിക്കാർ ഉൾപ്പെടെ 20 ലക്ഷം പേർ അപേക്ഷിക്കുന്നതും യു .പി.യിൽ 62 പ്യൂൺ ജോലിക്കായി 3700 പി.എച്ച്.ഡിക്കാർ തള്ളിക്കയറുന്നതും ബിഹാറിൽ റെയിൽവേ ഉദ്യോഗാർഥികൾ പോലീസുമായി പോരാട്ടത്തിലേർപ്പെടുന്നതുമൊക്കെ രാജ്യത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ആശയറ്റ ഗതികേടിന്റെ നേർച്ചിത്രങ്ങളാണ്. ഇതൊരു ദേശത്തിന്റെ മുഴുവൻ അധാർമികതയാണ്. ഇത് അശാന്തിയായി പുകഞ്ഞ് പൊട്ടിത്തെറിക്കുന്നതാണ് മറ്റുപല രാജ്യത്തും നാം കണ്ടിട്ടുള്ളത്.•

# അമേരിക്കയുടെ അടങ്ങാത്ത യുദ്ധാസക്തി

**വില്യം അസ്റ്റോർ**

(അമേരിക്കൻ വ്യോമസേനയിൽ നിന്ന് വിരമിച്ച ലെഫ്റ്റനന്റ് കേണലും ചരിത്ര പ്രൊഫസറുമാണ്)

റഷ്യ–ഉക്രൈൻ യുദ്ധത്തിൽ എന്തുകൊണ്ടാണ് അമേരിക്ക ഇതിനകം തന്നെ ഇത്രയധികം മുതൽ മുടക്കിയിരിക്കുന്നത് ? 2001ലെ അഫ്ഗാനിസ്ഥാൻ അതിക്രമണത്തി നുശേഷം ഈ ഭൂഗോളത്തിൽ നടന്ന എല്ലാ യുദ്ധങ്ങളിലും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ അമേരിക്കയുടെ ഇടപെടൽ ഉണ്ടായത് എന്തുകൊണ്ടാണ്? പഴയ കാര്യങ്ങൾ മറക്കാത്തവർക്ക് ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമായി പുരോഗമനവാദിയായ സോഷ്യലിസ്റ്റ് വിമർശകൻ Randolf Bourneന്റെ ഒരു നൂറ്റാണ്ടിനു മുൻപുള്ള 'യുദ്ധം ഭരണകൂടത്തിന്റ ആരോഗ്യമാണ്' എന്ന നിഗമനവും ജെയിംസ് മാഡിസണിനെ പോലുള്ള അമേരിക്കയുടെ സ്ഥാപകർ പണ്ട് നൽകിയ ' ജനാധിപത്യത്തിന്റെ അന്ത്യം സംഭവിക്കുന്നത് അന്ത:കാരത്തിലല്ല മറിച്ച് ദീർഘനേരത്തേയ്ക്ക് വർഷിക്കപ്പെടുന്ന അനേകമനേകം ബോംബുകളുടെ ഭയാനകമായ വെളിച്ചത്തിലായിരിക്കും' എന്ന മുന്നറിയിപ്പുമായിരിക്കും ഓർമ്മയിൽ വരിക.

1985ൽ ഞാൻ അമേരിക്കൻ വ്യോമസേനയിൽ ചേർന്ന സമയത്ത് സോവിയറ്റ് യൂണിയനും ഉക്രൈനും തമ്മിൽ ഇത്തരം ഒരു സംഘർഷം പൊട്ടിപ്പുറപ്പെട്ടിരുന്നു എങ്കിൽ സോവിയറ്റ് റിപ്പബ്ലിക്കുകൾക്കിടയിലെ ആഭ്യന്തരകലഹമായി മാത്രമേ അന്നത് പരിഗണിക്കപ്പെടുമായി രുന്നുള്ളൂ. അന്ന് നിലനിന്നിരുന്ന ശീതയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ സോവിയറ്റ് യൂണിയനെ 'ദുർബലപ്പെടുത്താനായി' ബില്യൺ ഡോളർ കണക്കിന് പടക്കോപ്പുകൾ ഉക്രൈനിലേക്ക് അയച്ചുകൊടുക്കുന്ന അപകടം നിറഞ്ഞ പണിക്ക് അമേരിക്ക മുതിരുകയുമില്ലായിരുന്നു. യു എസ്സ് എസ്സ് ആറും ഉക്രൈനും തമ്മിലുള്ള തർക്കത്തിൽ അമേരിക്കയുടെ മറയില്ലാത്ത ഇടപെടലിനെ അക്കാലത്ത് തീർച്ചയായും യുദ്ധകൃത്യമായി കണക്കാക്കുകയും ചെയ്യുമായിരുന്നു

1991ൽ സോവിയറ്റ് യൂണിയൻ തകർന്നതോടെ അതിന് സ്വാധീനമുണ്ടായിരുന്ന മേഖലകളെല്ലാം ക്രമേണ നാറ്റോയ്ക്കും അമേരിക്കയ്ക്കും സ്വാധീനമുള്ള മേഖലകളായി മാറി. വലിയ പതനത്തിലേയ്ക്ക് കൂപ്പുകുത്തുകയായിരുന്നതിനാൽ റഷ്യയുടെ താത്പര്യങ്ങൾക്ക് യാതൊരു വിലയും അന്ന് കല്പിക്കപ്പെട്ടില്ല.

'സ്വതന്ത്ര ലോകത്തിന്റ നേതാവായി' ചമയുന്ന അമേരിക്ക എന്തിനാണ് ലോകത്താകെ കലാപം സൃഷ്ടിക്കുന്നതിനും മുൻകൈയെടുക്കുന്നത് എന്നതും എന്തുകൊണ്ടാണ് കൂടുതൽ അമേരിക്കക്കാർ ഈ വൈരുദ്ധ്യത്തെ കുറിച്ച് ബോധവാന്മാരാകാത്തത് എന്നതും എന്നെ വിസ്മയപ്പെടുത്തുന്ന ചോദ്യങ്ങളാണ്. ഈ ചോദ്യങ്ങൾക്ക് ഭാഗികമായിട്ടെങ്കിലും ഉത്തരം നൽകുന്നു എന്ന് ഞാൻ കരുതുന്ന 5 കാരണങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്.

ഒന്നാമത്തെയും മറ്റെല്ലാത്തിനെക്കാളും പ്രധാന കാരണം യുദ്ധം ലാഭകരമായ ഒരു ഏർപ്പാടാണ് എന്നതാണ്. ശീതയുദ്ധത്തിന്റെ സമയത്ത് അമേരിക്കയും സോവിയറ്റ് യൂണിയനും ആയിരുന്നു ആയുധ വിൽപ്പന രംഗത്ത് മുൻപന്തിയിൽ നിന്നിരുന്ന രണ്ട് രാജ്യങ്ങൾ. സോവിയറ്റ് യൂണിയന്റെ തകർച്ചയോടുകൂടി ആയുധക്കച്ചവട രംഗത്ത് പൂർണ്ണമായ ആധിപത്യം സ്ഥാപിക്കുവാനുള്ള സാഹചര്യം ഉരുത്തിരിഞ്ഞു വരുന്നതായി അമേരിക്കൻ സൈനിക വ്യവസായ ലോബി തിരിച്ചറിഞ്ഞു. വാൾമാർട്ട് തക രുകയാണെങ്കിൽ അത് സൃഷ്ടിക്കുന്ന ശൂന്യത ചില്ലറവ്യാപാര മേഖലയിൽ ജെഫ് ബെസോസിന് വലിയ മുൻതൂക്കം നൽകും എന്നതുപോലെ സോവിയറ്റ് യൂണിയന്റെ പതനം ആയുധ വ്യാപാരത്തിൽ കുത്തക സ്ഥാപിക്കുന്നതിനുള്ള നല്ലൊരു അവസരമാണ് അമേരിക്കക്ക് തുറന്നു കൊടുത്തത്.

അന്റാർട്ടിക്ക ഒഴികെയുള്ള മറ്റ് ഭൂഖണ്ഡങ്ങളിലെല്ലാം വ്യാപിച്ചുകിടക്കുന്ന 750ൽ കുറയാത്ത സൈനിക കേന്ദ്രങ്ങൾ അമേരിയ്ക്കക്കുണ്ട്. ധാരാളമായി പണമൊഴുക്കിക്കൊണ്ട് കെട്ടിപ്പടുക്കപ്പെട്ടിട്ടുള്ള അമേരിക്കൻ സൈന്യത്തിന്റെ ദൗത്യം കര, കടൽ, വായു, സൈബർ ഇടം തുടങ്ങിയ യുദ്ധത്തിന്റെ സമസ്ത മേഖലകളിലും മേധാവിത്വം സ്ഥാപിക്കുക എന്നതാണ്. അമേരിക്കയുടെ സൈനിക ബജറ്റ് അതിന്റെ തൊട്ടുതാഴെയുള്ള 11 രാജ്യങ്ങളുടെ സൈനിക ബജറ്റുകളുടെ ആകെത്തുകയേക്കാൾ അധികമാണ്. പെന്റഗണിന്റെ കീഴിൽ ഇന്ന് ലോകം നാലു സ്റ്റാർ പദവിയണിയുന്നവരും പുരാതന റോമാ സാമ്രാജ്യത്തിലെ ഗവർണർമാർക്ക് തുല്യമായ അമിതാധികാരം കയ്യാളുന്നവരുമായ അമേരിക്കയുടെ ജനറൽമാരുടെയും അഡ്മിറൽമാരുടെയും നിയന്ത്രണത്തിലുള്ള പ്രദേശങ്ങളായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. ഇത്തരം ഘടനയും ലോകമാകെ വെട്ടിപ്പിടിക്കുവാനുള്ള അതിമോഹവും ഉള്ള അമേരിക്കൻ സൈന്യത്തിലെ തലപ്പത്തുള്ളവരെ മറ്റു രാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ

ഇടപെടടാതെ വിട്ടു നിൽക്കുന്നതിനുള്ള പ്രവണതയല്ല മറിച്ച് ലോകത്താകെ പ്രശ്നങ്ങൾ സൃഷ്ടിച്ച് അതിൽനിന്ന് മുതലെടുക്കാനുള്ള താത്പര്യമാണ് നയിക്കുന്നത്. ഇതാണ് അമേരിക്കയുടെ യുദ്ധക്കൊതിയ്ക്കു പിന്നിലുള്ള രണ്ടാമത്തെ കാരണം.

ലോകമാകെ വെട്ടിപ്പിടിക്കുവാനുള്ള പദ്ധതിയുമായി മുന്നോട്ടു പോകുമ്പോഴും അമേരിക്ക സ്വന്തം ജനത യെ പറഞ്ഞു വിശ്വസിപ്പിക്കുന്നത് അത് സമാധാനം മാത്രം ആഗ്രഹിക്കുന്ന ഉന്നതമായ ചിന്തയാൽ പ്രചോദിപ്പിക്കപ്പെടുന്ന ഒരു രാജ്യമാണെന്നാണ്. എല്ലായ്പോഴും അത് നന്മയെയും റഷ്യയെപ്പോലുള്ള അതിന്റെ ശത്രുക്കൾ തിന്മയെയുമാണ് പ്രതിനിധാനം ചെയ്യുന്നത്. ഇത്തരമൊരു ആഖ്യാനത്തെ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ അമേരിക്കയിൽ ഔദ്യോഗിക ജീവിതത്തിൽ, പ്രത്യേകിച്ച് മാധ്യമരംഗത്ത് പണിയെടുക്കുന്നവർക്ക്, മുന്നോട്ടു പോകാനാകുകയുള്ളൂ. അമേരിക്കൻ പട്ടാളത്തെ കുമ്പിട്ടുകൊണ്ടാണ് അവിടത്തെ മാധ്യമങ്ങൾ പ്രവർത്തിക്കുന്നത്. സൈന്യത്തിന്റെ ആഖ്യാനത്തെ വെല്ലുവിളിക്കുന്നതിനുള്ള ചങ്കൂറ്റം കാണിക്കുന്നവർ ഔദ്യോഗികമായ തരംതാഴ്ത്തലിനോ, വിലക്കിനോ, നാടുകടത്തലിനോ, അപൂർവം അവസരങ്ങളിലെങ്കിലും ജയിൽശിക്ഷയ്ക്കോ വിധേയമാക്കപ്പെടുന്നു.

ജനങ്ങളെ ഒന്നിപ്പിക്കുന്നതിനും എന്നാൽ അതിനോടൊപ്പം തന്നെ പല വിഷയങ്ങളിൽ നിന്നും അവരുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനും യുദ്ധത്തെ ഒരുപോലെ ഉപയോഗിക്കാനാകുമെന്നതാണ് നാലാമത്തെ കാരണം. 'ആഗോള തീവ്രവാദത്തിനെതിരെ' പോരാടുന്ന 'വീരനായകരായ നമ്മുടെ സൈനികരെ' പിന്തുണക്കേണ്ടതിനെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ട് ഈ നൂറ്റാണ്ടിൽ അമേരിക്കൻ ജനതയെ ഹ്രസ്വകാലത്തേക്കെങ്കിലും ഒന്നിച്ചുനിർത്തുന്നതിന് യുദ്ധം പല ഘട്ടങ്ങളിലും അമേരിക്കക്ക് തുണയായിട്ടുണ്ട്. അതേസമയം പാവപ്പെട്ടവരുടെയും തൊഴിലാളിവർഗ്ഗത്തിന്റെയും (ഇപ്പോൾ അതിവേഗം ചുരുങ്ങി വരുന്ന മധ്യവർഗ്ഗത്തിന്റെയും) പരാജയപ്പെടുന്ന വർഗ്ഗ സമരങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടുന്നതിനും യുദ്ധങ്ങൾ അമേരിക്കയെ സഹായിക്കുകയാണ്. ' വർഗ്ഗസമരം നടക്കുന്നുണ്ട്.

അഫ്ഗാനിസ്ഥാനിലും ഇറാഖിലും അഴിച്ചുവിടപെട്ടതും അതുപോലെതന്നെ ആഗോള തീവ്രവാദത്തിനെതിരെ യാതൊരു അവസാനവും ഇല്ലാതെ നടത്തപ്പെടുന്നതും ഇപ്പോൾ ഉക്രെയിനിൽ സംഭവിക്കുന്നതും ഉൾപ്പെടെയുള്ള യുദ്ധങ്ങളെ ഉപയോഗിച്ചുകൊണ്ട് അമേരിക്കയ്ക്ക് ഒരു രാഷ്ട്രമെന്ന നിലയിൽ അതിന് ഈ നൂറ്റാണ്ടിൽ ഉണ്ടായിട്ടുള്ള രാഷ്ട്രീയമായ തിരിച്ചടികളെയും അതിന്റെ രാഷ്ട്രീയമായ അധ:പതനത്തെയും (യാദൃശ്ചികമായല്ല മറിച്ച് വിനാശകരങ്ങളായ യുദ്ധങ്ങൾ ഭാഗികമായെങ്കിലും തുണച്ചതുകൊണ്ടാണ് ഡൊണാൾഡ് ട്രംപിന് വൈറ്റ് ഹൗസിൽ എത്താനായത്) മറച്ചു വയ്ക്കുവാനായിട്ടുണ്ട് എന്നതാണ് അഞ്ചാമത്തെ കാരണം.

ആൺ കരുത്തിന്റെ പ്രത്യക്ഷ ഭാവമായിട്ടാണ് അമേരിക്കക്കാർ മിക്കപ്പോഴും യുദ്ധത്തെ കാണുന്നത് (ജോർജ്ജ് ബുഷിന്റെ ഭരണകൂടത്തിലെ ഉന്നത അധികാരികൾ ലോകത്താകെ ആക്രമണം അഴിച്ചു വിടുന്നതിനുള്ള തങ്ങളുടെ ആഗ്രഹത്തെ വെളിപ്പെടുത്തുന്നതിനായി 'മുതിർന്ന കുട്ടികളുടെ കാലുറ അണിയുന്നു' എന്ന പദ പ്രയോഗത്തെയാണ് ഉദ്ധരിച്ചിരുന്നത്). എങ്കിലും നാമിപ്പോൾ ഒരു രാഷ്ട്രമെന്ന നിലയിൽ അമേരിക്ക തടഞ്ഞു നിർത്തുവാൻ ശ്രമകരമായ തകർച്ചയെ നേരിടുന്നതാണ് കാണുന്നത്. ആൾക്കൂട്ടത്തിനുനേരെ യാതൊരു പ്രകോപനവുമില്ലാതെ വെടിയുതിർക്കുന്ന സംഭവങ്ങൾ അമേരിക്കയിൽ വർദ്ധിച്ചുവരികയാണ്. വളരെ മോശമായ രീതിയിൽ കൈകാര്യം ചെയ്യപ്പെട്ട കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നിരവധിപേരുടെ ഒഴിവാക്കാമായിരുന്ന മരണത്തിന് കാരണമായിത്തീർന്നു. മയക്കുമരുന്നുകളുടെ അമിതമായ ഉപയോഗം മൂലമുള്ള മരണങ്ങളും വിമുക്തഭടന്മാരുടേത് ഉൾപ്പെടെയുള്ള ആത്മഹത്യകളും ചെറുപ്പക്കാർക്കിടയിലെ മാനസിക പ്രശ്നങ്ങളും പെരുകുകയാണ്.

ചുറ്റിലും ഇത്തരം തകർച്ചകളും കുഴപ്പങ്ങളും സംഭവിക്കുമ്പോഴും അമേരിക്കക്കാർ തങ്ങളുടെ രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും പ്രഹരശേഷിയുള്ള സൈന്യമാണ് ഇപ്പോൾ തങ്ങൾക്കുള്ളത് എന്ന മിഥ്യാധാരണയിൽ അഭിമാനിക്കുകയും ആശ്വാസം കണ്ടെത്തുകയുമാണ്.

യഥാർത്ഥത്തിൽ അമേരിക്കയ്ക്ക് ലോകത്താകെ നടക്കുന്ന യുദ്ധങ്ങളിൽ ഇടപെടേണ്ട യാതൊരു ആവശ്യവുമില്ല. യുദ്ധം ലാഭകരമാണെന്ന് ചിലർ (ഇതിൽ വ്യക്തികളും കോർപ്പറേറ്റുകളുമുണ്ട്) വച്ചുപുലർത്തുന്ന ചിന്ത ഉപേക്ഷിക്കുകയാണെങ്കിൽ അമേരിക്ക എല്ലാ യുദ്ധങ്ങളുടെയും ഭാഗമാകില്ല എന്നതും തീർച്ചയാണ്. മുകളിൽ ഞാൻ വിശദീകരിച്ചിട്ടുള്ള എന്റെ 5 ഉത്തരങ്ങളെ ഗൗരവമായി എടുക്കുകയാണെങ്കിൽ അമേരിക്കയ്ക്ക് കുറച്ചുകൂടി വിവേകപൂർണ്ണവും സമാധാനം നിറഞ്ഞതുമായ ഒരു മാർഗം സ്വീകരിക്കുവാനാകും. എന്നാൽ ലാഭം കൊയ്യുന്നവർ ശക്തരായി തുടരുന്ന ഇപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റമുണ്ടാകാതെ ഇത് യാഥാർഥ്യമാകുകയില്ല. ലാഭേച്ഛയോടെ യുദ്ധം ചെയ്യുന്നത് അവസാനിപ്പിച്ച് സേനാബലത്തെ, പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽ വ്യന്യസിച്ചിരിക്കുന്ന സൈന്യത്തെ, വെട്ടിച്ചുരുക്കുന്നതിന് അമേരിക്ക തയ്യാറാകുമോ എന്നതാണ് പ്രശ്നം.

# ട്രെയിഡ് യൂണിയൻ ഐക്യത്തിനുള്ള പോരാട്ടം

**1880കൾക്കു ശേഷം വിശിഷ്യ സാമ്രാജ്യത്വം ഉയർന്നുവന്നതിനെ തുടർന്ന് രാഷ്ട്രീയ രംഗത്തും ട്രേഡ് യൂണിയൻ രംഗത്തും ഒരേ പോലെ തൊഴിലാളിവർഗ്ഗത്തിന്റെ സംഘടനകളേയും സംയുക്ത പ്രക്ഷോഭത്തേയും ദുർബലപ്പെടുത്തുകയും, തകർക്കുകയും, ചൂഷണം ചെയ്യുന്നതും മുതലാളിമാരുടെ അടിസ്ഥാനസമീപനമായി മാറി. തൊഴിലാളികളുടെ കൂട്ടായ്മയെ ശിഥിലീകരിക്കുന്നതും, രാഷ്ട്രീയ കാറ്റഗറി, ലിംഗവ്യത്യാസം, മതം, വംശം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളിലും ഭിന്നിപ്പ് സൃഷ്ടിക്കാൻ ബൂർഷ്വാസിയും അവരുടെ ഏജന്റുമരും പ്രവർത്തിച്ചു.**






1919 മുതൽ 1926 ലെ ബ്രിട്ടനെ കുലുക്കിയ പൊതുപണിമുടക്ക് വരെ ഈ ഭിന്നിപ്പിക്കൽ പ്രക്രിയ ബൂർഷ്വാസികൾ തുടർന്നുവന്നു. ഈ കാലഅളവിൽ സാർവദേശീയമായി നാല് വ്യത്യസ്ത ട്രേഡ് യൂണിയൻ ഇന്റർനാഷണലുകൾ പ്രവർത്തിച്ചിരുന്നു. ഇതിനും പുറമേ ട്രേഡ് യൂണിയനുകളെ ഭിന്നിപ്പിക്കുന്നതിനായി പല നീക്കങ്ങളും നടന്നിരുന്നു. തൊഴിലാളി വർഗ്ഗം ഇങ്ങനെ ഒട്ടേറെ ഭിന്നിച്ചു നിന്ന ഘട്ടത്തിൽ തൊഴിലുടമ സംഘടനകൾ ഐക്യത്തോടെ ഒറ്റക്കെട്ടായി നിന്നിരുന്നു. ഇന്നത്തെപ്പോലെ അന്നും മുതലുടമാസംഘടനകൾ മതം, ലിംഗഭേദം ദേശീയത എന്നിവയെ അടിസ്ഥാനപ്പെടുത്തി വ്യത്യസ്ഥ സംഘടനകൾ രൂപീകരിച്ചിരുന്നില്ല. ഒരു വ്യവസായത്തിൽ അഥവാ ഒരു വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നവരെല്ലാം ഒരൊറ്റ സംഘടനയിൽ അണിനിരന്നിരുന്നു. അതേ സമയം വ്യത്യസ്ഥ സംഘടനകൾ രൂപീകരിക്കൽ തൊഴിലാളികളുടെ ഇടയിൽ വർദ്ധിച്ചുവന്നു. മുതലുടമകളുടെ ഏജന്റുമാരാണ് തൊഴിലാളികളിൽ ഈ ഭിന്നിപ്പിന്റെ പ്രവണത വർദ്ധിപ്പിച്ചിരുന്നത്. അതുപോലെ തന്നെ ഈ കാലഅളവിൽ സ്ത്രീകളെയും അവിദഗ്ദ്ധ തൊഴിലാളികളെയും സംഘടിപ്പിച്ചിരുന്നില്ല.

തൊഴിലാളി വർഗ്ഗത്തിനിടയിൽ ഉണ്ടായ ഭിന്നിപ്പ് സോഷ്യൽ ഡെമോക്രാറ്റുകളും കമ്മ്യൂണിസ്റ്റ്കാരും തമ്മിലായിരുന്നു. വലതുപക്ഷ സോഷ്യലിസ്റ്റുകൾ 2014 യുദ്ധകാലത്ത് നട



**എൻ.പത്മലോചനൻ**

ത്തിയ വഞ്ചനമൂലമായിരുന്നു ഈ ഭിന്നത ഉട
ലെടുത്തത്. റഷ്യൻ വിപ്ലവത്തെ അട്ടിമറിക്കാൻ
അവർ നടത്തിയ നീക്കവും, തൊഴിലാളികളുടെ
ദൈനംദിന ജീവിത താല്പര്യങ്ങൾ സംരക്ഷിക്കു
ന്നതിന് ശക്തമായ സമരങ്ങൾ നടന്നു. അവർ
തയ്യാറാകാതിരുന്നതും ഭിന്നിപ്പിന് കാരണ
മായി. ലോകരാഷ്ട്രീയരംഗത്ത് കമ്മ്യൂണിസ്റ്റ്
ഇന്റർനാഷണലും, രണ്ടാം ഇന്റർനാഷണലും
പ്രതിനിധാനം ചെയ്ത ഐതിഹാസികമായ
ഭിന്നിപ്പ് താഴെതട്ടിൽ ട്രെയിഡ് യൂണിയൻ അംഗ
ങ്ങളിൽ പ്രതിഫലിച്ചിരുന്നു.
തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ അണി
കളിലെ ശിഥിലീകരണ പട്ടികയിൽപ്പെട്ട ഒരു
പ്രധാനശക്തിയായിരുന്നു ക്രിസ്ത്യൻ അഥവാ
കത്തോലിക്കാ ട്രെയിഡ് യൂണിയൻ പ്രസ്ഥാ
നം. 1890 കളിൽ ഇതു രൂപം കൊള്ളാൻ തുടങ്ങി.
1920 കളിൽ ക്രിസ്ത്യൻ ട്രേഡ് യൂണിയനുകളുടെ
ഇന്റർ നാഷണലിൽ ഫെഡറേഷനിൽ 30
ലക്ഷം അംഗങ്ങൾ ഉണ്ടായിരുന്നു. ജർമ്മനി,
ഫ്രാൻസ്, ഇറ്റലി, ഹങ്കറി, ബൽജിയം, ചെക്കോ
സ്ലോവാക്യ, പോളണ്ട്, കാനഡ, മെക്സിക്കോ
തുടങ്ങിയ രാജ്യങ്ങളിലെ തൊഴിലാളികളെ
സംബന്ധിച്ചിടത്തോളം ഈ യൂണിയനുകൾ
ഒരു വഴിമുടക്കികളായിരുന്നു.
വർഗ്ഗപരമായ ഐക്യത്തിനു വിഘാതമായി
1900 നു ശേഷം വളർന്നുവന്ന മറ്റൊരുതരം
ട്രേഡ് യൂണിയൻ ദേശീയയൂണിയനുകൾ എന്ന്
വിളിക്കപ്പെടുന്നവ ആയിരുന്നു. അവിടെ ന്യൂന
പക്ഷവിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾ
പൊതുവായ തൊഴിലാളി വിഭാഗത്തിൽ ചേ
രുന്നതിനു പകരം പലപ്പോഴും അവരുടേതായ
ട്രെയിഡ് യൂണിയനുകൾ സംഘടിപ്പിക്കാൻ
ശ്രമിച്ചിരുന്നു. ആസ്ട്രിയ ചെക്കോസ്ലോവാക്യ,
പോളണ്ട്, ഹങ്കറി, ജർമ്മനി തുടങ്ങിയ പല
രാജ്യങ്ങളിലും ഈ ബൂർഷ്വാ ദേശീയവാദ പ്രവ
ണത ബാധിച്ചിരുന്നു. വംശീയ ട്രേഡ് യൂണിയൻ
വാദവും ലോകതൊഴിലാളി പ്രസ്ഥാനത്തിന്
കണക്കറ്റ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. യു
ദ്ധാനന്തര വർഷങ്ങളിൽ അമേരിക്കൻ നീഗ്രോ
തൊഴിലാളികൾക്കു അവരുടേതായ സംഘടന
രൂപീകരിച്ചിരുന്നു.
യഥാർത്ഥ യൂണിയനുകൾ രൂപീകരിക്കുന്നതു
തടയുന്നതിന് തൊഴിലുടമകൾ തന്നെ ട്രെയിഡ്
യൂണിയനുകൾ സംഘടിപ്പിക്കുന്നത് ട്രെയിഡ്
യൂണിയൻ ഐക്യത്തിന് കീറാമുട്ടി പ്രശ്നമായി
തീർന്നു. തൊഴിലുടമകൾ നേരിട്ട് ഭാരവാഹി
ത്വം വഹിക്കുന്ന സ്ഥിതി ട്രേയിഡ് യൂണിയൻ
രംഗത്തു വന്നു. 1886ൽ അമേരിക്കയിലാണ് ഈ
ജീർണ്ണിച്ച സമ്പ്രദായത്തിന് തുടക്കം കുറിച്ചത്.
ഒന്നാം ലോകയുദ്ധത്തിന്റെ അവസാനകാല
ത്ത് ഇത്തരം 250 കളോളം യൂണിയൻ ഉണ്ടായി
രുന്നു.
എന്നാൽ വിപുലമായ കമ്പനി യൂണിയൻ
സംവിധാനം ഉണ്ടായിരുന്നിട്ടും ഒന്നാം ലോക
യുദ്ധകാലത്ത് ഇറച്ചി പാക്കിങ്ങ്, ഉരുക്കുനിർ
മ്മാണം, ആക്രി വ്യാപാരം, ലോഹയന്ത്രങ്ങൾ
എന്നിങ്ങനെ ട്രസ്റ്റുകളാക്കപ്പെട്ട നിരവധി
വ്യവസായങ്ങളിൽ യൂണിയനുകൾ കെട്ടിപ്പടു
ക്കുന്നതിൽ തൊഴിലാളികൾ വിജയിക്കുകയു
ണ്ടായി. പിന്നെയും കുറെ കഴിഞ്ഞ്, 1930കളിലെ
സംഘടനാമുന്നേറ്റത്തിന്റെ കാലത്ത് അവയ്ക്ക്
ഒട്ടുമിക്കവാറും കമ്പനിയൂണിയനുകളെ വകവ
രുത്തുവാനും കഴിഞ്ഞു. കമ്പനി യൂണിയനുക
ളെ സാർവദേശീയ ട്രേഡ് യൂണിയൻ ഭാഷയിൽ
മഞ്ഞ യൂണിയനുകൾ എന്നാണ് അറിയപ്പെട്ടി
രുന്നത്. പിൽക്കാലത്ത് 'മുസ്സോളിനി'യുടെയും
'ഹിറ്റ്ലറു'ടെയും മറ്റ് ഫാസിസ്റ്റ് സ്വേച്ഛാധിപതി
കളുടെയും സംഘടനകളുടെയും മുൻഗാമികളാ
യിരുന്നു ഈ മഞ്ഞ സംഘടനകൾ.
1921 ൽ റഷ്യൻ ഇന്റർനാഷണൽ ലേബർയൂണി
യൻ (ആർ.ഐ.എൽ.യു) രൂപീകരിക്കപ്പെട്ടു.
അപ്പോൾ മുതൽ ട്രെയിഡ് യൂണിയൻ പ്രസ്ഥാ
നത്തിന്റെ ഐക്യത്തിനായുള്ള പ്രക്ഷോഭത്തി
ലും സംഘടനാപരമായും സജീവവും നിശ്ച
യദാർഢ്യത്തോടെയുള്ളതുമായ ക്യാംപയിൻ
ആരംഭിച്ചു. തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തെ
അടിസ്ഥാനപരമായി ഒരുമിപ്പിക്കുന്നതിനും
ശക്തിപ്പെടുത്തുന്നതിനുമായിരുന്നു വിവിധ
രാജ്യങ്ങളിലെ ആർഐഎൽയു വിഭാഗങ്ങൾ
അവിശ്രമം പ്രവർത്തിച്ചത്. അസംഖ്യം കാറ്റഗറി
യൂണിയനുകളെ ആധുനികരീതിയിലുള്ള വ്യാ
വസായിക യൂണിയനുകളായി യോജിപ്പിക്കു
ന്നതിനായി പൊരുതിയ യോധാക്കളായിരുന്നു
അവർ. മിക്കവാറും മുതലാളിത്ത രാജ്യങ്ങളിൽ
നിലനിന്നിരുന്നതുപോലുള്ള അരഢസനോ

ളം ട്രേഡു യൂണിയൻ കേന്ദ്രങ്ങൾക്കു പകരം ഒരു രാജ്യത്ത് ഒരൊറ്റ ദേശീയ കേന്ദ്രട്രേഡ് യൂണിയൻ കേന്ദ്രം സ്ഥാപിക്കുന്നതിന് അവർ തങ്ങളുടെ പരിപാടിയിൽ ഊന്നൽ നൽകി. ഈ ക്യാമ്പയിന്റെ സവിശേഷത സോഷ്യൽ ഡെമോക്രാറ്റുകൾ ഇതിനെ എല്ലാം എതിർത്തിരുന്നു എന്നതാണ്.

1920 കളിൽ അവസരവാദികൾ വ്യാപകമായി വർഗസഹകരണ നയത്തിൽ ചുരുങ്ങിക്കൂടാൻ നടത്തിയിരുന്ന നീക്കത്തെ അതിജീവിക്കുകയും പീഡിപ്പിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്തിരുന്നു. തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തെ പ്രത്യാക്രമണത്തിനായി തയ്യാറെടുപ്പിക്കുകയായിരുന്നു മുഖ്യതന്ത്രം.

പല രാജ്യങ്ങളിലും സോഷ്യലിസ്റ്റ് പാർട്ടികളിൽ ശക്തമായ ആധിപത്യം പുലർത്തിയിരുന്ന പിന്തിരിപ്പൻമാരുടെ നിയന്ത്രണത്തിലാകുമായിരുന്നുള്ളത് 1920 ൽ ”ലെനിൻ മുന്നോട്ടു വച്ച പ്രസിദ്ധമായ നിർദ്ദേശങ്ങളിൽ” തൊഴിലാളിവർഗ്ഗ രാഷ്ട്രീയ ഐക്യം ഉണ്ടായിരുന്നത് തൊഴിലാളി വർഗ്ഗത്തിന്റെ അവസരവാദി നേതൃത്വത്തേയും അതിന്റെ സംഘടനകളിൽ നിന്നും വർഗ്ഗസഹകരണ നയത്തെയും പാടെ തുടച്ചു മാറ്റിക്കൊണ്ട് മാത്രമേ സാധ്യമാവൂ എന്ന് വ്യക്തമാക്കിയിരുന്നു. എല്ലാപേരെയും ഉൾക്കൊള്ളുന്ന മെമ്പർഷിപ്പോടു കൂടി ട്രേയിഡ് യൂണിയനുകൾ എന്ന അടിസ്ഥാന ആവശ്യത്തിന്റെ കാഴ്ചപ്പാടിൽ പൊതുവായ ഒരു ട്രേയിഡ് യൂണിയൻ ഐക്യം സ്ഥാപിക്കുന്നത് സാധ്യവും അനുപേക്ഷണീയവുമെന്നായിരുന്നു കമ്മ്യൂണിസ്റ്റ്കാരുടെയും മറ്റ് ഇടതുപക്ഷ വിഭാഗങ്ങളുടേയും നിലപാട്. എന്നാൽ ഐക്യം ഫലപ്രദമാകുന്നത് വർഗ്ഗത്തിന്റേയും പൊരുതുന്ന നേതൃത്വത്തിന്റെയും അടിസ്ഥാനത്തിൽ ആകുമ്പോൾ മാത്രമായിരിക്കും.

1924 ജൂലൈയിൽ ചേർന്ന ആർഐഎൽയുവിന്റെ മൂന്നാം കോൺഗ്രസ് ലോക ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഏകീകരണത്തിനായുള്ള വിശാലമായ ഒരു പരിപാടിക്ക് രൂപം നൽകി. ആ നിർദ്ദേശം ഇപ്രകാരമായിരുന്നു. ” സാർവദേശീയ തൊഴിലാളി വർഗ പ്രസ്ഥാനത്തിനുള്ളിലെ പരിഷ്കരണവാദത്തിന്റെ എല്ലാ പ്രകടരൂപങ്ങൾക്കുമെതിരായി നിശ്ചയദാർഢ്യത്തോടുകൂടിയ പോരാട്ടം ഒരു നിമിഷം പോലും നിർത്തിവയ്ക്കാൻ ആകില്ല. പരിഷ്കരണവാദത്തിന്റെ വഞ്ചനാപരമായ ഉള്ളടക്കത്തെ നിർദാക്ഷിണ്യം തുറന്നു കാണിച്ചു കൊണ്ടും പോരാട്ടത്തിന്റെ ഗതിവേഗം കുറയ്ക്കുന്നതിനുള്ള സംവിധാനം എന്ന നിലയിൽ പരിഷ്കരണവാദം വഹിക്കുന്ന പങ്ക് ഇനിയും മനസ്സിലായിട്ടില്ലാത്ത എല്ലാ തൊഴിലാളികളോടും അക്ഷീണം വിശദീകരിച്ചുകൊണ്ടും തൊഴിലാളിവർഗ്ഗത്തിന്റെ സാന്ദ്രീകരണത്തിന്റെ താൽപ്പര്യ പ്രകാരവും മൂലധനത്തിന്റെയും ഫാസിസ്റ്റ് പിന്തിരിപ്പന്മാരുടെയും സാമ്പത്തികമായ കടന്നാക്രമണത്തിനെതിരായ തൊഴിലാളികളുടെ പോരാട്ടത്തിൽ സംയുക്ത നേതൃത്വം എന്ന താൽപ്പര്യപ്രകാരം സാർവദേശീയ തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ ഐക്യത്തിനനുകൂലമായി അധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ വ്യാപകമായ ക്യാപയിൻ വളർത്തിക്കൊണ്ടു വരേണ്ടത് മുഖ്യഘടകമായി മൂന്നാം കോൺഗ്രസ് പരിഗണിച്ചു.

എന്നാൽ യൂറോപ്പിലും മറ്റു സ്ഥലങ്ങളിലുമുള്ള തൊഴിലാളികളെ  ഭിന്നിപ്പിച്ചു നിർത്താനുള്ള അവസരവാദികളായ ട്രേഡ് യൂണിയൻ നേതാക്കളുടെയും രാഷ്ട്രീയ നേതാക്കളുടെയും നീക്കങ്ങൾ ഉണ്ടായിട്ടും  ആ രാജ്യങ്ങളിലെ തൊഴിലാളികൾ സംയുക്ത പ്രക്ഷോഭം നടത്താനുള്ള തീരുമാനത്തിൽ നിന്നും പിന്നോട്ട് പോയില്ല. രണ്ടാം ലോകമഹായുദ്ധം വരെയുള്ള തുടർന്നുള്ള വർഷങ്ങൾ അടയാളപ്പെടുത്തുന്നത് വർദ്ധിച്ചു വരുന്ന സമരവേലിയേറ്റങ്ങളാണ്.

**1920 ൽ “ലെനിൻ മുന്നോട്ടു വച്ച പ്രസിദ്ധമായ നിർദ്ദേശങ്ങളിൽ” തൊഴിലാളി വർഗ്ഗ രാഷ്ട്രീയ ഐക്യം ഉണ്ടായിരുന്നത് തൊഴിലാളി വർഗ്ഗത്തിന്റെ അവസരവാദി നേതൃത്വത്തേയും അതിന്റെ സംഘടനകളിൽ നിന്നും വർഗ്ഗസഹകരണ നയത്തെയും പാടെ തുടച്ചു മാറ്റിക്കൊണ്ട് മാത്രമേ സാധ്യമാവൂ എന്ന് വ്യക്തമാക്കിയിരുന്നു.**



# 42 ലക്ഷം കോവിഡ് മരണം ഇന്ത്യ പൂഴ്ത്തി

രണ്ടുവർഷത്തിനിടെ ലോകത്ത് ഒന്നരക്കോടിപ്പേർ കോവിഡിനിരയായതായി ലോകാരോഗ്യ സംഘടന. എന്നാൽ ലോകത്താകെ ഔദ്യോഗികമായി സ്ഥിരീകരിച്ചത് 60 ലക്ഷം മരണം മാത്രം. ഇന്ത്യയിലെ യഥാർഥ കോവിഡ് മരണസംഖ്യ കേന്ദ്രസർക്കാർ പുറത്തുവിട്ട കണക്കിന്റെ പത്തിരട്ടിയാണെന്നും ഡബ്ല്യുഎച്ച്ഒ ഡയറക്ടർ ജനറൽ ടെഡ്രോസ് അഥാനം ഗബ്രിയേസിസ് പുറത്തുവിട്ട റിപ്പോർട്ട് വെളിപ്പെടുത്തി. 2020 ജനുവരി ഒന്നുമുതൽ 2021 ഡിസംബർ 31 വരെ ഇന്ത്യയിൽ 47 ലക്ഷം പേർ കോവിഡിനിരയായെന്നാണ് റിപ്പോർട്ട്. എന്നാൽ ഇക്കാലയളവിൽ കോവിഡ് മരണം 4.81 ലക്ഷം മാത്രമെന്നാണ് കേന്ദ്രനിലപാട്. ബാക്കി 42 ലക്ഷം മരണം മറച്ചുവെച്ചു. 2022 മെയ് അഞ്ചുവരെ ഇന്ത്യയിൽ സ്ഥിരീകരിച്ചത് 5.24 ലക്ഷം കോവിഡ് മരണം മാത്രം. ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് കണക്കിലെടുത്താൽ ഏറ്റവും കൂടുതൽ കോവിഡ്മരണവും ഇന്ത്യയിലാണ്.



ലോകത്തെ കോവിഡ് മരണങ്ങളിൽ ഏതാണ്ട് മൂന്നിലൊന്നും റിപ്പോർട്ട് ചെയ്യാതെ മറച്ചുവച്ച മരണങ്ങളിൽ പകുതിയോളവും ഇന്ത്യയിലാണെന്ന ഗുരുതരവെളിപ്പെടുത്തലാണ് റിപ്പോർട്ടിലുള്ളത്. ഔദ്യോഗിക കണക്കിനേക്കാൾ ഏറ്റവും കൂടുതൽ മരണമുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ 9.9 മടങ്ങ്. ഒന്നാം സ്ഥാനത്ത് ഈജിപ്ത് 11.6 മടങ്ങ്, മൂന്നാമത് പാകിസ്ഥാൻ എട്ടുമടങ്ങ്.

കോവിഡ് വ്യാപനത്തിന് മുമ്പുള്ള വർഷങ്ങളേക്കാൾ എത്രയധികം മരണം സംഭവിച്ചു എന്ന കണക്ക് അടിസ്ഥാനമാക്കിയാണ് ലോകാരോഗ്യസംഘടനയുടെ വിലയിരുത്തൽ. 2020 നവംബറിൽ ഡബ്ല്യുഎച്ച്ഒയുടെ വേൾഡ് മോർട്ടാലിറ്റി ഡാറ്റാസെറ്റ് കോവിഡ് മരണങ്ങൾ സംബന്ധിച്ച വിവരം ചോദിച്ചപ്പോൾ 'ലഭ്യമല്ല' എന്ന മറുപടിയാണ് കേന്ദ്ര സർക്കാർ വൃത്തങ്ങൾ നൽകിയത്. കോവിഡ് സ്ഥിരീകരണം, രോഗികളുടെ പ്രായം, ലിംഗം, വാക്സിൻ എടുത്തവരാണോ തുടങ്ങിയ വിവരം പങ്കുവയ്ക്കുന്നതിൽ ഇന്ത്യ വിമുഖത കാണിക്കുന്നെന്നും റിപ്പോർട്ടിലുണ്ട്.

ഉത്തർപ്രദേശ്, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ മരണം രജിസ്റ്റർ ചെയ്യാൻ കൃത്യമായ സംവിധാനമില്ലാത്തതും ഗ്രാമീണമേഖലയിലെ പകുതിയിലധികം മരണം വീടുകളിൽ ത്തന്നെയായതും ഔദ്യോഗിക കണക്കിൽ കുറവുണ്ടാക്കിയിരിക്കാമെന്നും ചൂണ്ടിക്കാട്ടുന്നു.

സ്ത്രീകളുടെ മരണം രജിസ്റ്റർ ചെയ്യുന്നതിൽ വലിയ കുറവുണ്ടായി. രാജ്യത്ത് 70 ലക്ഷം പേരുടെ മരണകാരണം ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 30 ലക്ഷം മരണം രജിസ്റ്റർ ചെയ്തിട്ടുമില്ല.

ലോകാരോഗ്യസംഘടനയുടെ കോവിഡ് കണക്കുകൾ അംഗീകരിക്കുന്നില്ലെന്നും റിപ്പോർട്ട് തയ്യാറാക്കാൻ സ്വീകരിച്ച രീതിശാസ്ത്രവും പരിശോധിച്ച സാമ്പിളിന്റെ എണ്ണവും അംഗീകരിക്കാനാകില്ലെന്നും കേന്ദ്ര ആരോഗ്യമന്ത്രാലയം പ്രതികരിച്ചു.

# സംസ്ഥാനത്തെ മേയ് ദിന പരിപാടികൾ






















# കേരള ബസ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം



കേരള ബസ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം ഫെഡ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ ചേർന്നു. ആൾ ഇന്ത്യ റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി കെ.കെ.ദിവാകരൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് കെ.ഒ. ചാക്കോച്ചൻ അദ്ധ്യക്ഷനായി. ജനറൽ സെക്രട്ടറി എം.എസ്.സ്കറിയ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി കെ.എസ്.സുനിൽകുമാർ, സംസ്ഥാന വൈസ് പ്രസിഡന്റ് യു.പി.ജോസഫ് കേന്ദ്രവർക്കിംഗ് കമ്മിറ്റി അംഗം പി.കെ.ഷാജൻ എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു. പ്രവർത്തനറിപ്പോർട്ടിന്മേൽ ചർച്ചയ്ക്കുശേഷം റിപ്പോർട്ട് അംഗീകരിച്ചു.

വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കാൻ സ്വകാര്യബസ് വ്യവസായ പാക്കേജിന് രൂപം നൽകാൻ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

ഭാരവാഹികൾ : കെ.എസ്.സുനിൽകുമാർ (പ്രസിഡന്റ്), കെ.ഒ.ചാക്കോച്ചൻ, പി.ജെ.വർഗ്ഗീസ്, കെ.എം.ബാബു, കെ.കെ.നാരായണൻ, പി.പി.കുഞ്ഞൻ, എം.എസ്.സുരേഷ് ബാബു, അഡ്വ.പത്മകുമാർ, കെ.ബി.ഹരിദാസ് (വൈസ് പ്രസിഡന്റുമാർ) അഡ്വ.എം.എസ്.സ്കറിയ (ജനറൽ സെക്രട്ടറി), പി. നിഖിൽ (ട്രഷറർ) അഡ്വ.ഫിറോസ് ബാബു, കെ.കെ.കലേശൻ, ആർ.ഹരിദാസൻ നായർ, കെ.പി.സണ്ണി, പി.ഗിരികൃഷ്ണൻ, കെ.കെ.സുരേന്ദ്രൻ, എം.എസ്.മുരളി (സെക്രട്ടറിമാർ)



കെ.എസ്.സുനിൽകുമാർ (പ്രസിഡന്റ്)



എം.എസ്. സ്കറിയ (ജന.സെക്രട്ടറി)

# എച്ച്.എൻ.എൽ സംരക്ഷിക്കാൻ മനുഷ്യമതിൽ

ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (എച്ച്എൻഎൽ) സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്രസർക്കാർ നീക്കത്തിനെതിരെ പ്രതിഷേധ മനുഷ്യമതിൽ തീർത്ത് തൊഴിലാളികളും പൊതുജനങ്ങളും പങ്കാളികളായി. തിരുവനന്തപുരത്ത് ആക്കുളത്തെ എച്ച്എൻഎൽ സ്ഥാപനം മുതൽ ഉള്ളൂർ വരെ തീർത്ത മനുഷ്യമതിലിൽ ആയിരങ്ങൾ അണികളായി. ജീവൻ നൽകിയും എച്ച്എൻഎൽ നെ പൊതുമേഖലയിൽ നിർത്തുമെന്ന് ദൃഢപ്രതിജ്ഞയെടുത്തു. ഉള്ളൂർ ജംഗ്ഷനിൽ സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ആദ്യകണ്ണിയായി. സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെയും എച്ച്എൻഎൽ സംരക്ഷണ ജനകീയ സമിതിയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച മനുഷ്യമതിലിൽ തൊഴിലാളികളും കുടുംബാംഗങ്ങളും പ്രദേശവാസികളും വിവിധ രാഷ്ട്രീയപാർട്ടികളുടെ നേതാക്കളും പ്രവർത്തകരും പങ്കെടുത്തു. ബിജെപി ഒഴികെ രാഷ്ട്രീയപാർട്ടികളുടെയും ബിഎംഎസ് ഒഴികെയുള്ള തൊഴിലാളി സംഘടനകളുടെയും പ്രവർത്തകരാണ് തോളോട് തോൾ ചേർന്ന് പ്രതിഷേധിച്ചത്. മനുഷ്യമതിൽ തീർത്തശേഷം ഉള്ളൂർ ജംഗ്ഷനിൽ നടന്ന പൊതുയോഗം സ:ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. ഐഎൻറ്റിയുസി സംസ്ഥാന പ്രസിഡന്റ് ആർ.ചന്ദ്രശേഖരൻ, എഐറ്റിയുസി സംസ്ഥാന സെക്രട്ടറി കെ.പി.ശങ്കരദാസ് തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

# കേരള ഖാദി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം




ഖാദി വർക്കേഴ്സ് ഫെഡറേഷന്റെ സമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് സോണി കോമത്ത് അദ്ധ്യക്ഷയായി. പി.ചന്ദ്രമതി രക്തസാക്ഷിപ്രമേയവും, കെ.ധനഞ്ജയൻ അനുശോചന പ്രമേയവും അവതരിപ്പിച്ചു. സ്വാഗതസംഘം ചെയർമാൻ ടി.ആർ.രഘുനാഥൻ, സിഐടിയു ദേശീയ വർക്കിംഗ് കമ്മിറ്റി അംഗം എ.ബി.റസൽ, സിഐടിയു സംസ്ഥാന വൈ. പ്രസിഡന്റ് സുനിത കുര്യൻ, സിഐടിയു സംസ്ഥാനസെക്രട്ടറി, സി.എസ്.സുജാത, ജില്ലാപ്രസിഡന്റ് റജി സക്കറിയ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. ജനറൽ സെക്രട്ടറി സി.കൃഷ്ണൻ പ്രവർത്തന റിപ്പോർട്ടും ട്രഷറർ കെ.പി.രണദിവെ കണക്കും അവതരിപ്പിച്ചു. ഗ്രൂപ്പ് ചർച്ചയും പൊതുചർച്ചയ്ക്കും ശേഷം റിപ്പോർട്ടും കണക്കും സമ്മേളനം അംഗീകരിച്ചു. ഖാദിവ്യവസായ സെമിനാർ സ:സി.എസ്.സുജാത ഉദ്ഘാടനം ചെയ്തു. സംസ്ഥാന സമ്മേളനത്തെ ഖാദിബോർഡ് വൈസ്ചെയർമാൻ പി.ജയരാജൻ അഭിസംബോധന ചെയ്തു.

സമ്മേളനം പ്രസിഡന്റായി സോണി കോമത്തിനെയും ജനറൽ സെക്രട്ടറിയായി സി.കൃഷ്ണനെയും ട്രഷററായി കെ.പി.രണദിവെയെയും തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാർ : എൻ.പവിത്രൻ, കെ.ചന്ദ്രമതി, കെ.സത്യഭാമ, തുളസീധരൻ ഉണ്ണിത്താൻ

സെക്രട്ടറിമാർ : കെ.ധനഞ്ജയൻ, പി.കെ.രാജൻ, എസ്.കൃഷ്ണകുമാർ, ഗിരിജാമണി ബാലകൃഷ്ണൻ

പരമ്പരാഗത വ്യവസായമായ ഖാദിയെ നവീകരിച്ച് സംരക്ഷിക്കാൻ നടപടി ഉണ്ടാകണമെന്ന് സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ദേശീയതലത്തിൽ പരമ്പരാഗത ഖാദി നാമമാത്രമായി. ഇതിനു നൽകിയിരുന്ന പ്രത്യേക പദവിയും പരിഗണനയും യുപിഎ സർക്കാരിന്റെ കാലം മുതൽ ഘട്ടംഘട്ടമായി പിൻവലിക്കപ്പെട്ടു. പഞ്ഞിയുടെ സംഭരണ വിതരണ സംവിധാനം നരേന്ദ്രമോദി സർക്കാർ അട്ടിമറിച്ചു. കേന്ദ്രസർക്കാർ നിർത്തലാക്കിയ റിബേറ്റ് പുന:സ്ഥാപിച്ച് നൽകിവരുന്നത് കേരളത്തിൽ മാത്രമാണ്.

---



ഇന്ധന വില വർദ്ധനവിനെതിരെ എഫ്എസ്ടിഒ നേതൃത്വത്തിൽ ഏജീസ് ഓഫീസിന് മുന്നിൽ നടത്തിയ പ്രതിഷേധ ജ്വാല എൻജിഒ യൂണിയൻ സംസ്ഥാന പ്രസിഡന്റ് എം.വി.ശശിധരൻ ഉദ്ഘാടനം ചെയ്യുന്നു.

# മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സമ്മേളനം



കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ഫെഡറേഷൻ 12ാം സംസ്ഥാനസമ്മേളനത്തിൽ പൊതുസമ്മേളനത്തോടെ കോഴിക്കോട് വച്ച് നടന്നു. മുതലക്കുളത്ത് നടന്ന പൊതുസമ്മേളനം ഫിഷറീസ് വകുപ്പ് മന്ത്രി സജിചെറിയാൻ ഉദ്ഘാടനം ചെയ്തു. പ്രതിനിധി സമ്മേളനത്തിൽ ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കൂട്ടായി ബഷീർ പതാക ഉയർത്തി. പുല്ലുവിള സ്റ്റാൻലി രക്തസാക്ഷിപ്രമേയവും, ടി.മനോഹരൻ അനുശോചനപ്രമേയവും അവതരിപ്പിച്ചു.

പ്രതിനിധി സമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ജെ.മെഴ്സിക്കുട്ടിയമ്മ, സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.ശർമ്മ, സംസ്ഥാന സെക്രട്ടറി പി.പി.പ്രേമ, ജില്ലാസെക്രട്ടറി പി.കെ.മുകുന്ദൻ, ജില്ലാപ്രസിഡന്റ് മാമ്പറ്റ ശ്രീധരൻ, തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. സംസ്ഥാനജനറൽസെക്രട്ടറി പി.പി.ചിത്തരഞ്ജൻ എം.എൽ.എ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. പൊതുചർച്ചയ്ക്കുശേഷം റിപ്പോർട്ട് അംഗീകരിച്ചു.



കൂട്ടായി ബഷീർ പി.പി ചിത്തരഞ്ജൻ

കടലിനെ ചൂഷണം ചെയ്യാൻ ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ ആവിഷ്കരിച്ച നീലസമ്പദ്ഘടന ഉപേക്ഷിക്കണമെന്ന് കേരളസംസ്ഥാന മത്സ്യത്തൊഴിലാളി ഫെഡറേഷൻ സമ്മേളനം ആവശ്യപ്പെട്ടു. മൂന്ന് ദിവസങ്ങളിലായി ചേർന്ന സമ്മേളനത്തെ പൊതുമരാമത്ത് വകുപ്പ് മന്ത്രി ടി.എ.മുഹമ്മദ് റിയാസും അഭിസംബോധന ചെയ്തു.

ഫെഡറേഷന്റെ പ്രസിഡന്റായി സ:കൂട്ടായി ബഷീറിനെയും ജനറൽ സെക്രട്ടറിയായി പി.പി.ചിത്തരഞ്ജൻ എം.എൽ.എയെയും സമ്മേളനം തെരഞ്ഞെടുത്തു. ട്രഷറർ സി.പയസാണ്. 75 അംഗ സംസ്ഥാന കമ്മിറ്റിയെയും 225 അംഗ ജനറൽ കൗൺസിലിനെയും തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാർ : എസ്.നാഗപ്പൻ, കാറ്റാടി കുമാരൻ, അഡ്വ.യു.സൈനുദ്ദീൻ, സി.പി.കുഞ്ഞിരാമൻ, സി.രാജാദാസ്, ഐ.കെ.വിഷ്ണുദാസ്, പി.ഐ.ഹാരീസ്, ഭാസുരാദേവി, ഇ.കെന്നഡി, എ.അനിരുദ്ധൻ, കെ.ദാസൻ. സെക്രട്ടറിമാർ : ടി.മനോഹരൻ, കെ.കെ.രമേശൻ, കെ.സി.രാജീവ്, സി.ഷാംജി, എച്ച്.ബെയ്സിൽ ലാൽ, ആന്റണി ഷീലൻ, വി.വി.അനിത, അഡ്വ.പി.സന്തോഷ്, വി.കെ.മോഹൻദാസ്, ക്ലൈനസ് റോസാരിയോ.

## മത്സ്യത്തൊഴിലാളി ഫെഡറേഷൻ അഖിലേന്ത്യാ സമ്മേളനം



മത്സ്യത്തൊഴിലാളി ഫെഡറേഷൻ (എഐഎഫ്എഫ്ഡബ്ല്യുഎഫ്) അഖിലേന്ത്യാ സമ്മേളനം പശ്ചിമബംഗാളിലെ ഉലൂ ബേരിയ ആയിൽ നടന്നു. സിഐടിയു അഖിലേന്ത്യാ ജനറൽ സെക്രട്ടറി തപൻസെൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. സ:പുല്ലുവിള സ്റ്റാൻലി അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്തു. പ്രസിഡന്റായി ദേബാശിഷ് ബർമ (പശ്ചിമബംഗാൾ) തെരഞ്ഞെടുത്തു. കേരളത്തിൽ നിന്ന് സ:പി.പി.ചിത്തരഞ്ജനും, ടി.മനോഹരനും സെക്രട്ടറിയായും സഖാക്കൾ കൂട്ടായി ബഷീർ, എ.സഫറുള്ള എന്നിവർ വൈസ് പ്രസിഡന്റുമാരായും തെരഞ്ഞെടുക്കപ്പെട്ടു. സഖാക്കൾ കെ.സി.രാജീവ്, നിർമ്മലാ സെൽവരാജ്, കെ.കെ.കലേഷൻ, ഷാജഹാൻ വെട്ടുംപുറം, ക്ലൈനസ് റൊസാരിയോ, രാജുമോൻ എന്നിവർ കേരളത്തിൽ നിന്നുമുള്ള വർക്കിംഗ് കമ്മിറ്റി മെമ്പർമാരാണ്.

# കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷന് ഉജ്ജ്വല വിജയം



കെഎസ്ഇബി തൊഴിലാളികളുടെ ഹിതപരിശോധനയിൽ കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷന് ഉജ്ജ്വല വിജയം. കെഎസ്ഇബിയിലെ ഏകഅംഗീകൃത യൂണിയനായി വർക്കേഴ്സ് അസോസിയേഷൻ മാറി. 13634 വോട്ടോടെ (53.42%) ഒന്നാമതെത്തി. ഇതോടെ ഏകഅംഗീകൃത യൂണിയനായി (സോൾ ബാർഗെയിനിംഗ് ഏജന്റ്) മാറി. പോൾ ചെയ്ത വോട്ടിന്റെ 15% പോലും മറ്റൊരു സംഘടനയ്ക്കും ലഭിച്ചില്ല. ഏഴ് യൂണിയനുകളാണ് മത്സരിച്ചത്. കഴിഞ്ഞ തവണ 47.52% വോട്ടാണ് അസോസിയേഷൻ നേടിയത്. ചരിത്രത്തിൽ ആദ്യമായാണ് 50% ത്തിലധികം വോട്ട് ഒരു സംഘടനയ്ക്ക് ലഭിക്കുന്നത്. സിഐടിയുവിന് മാത്രമേ ഇനി ബോർഡ് യോഗങ്ങളിൽ പങ്കെടുക്കാൻ അവകാശം. വർക്കേഴ്സ് ഫെഡറേഷന് 14.93 ശതമാനവും യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ടിന് 14.87% ഉം ബിഎംഎസ് സംഘടനയ്ക്ക് 8.21% ഉം വർക്കേഴ്സ് യൂണിയന് 5.65% ഉം വോട്ടാണ് ലഭിച്ചത്. ആകെ 26,246 തൊഴിലാളികളിൽ 25,522 പേരാണ് വോട്ട് രേഖപ്പെടുത്തിയത്.

## സംസ്ഥാനത്തെ മേയ് ദിന പരിപാടികൾ










